മലങ്കരസഭ

THE MALANKARA SABHA

NOVEMBER 2020

MALAYALAM MONTHLY,
Vol-64, Issue-11_ ₹20



FAVOURS RECEIVED

നീതിമാന്റെ ഓർമ്മ വാഴ്വിനായിതീരട്ടെ



INSERTED BY

BENSON SKARIA & FAMILY - MUSCAT
BLESSON SKARIA & FAMILY - UK

MALIYIL PUTHEN VEEDU, KARACKAL PO, THIRUVALLA

204-ാം ഓർമ്മപെരുന്നാൾ

2020 നവംബർ 24



കോട്ടയം പഴയ സെമിനാരി സ്ഥാപകൻ
മലങ്കര സഭാജ്യോതിസ്

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I

മെത്രാപ്പോലീത്തായുടെ 204-ാം ഓർമ്മ.

കോവിഡ് മഹാമാരി നീങ്ങിപോകുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ആശംസകളോടെ..

CHUNGATH BIGSTORE
SUPER MARKET

J.J COMPLEX, ANJOOR ROAD
KUNNAMKULAM
PH. 9995103774, 9388017475
WWW.BIGSTOREINDIA.COM

PARUMALA HOSPITAL

HAPPY HEALING

ONE AIM THAT MOVES US.

ക്യാൻസർ ചികിത്സയിൽ

മികവിന്റെ 4 വർഷങ്ങൾ!

ക്യാൻസർ രോഗ നിർണ്ണയം, ചികിത്സ എന്നിവയിൽ ലോകോത്തര മികവോടെ പരുമല ആശുപത്രി 4 വർഷം പൂർത്തിയാക്കുന്നു. അനേകായിരം രോഗികളുടെ ജീവിതത്തിൽ പ്രതീക്ഷ പകർന്നു നൽകിയ പരുമല ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ

രണ്ട് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ കൂടി ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ഹെമറ്റോ ഓങ്കോളജി


ഗൈനക്ക് ഓങ്കോളജി

പരുമല ഓങ്കോളജി വിഭാഗം

- സർജിക്കൽ ഓങ്കോളജി
- റേഡിയേഷൻ ഓങ്കോളജി
- മെഡിക്കൽ ഓങ്കോളജി
- ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി
- പെറ്റ്-സി.റ്റി. സ്കാൻ & ഗാമ ക്യാമറ









AFFORDABLE HEALTH CARE WITH EXCELLENCE IN SERVICE 24 X 7

St. Gregorios Medical Mission Multi-Speciality Hospital


Parumala | Pathanamthitta | Kerala | Ph: 0479 - 2312266 | 2317000 | happyhealing@parumalahospital.com | www.parumalahospital.com

തീ പാറുന്ന മലകൾ കൊണ്ട് നിറഞ്ഞതാണ് തിരുവെഴുത്ത്.
ദൈവഹിതാനുസരണത്തിന്റെ ബലിക്കല്ല് കൂട്ടിയ മോറിയാ.
ഉൾക്കാഴ്ചയുടെ കത്തുന്ന മുൾപ്പടർപ്പുമായി ഹോറേബ്.
ഉടമ്പടിക്കുന്നിന്റെ ശോഭയോടെ സീനായ്.
നേരിന്റെ പർവ്വതം കർമ്മേൽ.


പിന്നെ,
മശിഹാചരിതമെത്തുമ്പോൾ
പരീക്ഷകന്റെ മേൽ തിരുവചനത്തിന്റെ കനൽ വീണപ്രലോഭന മല.
കപടതയുടെ മുഖപടങ്ങളെ ചുട്ടെരിച്ച ഗിരിപ്രഭാഷണം.
രൂപാന്തരത്തിന്റെ തേജസ്സുറ്റ താബോർ.
പ്രാർത്ഥനയുടെ നിണത്തുള്ളികൾ വീണ ഒലിവ്.
സഹനശിഖരമായിത്തീർന്ന കാൽവരി.

സത്യമായും,
നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും
കരേറേണ്ട നവ്യാനുഭവങ്ങളുടെ വൻമലകളിലേക്കാണ്
ഓരോ ആരാധനാവർഷാരംഭത്തിന്റെയും ക്ഷണം.
പ്രാർത്ഥനകളുടെ പരുമലയേറിയ
മലങ്കരയുടെ മഹാപരിശുദ്ധൻ
നമ്മെ ഓർമ്മപ്പെടുത്തുന്നതും
ബോധ്യവ്യാപാരത്തിന്റെ
ഈ ഉന്നതസ്ഥലികളെക്കുറിച്ചാണ്.

സഖേർ



മലങ്കരസഭ



മലങ്കരസഭ
മുഖചിത്രം
ഫാ. അലക്സ് തോമസ്
കല
അനക്, കൊച്ചി
സർക്കുലേഷൻ മാനേജർ
കെ.എ. ജോൺ
9744648607
അക്കൗണ്ട്
ബിജു വർക്കി
9947804477
ഗ്രാഫിക് ഡിസൈൻ
ബിന്റു കരിപ്പി
9947024980
Bank
S.B.I Devalokam, Account Name
& Number- Malankara Sabha
(57017053203)
IFSC Code - SBI N 0070820
Read online
www.malankarasabhaonline.com



മഹാപുരോഹിത സന്ദേശം

പ. സഭ പുതിയ ആരാധനാവർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന നാളുകളാണല്ലോ ഇത്. സഭയുടെ വിശുദ്ധീകരണത്തിലേക്ക് നയിക്കുന്ന കൂദാശ് ഈത്തോ പെരുന്നാൾ എല്ലാ അർത്ഥത്തിലും സൃഷ്ടി മുഴുവനെയും സഭാമക്കളുടെ വിശ്വാസ ജീവിതത്തെയും കുടുംബ ജീവിതത്തെയും വിമലീകരിക്കുന്നതിനും ദൈവസന്നിധിയിൽ പുനഃപ്രതിഷ്ഠിക്കുന്നതിനും മുഖാന്തിരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. കോവിഡ് എന്ന മഹാമാരി മൂലം ലോകം വലിയ പ്രതിസന്ധികളിൽ ആയിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ ദൈവത്തിങ്കലേക്ക് തിരിയുവാനും നമ്മുടെ വിശുദ്ധീകരണത്തിലൂടെ അവനെ പ്രസാദിപ്പിക്കുവാനും ദൈവകോപത്തിൽ നിന്ന് രക്ഷ നേടുവാനും ഈ നാളുകളിൽ നമുക്ക് നമ്മെത്തന്നെ ദൈവസന്നിധിയിൽ അനുതാപത്തോടെ സമർപ്പിക്കാം. വിശേഷിച്ച് മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ പെരുന്നാൾ സമാഗതമാകുന്ന ഈ വേളയിൽ ആ വിശുദ്ധന്റെ ജീവിതവും ദർശനങ്ങളും നമ്മുടെ ജീവിതത്തെയും ദൈവത്തോട് ചേർത്ത് നിർത്തുന്നതിനും ദൈവമക്കളായി വളരുന്നതിനും നമ്മെ സഹായിക്കട്ടെ. ഈ വർഷത്തെ പരുമല പെരുന്നാൾ സഭയ്ക്കുമുഴുവനും അനുഗ്രഹത്തിനും നന്മയ്ക്കും കാരണമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

മലങ്കര സഭ ഏക ശരീരമായി നിന്ന് തനിക്ക് ആരാധന കഴിക്കണമെന്ന ദൈവത്തിന്റെ ഹിതം നമുക്ക് വെളിപ്പെടുത്തുന്ന നിലയിൽ ഉണ്ടായതാണ് 2017 -ലെ സുപ്രീംകോടതി വിധി എന്ന ബോധ്യം നമുക്കുണ്ട്. എന്നാൽ ദൈവഹിതത്തിന് വിരുദ്ധമായും 2017-ലെ കോടതിവിധിയുടെ അന്തഃസത്തയ്ക്ക് നിരക്കാത്ത നിലയിലും ഭിന്നിപ്പിന്റെയും വിഘടനവാദത്തിന്റെയും സ്വരങ്ങൾ വീണ്ടും ചിലയിടങ്ങളിൽ നിന്നും ഉയർന്ന് കേൾക്കുന്നത് നമുക്ക് വേദനയും നിരാശയും ഉളവാക്കുന്നുണ്ട്. ഈ സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയം ശീർഷകത്വത്തിനും വേണ്ടി ഏറെ പീഡയേറ്റ് കണ്ണീരോടെ നമ്മെ നയിച്ച നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ സഹനങ്ങളെയും പ്രാർത്ഥനകളെയും മറന്നുകൊണ്ട് വ്യവഹാരങ്ങളിലേക്ക് വീണ്ടും പരിശുദ്ധ സഭയെ തള്ളിവിടുവാൻ തക്കവണ്ണമുള്ള നിലപാടുകൾ നാം ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല. 1934 -ലെ ഭരണഘടനയ്ക്ക് വിധേയമായും സുപ്രീംകോടതി വിധിക്ക് അനുസരണമായും മലങ്കരസഭയിൽ ശാശ്വത സമാധാനം കൈവരുത്തുവാനുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് നിങ്ങൾ ഓരോരുത്തരുടെയും പ്രാർത്ഥനയും പിന്തുണയും തുടർന്നും നമുക്കുണ്ടാകണം എന്ന് നാം ആവശ്യപ്പെടുന്നു.

മലങ്കര സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും അവിടെ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ കബറിടങ്ങളുടെ നവീകരണവും ദൈവകൃപയാൽ അനുഗ്രഹകരമായി പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ദേവലോകം അരമന കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാൾ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ കാതോലിക്കാ സ്ഥാനാരോഹണ നവതി സ്മാരകമായി നവീകരിച്ച് പ്രതിഷ്ഠിക്കുന്നതിനുള്ള ക്രമീകരണങ്ങളും പൂർത്തിയായി വരുന്നു. ഏവരുടെയും സാന്നിധ്യത്തിലും സഹകരണത്തിലും ഇവയുടെ കൂദാശ നടത്തണമെന്ന് നമുക്ക് ഏറെ ആഗ്രഹമുണ്ടെങ്കിലും കോവിഡ് നിയന്ത്രണം നിലനിൽക്കുന്നതിനാൽ ആയതിന് സാധിക്കുന്നില്ല. 2020 ഒക്ടോബർ മാസം 31-ാം തീയതി ശനിയാഴ്ച രാവിലെ വിശുദ്ധ കുർബ്ബാനയോടു കൂടി നടത്തപ്പെടുന്ന കൂദാശയിൽ നിങ്ങൾക്കേവർക്കും ഓൺലൈനായി സംബന്ധിക്കുവാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യങ്ങളിൽ നിങ്ങൾ ഏവരും ഈ ക്രമീകരണങ്ങളോട് സഹകരിക്കണമെന്നും കൂദാശയുടെ അനുഗ്രഹകരമായ പൂർത്തീകരണത്തിനായി പ്രാർത്ഥിക്കണമെന്നും അനുകൂല സാഹചര്യം ഒരുങ്ങുമ്പോൾ ദേവലോകം അരമന ചാപ്പലും പരിശുദ്ധ പിതാക്കന്മാരുടെ കബറിടങ്ങളും സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കണമെന്നും നാം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

(22.10.2020-ൽ നടന്ന സഭാ മാനേജിംഗ് കമ്മറ്റിയിൽ പ. ബാവാ തിരുമേനി നടത്തിയ പ്രസംഗത്തിൽ നിന്നും)





ദേവലോകം ചാപ്പലിന്റെ പുനഃപ്രതിഷ്ഠ

സഭ ദൈവമാതാവിനു നൽകുന്ന തങ്കക്കിരീടം

കെ.വി. മാമ്മൻ

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയുടെ ഉന്നതവും പരിപാവനവുമായ പാരമ്പര്യത്തിനും സഭാധ്യക്ഷന്മാരുടെ ആധ്യാത്മികമായ നിലയ്ക്കും അന്തസ്സിനും നിരക്കുന്ന വിധത്തിൽ ദേവലോകം അരമനയുടെയും അത്യന്താധുനിക സൗകര്യങ്ങൾ ഉള്ള ഓഫീസുകളുടെയും നിർമ്മാണം പൂർത്തിയാക്കിയത് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പരിപാലനയുടെ 10 വർഷങ്ങളിലെ പൊൻ തൂവൽ കൂടിയാണ്.

പണ്ട് പാഴും ശൂന്യമായി കിടന്ന ദേവലോകം കുന്ന് ഇന്നു അക്ഷരാർത്ഥത്തിൽ സ്വർഗ്ഗത്തിന്റെ ഒരു പ്രതിച്ഛായയായിത്തീർന്നിരിക്കുന്നു എന്നു പറയുന്നതിൽ വർദ്ധിച്ച സന്തോഷമുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ "സ്വർഗ്ഗീയ നഗരത്തിനു" ചേരുന്ന ഒരു ചാപ്പൽ ആവശ്യമാകയാൽ 70 വർഷം മുമ്പു സ്ഥാപിച്ച ചാപ്പൽ കാലാനുസൃതം മിനുക്കി മനോഹരമാക്കിയത് അഭിനന്ദനീയം തന്നെ. അതിന്റെ പുനഃപ്രതിഷ്ഠ അല്ലെങ്കിൽ ശുദ്ധീകരണം ഈ ഒക്ടോബർ 31 ന് സമുചിതമായി നിർവഹിക്കുന്നതു സഭയെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ കാര്യമല്ല.

സഭാധ്യക്ഷന്മാരുടെ ആസ്ഥാനത്തുള്ള ചാപ്പലുകൾ അവിടത്തെ ആത്മീയ പ്രഭാവലയത്തിന്റെ പ്രതീകവും ദൈവിക പ്രേരണകളുടെ പ്രഭവ സ്ഥാനവും ആണല്ലോ. അത്തരം ചാപ്പലുകളിൽ കയറി ഒന്നു പ്രാർത്ഥിച്ചാൽ ലഭിക്കുന്ന ആത്മീയ പ്രകർഷത്തിന് ഒരു പ്രത്യേക ആനന്ദം തന്നെ ഉണ്ടാവുന്നത് സ്വാഭാവികവുമാണ്.

മലങ്കരസഭയുടെ ആദ്യത്തെ ഭരണസിരാകേന്ദ്രവും മലങ്കര മെത്രാപ്പോലീത്താ കൂടിയായ പ. കാതോലിക്കാ ബാവായുടെ ആസ്ഥാനവും ആയിരുന്ന ചരിത്ര പ്രസിദ്ധമായ പഴയ സെമിനാരി ഉദ്ധതന്മാരായ ചില കുതന്ത്ര ശാലികളുടെ ദുഷ് ചെയ്തികൾ മൂലം സഭയ്ക്കു നഷ്ടപ്പെട്ടു പോകുമോ എന്ന സംശയത്തിൽ 75 വർഷം മുമ്പു ദൂരവീക്ഷണമുള്ള ബുദ്ധിശാലികളായ ചിലർ സഭാധ്യക്ഷനുവേണ്ടി മറ്റൊരു സ്ഥലം വാങ്ങി. അങ്ങനെയാണു ഏക്കർ വരുന്ന അതിമനോഹരമായ ഇന്നത്തെ ദേവലോകം കുന്നു ഒന്നരലക്ഷം രൂപയ്ക്കു വാങ്ങാൻ ഇടയായത്. കുബുദ്ധികളുടെ നീക്കം ഉർവ്വശീശാപം ഉപകാരമെന്ന് പറയുന്നതുപോലെ ആയി. ഇന്നു സ്വർണ്ണക്കട്ടികളെക്കാൾ വിലയുള്ള സ്ഥലമാണു ദേവലോകം.

ആ സ്ഥലത്തുണ്ടായിരുന്ന ഒരു പഴയ കെട്ടിടത്തിലായിരുന്നു ഭാഗ്യസ്മരണാർഹനായിരുന്ന പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ തിരുമേനി ആദ്യം താമസിച്ചത്. പ. ബാവായുടെ ഭാഷയിൽ പറഞ്ഞാൽ തികഞ്ഞ സഭാ സ്നേഹികൾ തെണ്ടിപ്പിരിച്ചുണ്ടാക്കിയ പണം കൊണ്ടാണു ദേവലോകം വാങ്ങിയത്. കിടക്കാൻ അവിടെ ചെറിയ ഒരു അരമനയും വി.







ദൈവനിയോഗത്തിന്റെ പൂർത്തീകരണം

ഫാ. എം. കെ. കുര്യൻ (മാനേജർ, ദേവലോകം അരമന)

കുർബ്ബാന അർപ്പിക്കാൻ ഒരു ചെറിയ ചാപ്പലും ഈ സ്ഥലത്തുണ്ടാകണം. അവിടെ കിടന്നു മരിക്കണമെന്നാണു ആഗ്രഹം എന്നും ബാവാ തിരുമേനി കൂടെക്കൂടെ പറഞ്ഞുകൊണ്ടിരുന്നു. സ്ഥലം പോലും വാങ്ങാൻ കാശില്ലാത്തവർ എങ്ങനെ കെട്ടിടം പണിയും. എന്നാൽ ബാവാ തിരുമേനിയുടെ ആഗ്രഹം സംബന്ധിച്ച പ്രാർത്ഥനാഭ്യർത്ഥനയിൽ ദൈവം കൈയ്യൊപ്പിട്ടപ്പോൾ ചാപ്പലും അരമനയും പാൽ കടലിൽ നിന്നു അമൃത് പൊങ്ങി വന്നതുപോലെ വന്നു എന്നു പറയുന്നതാവും ഏറെ ശരി. ചാപ്പൽ നിർമ്മാണത്തിനു മുമ്പ് സഭയിലെ ശതക്കണക്കിനു സൗമ്യതയുള്ള വനിതകൾ പണം നൽകിയെന്ന വസ്തുത രോമാഞ്ചദായകമാണ്.

വലിയ സഭാ സ്നേഹിയായി രുന്ന കോലഞ്ചേരി എം. ചാക്കോപ്പിള്ളയാണു കുറഞ്ഞ സമയം കൊണ്ടു അരമനയുടെ ആദ്യത്തെ നില ബലിഷ്ഠമായി നിർമ്മിച്ചതെന്ന് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ചാക്കോപിള്ള എത്ര രൂപ ചെലവാക്കി എന്ന് അദ്ദേഹത്തിനും അറിഞ്ഞു കൂടാ. അദ്ദേഹത്തിന്റെ ഉത്സാഹവും സന്തോഷവും ദൃക്സാക്ഷികളായ ഞങ്ങൾക്കാർക്കും അളന്നു തിട്ടപ്പെടുത്തുവാൻ സാധിച്ചില്ല. എഴുപതു വർഷം കഴിഞ്ഞു എങ്കിലും എല്ലാം ഇന്നലെ നടന്നതുപോലെ കൺമുമ്പിലുണ്ട്.

പൗരസ്ത്യ കാതോലിക്കേറ്റിന്റെ ആസ്ഥാന ചാപ്പൽ പ്രൗഢവും കുലീനവുമായി കാലോചിതമായ നവീകരണം സാധ്യമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ഏവരുടെയും നിസ്വാർത്ഥമായ പരിശ്രമങ്ങൾ ഏറ്റവും ശ്ലാഘനീയമാണ്.


മലങ്കരസഭാ വ്യവഹാരങ്ങളുടെ നടുവിൽ പരിശുദ്ധാത്മ നടത്തിപ്പിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാതിരുമനസ്സിന്റെ ദീർഘവീക്ഷണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും, ദൈവഭക്തരും സഭാ സ്നേഹികളുമായ അത്മായ നേതൃത്വത്തിന്റെയും ഒത്തൊരുമിച്ചുള്ള പ്രവർത്തന ഫലമായിരുന്നു ദേവലോകം അരമനയും അനുബന്ധ സ്ഥലങ്ങളും. അര നൂറ്റാണ്ടിനു മുമ്പ് നിർമ്മിച്ച അരമന ചാപ്പൽ, പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിമാരുടെ കബറിടങ്ങൾ എന്നിവ ആധുനിക രീതിയിൽ, എന്നാൽ പൗരാണികത ഒട്ടും ചോർന്നുപോകാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലൂടെ സാധ്യമായിരിക്കുന്നു. ദേവലോകം അരമന ചാപ്പലിൽ സൂക്ഷിച്ചിരുന്ന നമ്മുടെ കർത്താവിന്റെ പരിശുദ്ധ സ്ലീബായുടെ അംശം, വിശുദ്ധ മാർത്തോമ്മാ ശ്ലീഹാ, വിശുദ്ധ ഗീവർഗീസ് സഹദാ, കുറിയാക്കോസ് സഹദാ, കൗമാ സഹദാ, അലക്സാന്ത്രിയായിലെ വിശുദ്ധ അത്താനാസിയോസ്, വലിയ മാർ ബസേലിയോസ്, ജോൺ ക്രിസോസ്റ്റം, പരുമല മാർ ഗ്രിഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് എന്നീ പിതാക്കന്മാരുടെ തിരുശേഷിപ്പുകൾ കബർമുറിയിൽ പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന പേടകത്തിൽ പുനഃപ്രതിഷ്ഠിച്ചു. ഒക്ടോബർ 30, 31 തീയതികളിൽ നടന്ന കൂദാശകൾക്ക് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിച്ചു. മെത്രാപ്പോലീത്തമാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നിവർ സഹകാർമ്മികരായി.

സഭാദ്ധ്യക്ഷനായ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ (അദ്ധ്യക്ഷൻ), ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ (കൺവീനർ), ഫാ. എം.കെ. കുര്യൻ (മാനേജർ, കാതോലിക്കേറ്റ്അരമന), ഫാ. തോമസ് പി. സഖറിയ (പ. ബാവാ തിരുമേനിയുടെ പ്രിൻസിപ്പൽ സെക്രട്ടറി), അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി), റ്റി. ജോൺ മത്തായി (സീനിയർ ഡെപ്യൂട്ടി സെക്രട്ടറി), സാജൻ ജോർജ്ജ് ഉഷസിൽ (മാനേജിംഗ് കമ്മറ്റി അംഗം എന്നിവരുൾപ്പെട്ട ഉന്നതസമിതിയാണ് പരിശുദ്ധ സഭയ്ക്കു വേണ്ടി നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചത്.



ഊർശ്ലേം യാത്രാ വിവരണം 125 വർഷം തികയുന്നു

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



പരിശുദ്ധ പരുമല തിരുമേനി 1895-ൽ എഴുതിയ ഊർശ്ലേം യാത്രാ വിവരണം അച്ചടിച്ചിട്ട് 125 വർഷം തികയുന്നു. മലയാളത്തിൽ അച്ചടിച്ച ആദ്യ യാത്രാ വിവരണം എന്ന നിലയിൽ മലയാള സാഹിത്യത്തിൽ ഇത് അംഗീകാരം നേടി. തിരുവല്ലായ്ക്കു സമീപമുള്ള പരുമലയിൽ നിന്നും ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരു തീർത്ഥയാത്രാ സംഘം വിശുദ്ധ നഗരമായ ഊർശ്ലേമിലേക്ക് 1895 ജനുവരി 28 ന് തിങ്കളാഴ്ച പുറപ്പെട്ട് 1895 മെയ് 13 -ന് ബോംബെയിൽ തിരിച്ചെത്തിയതു വരെയുള്ള ദീർഘമായ യാത്രയുടെ അനുഭവങ്ങൾ ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് ഊർശ്ലേം യാത്രാവിവരണം.

പരുമല മാർ ഗ്രിഗോറിയോസിനോടൊപ്പം ഊർശ്ലേമിലേക്കുള്ള യാത്രാ സംഘത്തിൽ പൗലോസ് റമ്പാൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, തെക്കൻപറവൂർ തോപ്പിൽ ലൂക്കോസ് കോറി, തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാർ, കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസ് കത്തനാർ, ശീമക്കാരൻ സ്ലീബാ ശെമ്മാശൻ, പരുമല തോപ്പിൽ ഫീലിപ്പോസ് എന്നിവരായിരുന്നു യാത്രാസംഘത്തിലുണ്ടായിരുന്നത്. ക്രൈസ്തവരുടെ പുണ്യഭൂമിയായ ഊർശ്ലേം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയായിരുന്നു ലക്ഷ്യം.

ഊർശ്ലേം യാത്ര കഴിഞ്ഞ് ജൂണിൽ തിരിച്ചെത്തിയ ഉടൻ തന്നെ പരുമല മാർ ഗ്രിഗോറിയോസ് യാത്രാവിവരണം എഴുതിത്തീർത്തു. ഏതാണ്ട് ഒരു മാസം കൊണ്ട് ഇതിന്റെ രചന പൂർത്തിയാക്കി. 1895 ജൂലൈ ലക്കം 'ഇടവക പത്രിക'യിൽ ഊർശ്ലേം യാത്രാവിവരണം പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് പരസ്യം ചെയ്തിട്ടുണ്ട്. തുടർന്ന് രണ്ട് മാസത്തിനുള്ളിൽ പ്രിന്റ് ചെയ്ത 1000 കോപ്പികൾ തീർന്നു. പരുമല മാർ ഗ്രിഗോറിയോസ് ഊർശ്ലേമിലേക്ക് നടത്തിയ യാത്രയ്ക്ക് അഞ്ച് ഘട്ടങ്ങൾ ഉണ്ടായിരുന്നു.

1. പരുമലയിൽനിന്നും ബോംബെയിലേക്ക്

1895 ജനുവരി 27 നു ഞായറാഴ്ച പരുമല പള്ളി താൽക്കാലിക കൂദാശ ചെയ്തു. പിറ്റേ ദിവസം 28 നു തിങ്കളാഴ്ച പരുമലയിൽ നിന്നും ഊർശ്ലേമിലേക്ക് ജലമാർഗ്ഗം യാത്ര തിരിച്ചു. ഫെബ്രുവരി 7 നു വ്യാഴാഴ്ച മുളന്തുരുത്തിയിലും 16 നു ശനിയാഴ്ച കൊച്ചിയിലും എത്തി. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും സമാഹരിച്ച കാഴ്ചകളും വഴിപാടും പരുമല തിരുമേനിയും യാത്രാസംഘവും ഈ ഭാഗങ്ങളിൽ നിന്നും നേരിട്ട് സ്വീകരിച്ചു. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമന്റെ അനുഗ്രഹങ്ങളും വാങ്ങി ലെവക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും ബോംബെയ്ക്ക് തിരിച്ചു. മദ്രാസിലെ ആർക്കോണത്ത് എത്തി. അവിടെ നിന്നുമാണ് ബോംബെയ്ക്കുള്ള ട്രെയിനിൽ കയറുന്നത്. ട്രെയിൻ യാത്രയെക്കുറിച്ച് പരുമല തിരുമേനി: 'ബോംബെ വണ്ടി മദ്രാസ് വണ്ടിയെക്കാൾ വേഗത കൂടുന്നതും അടുത്തടുത്ത് സ്റ്റേഷനില്ലാത്തതിനാൽ ഇടയ്ക്ക് അധികം താമസം ഇല്ലാത്തതും മുറികൾ വിസ്താരം ഉള്ളതും ആകുന്നു' എന്നു പറയുന്നു.

2. ബോംബെയിൽ നിന്നും യോപ്പയിലേക്ക്

പരുമല തിരുമേനിയും യാത്രാസംഘവും ബോംബെയിൽ നിന്നും യാത്രതിരിക്കുവാൻ വളരെ താമസം നേരിട്ടു. 1895 മാർച്ച് 5 ന് ചൊവ്വാഴ്ച ബോംബെയിൽ എത്തിയെങ്കിലും യാത്ര തിരിക്കുന്നത് 20 നാണ്. ബോംബെയിൽ 18 ദിവസം ചെലവിട്ടു. കപ്പലിൽ 18 ദിവസത്തെ യാത്ര ഉണ്ടായിരുന്നു യോപ്പയിലേക്ക്.

3. വിശുദ്ധ നാട്ടിൽ

1895 ഏപ്രിൽ 7 ഊശാനാ ഞായറാഴ്ച പകൽ 11 മണിക്കാണ് കപ്പൽ യോപ്പാ തുറമുഖത്ത് എത്തിച്ചേരുന്നത്. ഊർശ്ലേമിൽ എത്തുമ്പോൾ കൃത്യം അഞ്ചുമണി. യേശുവിന്റെ കാൽപ്പാടുകൾ പതിഞ്ഞ പുണ്യസ്ഥലങ്ങൾ എല്ലാം സന്ദർശിക്കുന്നതിനായി 18 ദിവസം എടുത്തു. തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാർക്ക് ഏപ്രിൽ 13 ന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. ഏപ്രിൽ 22 നു തിരികെ യോപ്പയിൽ എത്തി. ഈജിപ്തായ (കോപ്റ്റിക്) ദയറായിൽ മൂന്നു ദിവസം താമസിച്ചു.

4. വിശുദ്ധ നാട്ടിൽ നിന്നും ബോംബെയിലേക്ക്

1895 ഏപ്രിൽ 25 ന് വ്യാഴം പരുമല തിരുമേനിയും യാത്രാസംഘവും യോപ്പയിൽ നിന്നും കപ്പൽ കയറി. 'മുമ്പിൽ പോയ ഒരു കപ്പൽ സൂയസ്സ് തോട്ടിൽ ഉറച്ചിരുന്നതിനാൽ' പരുമല തിരുമേനിയും സംഘവും യാത്ര ചെയ്ത കപ്പൽ തോടിന്റെ ഒരു ഭാഗത്തു കിടക്കേണ്ടി വന്നു. മെയ് 13 ന് തിങ്കളാഴ്ച രാവിലെ 10 മണിയോടുകൂടി ബോംബെയിലിറങ്ങി.

5. ബോംബെ – ഷൊർണ്ണൂർ വഴി പരുമലയിൽ

ബോംബെയിൽ നിന്നും ട്രെയിൻമാർഗ്ഗം മെയ് 17 ന് വെള്ളിയാഴ്ച ഷൊർണ്ണൂരിലെത്തി. അവിടെ നിന്നും പഴഞ്ഞി പള്ളിയിൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ വന്നിട്ടുണ്ടെന്ന് അറിഞ്ഞ് നേരിട്ട് അങ്ങോട്ടുപോയി. അന്യോന്യം ആലിംഗനം ചെയ്തശേഷം ഊർശ്ലേം സന്ദർശനാനുഭവങ്ങൾ പങ്കിട്ടു. പിന്നീട് ചാവക്കാട്, വടക്കൻപറവൂർ വഴി കൊച്ചിയിൽ എത്തി. സ്വദേശമായ മുളന്തുരുത്തി, കണ്ടനാട് പള്ളികൾ സന്ദർശിച്ചു. പരുമല തിരുമേനിക്ക് എല്ലായിടവും രാജോചിത സ്വീകരണങ്ങൾ ലഭിച്ചു.

മുളന്തുരുത്തിയിൽ നിന്നും ജൂൺ 4 ന് കോട്ടയം കുമരകം പള്ളിയിൽ എത്തി. കുമരകത്തു നിന്നും ജലമാർഗ്ഗം താഴത്തങ്ങാടിയിലേക്ക് എതിരേറ്റു. പിന്നീട് 'കനകപ്പല്ലക്കിൽ' പട്ടണം ചുറ്റി ആഘോഷമായി പഴയസെമിനാരിയിലേക്ക് ആനയിച്ചു. അവിടെ മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസിയോസ് അഞ്ചാമനും സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും സ്വീകരിച്ചു. അനന്തരം ജൂൺ 6 ന് നിരണത്തു വലിയ സ്വീകരണം ഏറ്റുവാങ്ങി, പരുമലയിൽ എത്തിച്ചേർന്നു. പരുമലയിൽ നിന്നും ഊർശ്ലേമിൽ പോയി തിരികെ പരുമലയിൽ എത്തിയപ്പോൾ യാത്രയുടെ ദൈർഘ്യം 130 ദിവസം. 1895 ജനുവരി 28 തിങ്കളാഴ്ച പരുമലയിൽ നിന്നും യാത്ര തിരിച്ച പരുമല തിരുമേനി ഊർശ്ലേം സന്ദർശിച്ച് തിരിച്ചെത്തുന്നത് ജൂൺ 6 ന് ആണ്. ഏകദേശം നാലര മാസം യാത്ര നീണ്ടുനിന്നു.

ഊർശ്ലേം യാത്രയെക്കുറിച്ച് പരുമല തിരുമേനി: 'മലയാളത്തുകാരാൽ അസാധാരണമായി വിചാരിക്കപ്പെടുന്ന ഒരു പരദേശ യാത്ര യാതൊരു സുഖക്കേടും കൂടാതെ ലളിതമാക്കിത്തന്ന സർവ്വശക്തനെ ഈ അവസരത്തിൽ നാം വീണ്ടും അഭിനന്ദിക്കുന്നു. തന്റെ കൃപ എന്നുമെന്നേക്കും നമ്മുടെ മേലും നമ്മുടെ എല്ലാ ജനങ്ങളുടെമേലും ഉണ്ടാകട്ടെ. വിശുദ്ധ സ്ഥലങ്ങളിൽ നിന്നുള്ള വാഴ്വുകളും നമ്മുടെ ജനങ്ങളുടെ മേൽ ഉണ്ടാകട്ടെ. ആമ്മീൻ.'

വിശുദ്ധ ബൈബിളിലെ പ്രധാന സംഭവങ്ങൾ നടന്ന സ്ഥലം, പഴയനിയമ രാജാക്കന്മാരുടെ രാജധാനി, യേശുവിന്റെ പാദസ്പർശനം ഏറ്റ പുണ്യഭൂമിയായ ഊർശ്ലേം പട്ടണം, യേശുവിനെ അടക്കിയിരുന്ന കല്ലറ തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന ആഗ്രഹമാണ് ആത്യന്തികമായി വിശുദ്ധ നാട്ടിലേക്ക് പോകുവാൻ പരുമല തിരുമേനിയെ പ്രേരിപ്പിച്ചത്.

ഊർശ്ലേമിലെ ഗീവർഗീസ് മാർ ഗ്രിഗോറിയോസിന്റെ കണക്കുപ്രകാരം 1895 -ൽ കഷ്ടാനുഭവ ആഴ്ചയിൽ ഊർശ്ലേമിൽ എത്തത്തക്കവിധമാണ് യാത്ര ക്രമീകരിച്ചത്. ഊർശ്ലേം യാത്രാവിവരം കേരളത്തിലെ പള്ളികളിൽ അറിയിക്കുകയും മൂന്നുമാസത്തിനുള്ളിൽ അയ്യായിരത്തിൽപരം രൂപ സമാഹരിക്കുകയും ചെയ്തു.

പരുമല, മുളന്തുരുത്തി വഴി കൊച്ചിയിൽ എത്തി. അവിടെ നിന്നും ബോംബെയിലും. പിന്നീട് കപ്പൽമാർഗ്ഗം യോപ്പാ വഴി ഊർശ്ലേമിലും എത്തിച്ചേർന്നു. കഷ്ടാനുഭവ ആഴ്ച വിശുദ്ധ നഗരത്തിൽ ചെലവഴിച്ചു. പിന്നീട് ഊർശ്ലേമിൽ നിന്നും ബോംബെയ്ക്കു തിരിച്ചു. ബോംബെയിൽ നിന്നും ട്രെയിൻ മാർഗ്ഗം ഷൊർണ്ണൂരും അവിടെ നിന്നും പരുമലയിലും എത്തിച്ചേർന്നു. ഊർശ്ലേം യാത്രാവിവരണത്തിന്റെ സാഹിത്യമൂല്യം ആദ്യമായി അവതരിപ്പിച്ചത് ഡോ. സാമുവേൽ ചന്ദനപ്പള്ളിയാണ്. എന്നാൽ ഊർശ്ലേം യാത്രാവിവരണം മലയാളത്തിൽ അച്ചടിച്ച പ്രഥമ യാത്രാവിവരണമാണെന്ന് സ്ഥാപിച്ചത് ഡോ. പോൾ മണലിലാണ്. 1980 കൾക്കു ശേഷമാണ് പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാ വിവരണത്തെക്കുറിച്ചുള്ള അക്കാദമിക് ചർച്ചകൾ മലയാള സാഹിത്യചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്.

മലയാള സഞ്ചാരസാഹിത്യത്തിലെ ലക്ഷണയുക്തമായ കൃതിയാണ് പരുമല മാർ ഗ്രിഗോറിയോസിന്റെ ഊർശ്ലേം യാത്രാവിവരണം. ഊർശ്ലേം യാത്രാവിവരണത്തിലെ അവതരണ രീതിയും ഗദ്യശില്പവും പരിശോധിച്ചാൽ ഇതിന്റെ മാഹാത്മ്യം വെളിപ്പെടും. ഒരു ലക്ഷണയുക്ത സഞ്ചാര കൃതിക്ക് ഉണ്ടായിരിക്കേണ്ട സർവ്വ സവിശേഷതകളും ഊർശ്ലേം യാത്രാവിവരണത്തിനുണ്ട്. ഇതിലെ പ്രതിപാദനരീതിയുടെ പ്രത്യേകതകൾ ശ്രദ്ധേയമത്രേ. ആത്മാംശം നിറഞ്ഞ അവതരണ ശൈലി, അസാധാരണ അനുഭവങ്ങളുടെ ആകർഷകത്വം, സഞ്ചാരാനുഭവങ്ങൾ ഹൃദ്യമായി സംവദിക്കുന്നു, സംസ്കാരങ്ങളും ദേശീയതയും സമന്വയിക്കുന്നു, സാഹിത്യ സൗന്ദര്യം നിറഞ്ഞ രചനാശില്പം, സഞ്ചാര താത്പര്യം നിറഞ്ഞ വ്യക്തിത്വം, ക്രമീകൃതമായ ആഖ്യാനകല എന്നിവ ഊർശ്ലേം യാത്രാവിവരണത്തെ മഹത്തരമാക്കുന്നു.

ഉപസംഹാരം

മലയാള ഗദ്യസാഹിത്യത്തിൽ പരുമല തിരുമേനിയുടെ സ്ഥാനം സമുന്നതമാണ്. മലയാള ഗദ്യത്തിന്റെ ആദ്യകാല മാതൃകകൾ അന്വേഷിക്കുമ്പോൾ 'ഊർശ്ലേം യാത്രാവിവരണവും' പ്രത്യേകം സ്ഥാനം അർഹിക്കുന്നു പരുമല തിരുമേനിയുടെ ഗദ്യരചനകളിൽ നിന്നും വ്യക്തമാകുന്നത്:

1. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ (1959) മുതൽ പരുമല മാർ ഗ്രിഗോറിയോസിന്റെ ഊർശ്ലേം യാത്രാവിവരണം (1895) വരെയുള്ള കാലം മിഷനറി ഗദ്യത്തിന്റെ കാലഘട്ടമായിരുന്നു. പ്രത്യേകിച്ച് ബൈബിൾ ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത 1807 മുതലുള്ള 19-ാം നൂറ്റാണ്ട് മലയാള ഗദ്യ വികസനത്തിന് വളരെ പുരോഗതി നൽകി. പരുമല മാർ ഗ്രിഗോറിയോസിന് മലയാളത്തിന്റെ ഗദ്യവികസന പ്രക്രിയയിൽ പങ്കാളിത്തം വഹിക്കുവാൻ സാധിച്ചു.

2. മലയാള ഗദ്യത്തിൽ മലിപാൻ മലയാളം പുലർത്തിയ സ്വാധീനത്തോട് പരുമല തിരുമേനിക്ക് ആഭിമുഖ്യമുണ്ടായിരുന്നു. അതിനാൽ സുറിയാനി സംസ്കൃത പദങ്ങൾ കഴിയുന്നത്ര തിരസ്കരിച്ചുള്ള ഗദ്യരചനാശാസ്ത്രമാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇത് കറതീർന്ന ഗദ്യമാതൃകകളാണ്. ഇതിൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ മലയാള ഗദ്യത്തിന്റെ മാതൃകകൾ കണ്ടെത്താം.

3. ആദ്യകാല മലയാള ഗദ്യത്തിൽ പ്രകടമായ സുറിയാനി സ്വാധീനം 1895 ആകുമ്പോൾ കുറയുന്നു. ഊർശ്ലേം യാത്രാവിവരണത്തിൽ വളരെ കുറച്ചു സുറിയാനിവാക്കുകളേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. അവ അന്നത്തെ മലയാള ഗദ്യത്തിന്റെ ഭാഗമായി.തീർന്ന വാക്കുകളാണ്.

4. മലയാള ഭാഷ 1895 കാലഘട്ടത്തിൽ സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ നിന്നും പൂർണ്ണമായും സ്വതന്ത്രമാകുന്നു. സംസ്കൃതത്തിന്റെയോ തമിഴിന്റെയോ അതിപ്രസരം പരുമല തിരുമേനിയുടെ രചനകളിൽ കാണുന്നില്ല. തികച്ചും ശുദ്ധ മലയാള ഭാഷയാണ് ഉപയോഗിക്കുന്നത്.

5. മലയാള ഗദ്യഭാഷയിൽ വ്യവഹാര ഭാഷയുടെ ലാളിത്യവും പത്ര ഭാഷയുടെ ഘടനയും 1895 കളിൽ സാഹിത്യ കൃതികളിൽ പ്രകടമാകുന്നു. ഇത് വളരെ വ്യക്തമായി പ്രതിഫലിക്കുന്നത് പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാ വിവരണത്തിലാണ്. ഊർശ്ലേം യാത്രാവിവരണത്തിൽ വ്യവഹാര ഭാഷയുടെയും പത്ര ഭാഷയുടെയും സമന്വിത ശൈലിയാണ് പ്രകടിപ്പിക്കുന്നത്.



വേദവിചാരം

ഡോ. യൂഹാനോൻ മാർ തേവോദോറോസ്

2020 നവംബർ 15

സഖറിയായോടുള്ള അറിയിപ്പിന്റെ ഞായർ

വേദഭാഗം : ലൂക്കോ. 1:1-25

1) മാതൃകാ കുടുംബജീവിതം

പുരോഹിത കുടുംബം മാതൃകാ കുടുംബമായിരിക്കണം. എലിശ്ബായും അഹറോന്യ പൗരോഹിത്യ കുടുംബത്തിൽ പെട്ടവൾ ആയിരുന്നു. പുരോഹിതനായ സഖറിയാവും ഭാര്യയായ എലിശ്ബായും മാതൃകാപരമായ ദാമ്പത്യജീവിതം നയിച്ചവരായിരുന്നു. (സഖറിയ=ദൈവത്തെ അറിഞ്ഞവൻ, എലിശ്ബാ=ദൈവം വാഗ്ദാനം ചെയ്തു, യോഹന്നാൻ=ദൈവദാനം) എന്തൊക്കെയായിരുന്നു ആ ദാമ്പത്യജീവിതത്തിന്റെ മാതൃകകൾ എന്നു പരിശോധിക്കാം.

a) പ്രതിസന്ധിയിലും ദൈവാശ്രയമുള്ളവർ: കുഞ്ഞില്ലാത്ത തീരാദുഃഖത്തിൽ ജീവിതനൈരാശ്യം ഉണ്ടായിരുന്നെങ്കിലും പ്രാർത്ഥനയിലും ദൈവശുശ്രൂഷയിലും സ്ഥിരതയോടും ക്ഷമയോടും ജാഗ്രതയുള്ളവരായിരുന്നു. പ്രതിസന്ധിയിൽ പതറാതെ ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യരാണ് ഭക്തന്മാർ. ജീവിതാഭിലാഷങ്ങൾ നടക്കാതെ വരുമ്പോൾ നിരാശ സ്വാഭാവികമാണ്. നമ്മുടെ ഇഷ്ടമല്ല ദൈവേഷ്ടം നടക്കാനായി ആത്മാർപ്പണം ചെയ്യുന്ന ജീവിതം ഒരിക്കലും നിരാശപ്പെടുകയില്ല (മത്താ. 5:4). പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമ.8:28).

b) നീതിനിഷ്ഠമായ ജീവിതമുള്ളവർ: ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരായിരുന്നു. 'നീതി' പക്വവും ഋജുവും, താളാത്മകവുമായ ദൈവികബന്ധം; ദൈവത്തോടും അയൽക്കാരനോടും സ്നേഹം, പരസ്പര ആദരവ്, കരുതൽ എന്നിവ ഉൾക്കൊള്ളുന്നു. തേജസ്സുള്ളതും നിർമ്മലവുമായ ദൈവിക ബന്ധത്തിൽ ജീവിച്ചവരായിരുന്നു. ദൈവിക കല്പനകൾ അംഗീകരിച്ച് ആചരിച്ചവരായിരുന്നു. ധാർമ്മികമായ ജീവിത സംസ്കാരത്തിന്റെ ഉടമകളായിരുന്നു. ദൈവശുശ്രൂഷയുടെ ആചരണത്തിൽ ജാഗ്രതയുള്ളവരായിരുന്നു. ദൈവഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് ജീവിതത്തിൽ പ്രായോഗികമാക്കാൻ പരിശ്രമിച്ചവരായിരുന്നു. "ദാവീദ് യഹോവയ്ക്ക് പ്രസാദമായുള്ളതു ചെയ്തു... തന്നോടു കല്പിച്ചതൊന്നും തന്റെ ആയുഷ്ക്കാലത്തിലൊരിക്കലും വിട്ടുമാറിയില്ല" (1 രാജാ.15:5). എന്ന് നമ്മെക്കുറിച്ച് പറയാൻ ഇടയാകണം. നീതിമാനെപ്പറ്റി വളരെ കാര്യങ്ങൾ വി.വേദപുസ്തകത്തിൽ കാണാം. "നീതിമാൻ നിലവിളിച്ചു..." സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു (സങ്കീ.34:17). നീതിമാന്മാരെ ദൈവം താങ്ങിക്കൊള്ളും (സങ്കീ.37:17). നീതിമാനു പ്രതിഫലം ഉണ്ട് നിശ്ചയം (സങ്കീ.58:11; യെശ.30:17; ആമോ.5:24; മത്താ.5:6; റോമ.6:13; എഫെ.6:14 മുതലായവ കാണുക).

c) കുറ്റമില്ലാത്തവരായിരുന്നവർ: ഇരുവരും "കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു" (ലൂക്കോ.1:6). ദൈവസൃഷ്ടിയായ മനുഷ്യന്റെ ജീവിതരീതിയും ലക്ഷ്യവും എന്തെന്നു ദൈവം സുവ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. അവയുടെ ആത്മസത്തയായി കർത്താവ് അരുളി ചെയ്യുന്നത്, "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവിനോടും പൂർണ്ണശക്തിയോടും സ്നേഹിക്കണം. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം". ഇതിൽ സകല ന്യായപ്രമാണവും അടങ്ങിയിരിക്കുന്നു (മർക്കോ.12:30,31). നമ്മൾ ദൈവമക്കളെങ്കിൽ ദൈവകല്പന ആചരിക്കാൻ ബാധ്യസ്ഥരാണ്. അഹംബോധത്തിൽ ആത്മബോധം നഷ്ടപ്പെട്ട മനുഷ്യൻ ദൈവകല്പനകളെ ഗൗരവമായി എടുക്കുന്നില്ല, പാലിക്കുന്നില്ല. എന്നാൽ പരീശന്മാരെപ്പോലെ ഉപരിപ്ലവമായി ആത്മീകനും ധർമ്മിഷ്ഠനും നിർമ്മലനുമാണെന്നു തോന്നത്തക്കവിധത്തിലുള്ള കപട ജീവിതം കാണാനും കഴിയും.

2) സംശയാലുവായ സഖറിയ പുരോഹിതൻ

സഖറിയ എന്ന വാക്കിന്റെ അർത്ഥം 'ദൈവത്തെ ഓർക്കുന്നവൻ' എന്നാണ്. അനുനിമിഷം അനുദിവസം ദൈവത്തെ സത്യമായും ഓർത്ത് ജീവിക്കേണ്ടവരാണ് മനുഷ്യരെല്ലാവരും. കാരണം ദൈവകരുണയിൽ മാത്രമാണ് ഓരോ മനുഷ്യനും ഓരോ നിമിഷവും ജീവിക്കുന്നത്. പുരോഹിതൻ പ്രത്യേകിച്ച് ദൈവിക ശുശ്രൂഷയിൽ സദാസ്സും ആയിരിക്കേണ്ടവനാകയാൽ ദൈവത്തെ സദാ ഓർക്കേണ്ടവനുമാണ്. യോഹന്നാന്റെ ജനനവാർത്ത മാലാഖ അറിയിച്ചപ്പോൾ മാലാഖയോടു ദൈവഭക്തനായ സഖറിയ ചോദിക്കുന്നു, "ഇതു ഞാൻ എന്തൊന്നിനാൽ അറിയും. ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ." അബ്രഹാം, ഗിദയോൻ, ഹിസ്കിയാവ് എന്നിവരും സഖറിയായെപ്പോലെ സംശയിച്ചവരാണ് (ഉല്പ.15:8; ന്യായാ.6:36-40; 2 രാജാ.20:8-11). എന്നാൽ അതിൽനിന്നും വ്യത്യസ്തമാണ് സഖറിയാവിന്റേത്. സഖറിയാവ് മറ്റുള്ളവരെക്കാൾ ദൈവത്തോടു ചേർന്ന് ശുശ്രൂഷ ചെയ്യുന്നവനാകയാൽ മറ്റുള്ളവരെപ്പോലെയാകേണ്ടവനല്ലായിരുന്നു. എന്നാൽ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടിയപ്പോൾ അതു സ്വീകരിക്കാനുള്ള വിശ്വാസം ഇല്ലാതായി. സഖറിയ തന്റെ പരിമിതിയെക്കുറിച്ച് ഓർത്തു. എന്നാൽ ദൈവത്തിന്റെ ശക്തിയെക്കുറിച്ച് ഓർത്തില്ല. ചിരകാലമായുള്ള ആഗ്രഹത്തിനു അപ്രതീക്ഷിത സാഫല്യമുണ്ടായപ്പോൾ സ്തോത്രത്തിനു പകരം തർക്കത്തിനും സംശയത്തിനും സഖറിയ മുതിർന്നത് തെറ്റായ നീക്കമായിരുന്നു. വെളിപ്പെടുത്തപ്പെട്ട സത്യത്തെ സംശയിച്ച് സത്യത്തിനെതിരായി സംസാരിച്ചു. സത്യത്തിൽ സന്ദേഹം

വരുന്നത് സമർപ്പണരാഹിത്യം മൂലമാണ്. സംശയമുള്ള മനസ്സ് നിസ്സംശയം തെറ്റിൽ വീഴും (ഉദാ: ഹവ്വ).

3) യോഹന്നാന്റെ ജനനോദ്ദേശം

നാലു കാര്യങ്ങൾ പ്രധാനമായി ഇവിടെ സൂചിപ്പിക്കുന്നു.

a. മനുഷ്യനെ ദൈവസന്നിധിയിലേക്ക് തിരിക്കുവാൻ: നാം വായിക്കുന്നു: "അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും" (ലൂക്കോ.1:16). ജീവിതത്തിന്റെയും വചനത്തിന്റെയും സ്വാധീനത്താൽ, നഷ്ടപ്പെട്ടുപോയ ആടുകളെ തിരിച്ചുകൊണ്ടുവരുവാനുള്ള ഉത്തരവാദിത്വം ഒരിക്കലും നാം വിസ്മരിക്കരുത്. ദേവാലയത്തിൽ ദൈവാരാധനയ്ക്കായി നിൽക്കുമ്പോൾ, കുടുംബപ്രാർത്ഥനയ്ക്കു നിൽക്കുമ്പോൾ നമ്മോടൊപ്പം ആയിരിക്കേണ്ടവർ ഇല്ലാത്തതിൽ ദുഃഖിക്കണം, അവർക്കായി പ്രാർത്ഥിക്കണം.

b. അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കു തിരിക്കുവാൻ: പൂർവ്വപിതാക്കന്മാരായ അബ്രഹാം, മോശ തുടങ്ങിയുള്ള പിതാക്കളുടെ ഹൃദയം അഥവാ അവരുടെ ചിന്താഗതിയും ജീവിതരീതിയും മക്കളിലേക്കു തിരിക്കുവാനായിട്ടാണ് യോഹന്നാൻ വന്നത്. പൗരാണിക പിതാക്കൾ ദൈവത്തെ അറിഞ്ഞവരും ദൈവീകമൂല്യങ്ങളെ സ്വജീവിതത്തിൽ ആവിഷ്കരിച്ചവരുമായിരുന്നു. അവർ ദൈവാത്മാവിനാൽ ദൈവീക ജ്ഞാനത്തിൽ തികവുള്ളവരായിരുന്നു. ദൈവവുമായുള്ള അഭേദ്യ ബന്ധത്തിലൂടെ പ്രാപ്തമാക്കിയ അറിവുകളും ദൈവത്തിനു പ്രസാദകരമായ ജീവിതസംസ്കാരവും തലമുറകൾ പിൻപറ്റുവാൻ കൈമാറിത്തന്നവരുമാണ്. അവരുടെ കാലടിപാടുകൾ പഴഞ്ചനെന്നു തള്ളിക്കളഞ്ഞു അകന്നു മാറാതെ അതിനോടടുക്കുക.

c. വഴിപിഴച്ചവരെ നീതിമാന്മാരുടെ പരിജ്ഞാനത്തിലേക്കുയർത്തുവാൻ: ദൈവാഭിമുഖ്യത്തോടെ ജീവിച്ച് ദൈവീക മൂല്യങ്ങൾ കരുപിടിപ്പിച്ച് ജീവിതത്തെതന്നെ ദൈവീകമാക്കിതീർക്കുകയും സാമൂഹ്യ പ്രതിബദ്ധതയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്തിട്ടുള്ളവരുടെ ജീവിതവും പരിജ്ഞാനവും എക്കാലവും തലമുറകൾക്ക് പാഠമാണ്. അത് വഴിപിഴച്ച തലമുറകൾക്ക് ഒരു മാർഗ്ഗരേഖയാണ്, മാർഗ്ഗദീപമാണ്. അപ്രകാരമുള്ള നീതിമാന്മാരുടെ പരിജ്ഞാനത്തിലേക്ക് വഴിതെറ്റിപ്പോയവരെ തിരിക്കുക എന്നത് നമ്മുടെ ജീവിതലക്ഷ്യമാക്കേണ്ടതാണ്.

d. കർത്താവിനായി പൂർണ്ണതയുള്ള ജനതയെ ഒരുക്കുവാൻ: 'കാലസമ്പൂർണ്ണതയിൽ' കർത്താവിന്റെ വരവ് സാദ്ധ്യമായി. ഇതു കാലസമ്പൂർണ്ണതയുടെ ഒരു കാലഘട്ടമാണ്. കർത്താവിനെ എതിരേൽക്കുവാനായി, കൈക്കൊള്ളുവാനായി ജനത്തെ ഒരുക്കുക എന്നതായിരുന്നു. യോഹന്നാൻ മാംദാനായുടെ വരവിന്റെ ഒരു ലക്ഷ്യം. എന്നാൽ ഇന്ന് മനുഷ്യൻ പൂർണ്ണതയുടെ അവതാരങ്ങളായി സ്വയം നടിക്കുന്നു. അന്ധതയും മ്ലേച്ഛതയും മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. കർത്താവിനു വസിക്കാൻ ഇടയില്ലാതെവണ്ണം നാമും നമ്മുടെ ഹൃദയങ്ങളും ആയിതീർന്നിട്ടില്ലേ?

2020 നവംബർ 22

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

വേദഭാഗം : ലൂക്കോ. 1:26-38

"അവർ കൂടിവരുന്നതിനുമുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി". മറിയമിന്റെ കാതിലൂടെ തന്റെ ഗർഭപാത്രത്തിൽ ഇറങ്ങിവസിച്ച ദൈവവചനം മാനുഷികമായതല്ല. ഇത് ദൈവീകമാണ്. ആയതുകൊണ്ട് വി. മറിയമിന്റെ വിശുദ്ധിയും കന്യകാത്വവും കളങ്കപ്പെട്ടില്ല. മാത്രമല്ല, ഈ ഗർഭധാരണം പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും തമ്മിലുള്ള സംയോജനമെന്നു സാക്ഷിക്കുന്നു. വിശ്വാസപ്രമാണങ്ങളിൽ പറയുന്ന പ്രകാരം "പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനുമായ" ദൈവപുത്രനാണ് യേശു എന്നു ഉറക്കെ പ്രഖ്യാപിക്കുന്നു. അസാധാരണമായ കന്യകാജനനം സൂചിപ്പിക്കുന്നത് യേശു ദൈവപുത്രനാണെന്ന സത്യമാണ്.

1) മറിയ - അർത്ഥതലങ്ങൾ

'മറിയ' എന്ന പേരിന്റെ ഇംഗ്ലീഷ് പരിഭാഷ 'മേരി' എന്നും, ഹീബ്രു ഗ്രീക്കു ഭാഷകളിൽ 'മറിയം' എന്നുമാണ്. ഈ പേരിന്റെ ഉത്ഭവം ഈജിപ്റ്റ് ഭാഷയിൽ നിന്നാണ്. ഇതിന്റെ മൂലം 'മിർ' (mr) എന്നാണ്. അർത്ഥം 'സ്നേഹം', 'വളരെ പ്രിയപ്പെട്ട' എന്നൊക്കെയാണ്. സ്നേഹസമ്പൂർണ്ണനായ ദൈവം (1 യോഹ. 4:8,16) ജഡം ആരിൽ നിന്ന് എടുത്തുവോ ആ മറിയം തീർച്ചയായും സ്നേഹത്തിന്റെ നിറവാകാതെ തരമില്ല. "ദൈവം സ്നേഹമാണെങ്കിൽ സ്നേഹമുള്ളവന്റെയുള്ളിൽ ദൈവമുണ്ട്" (വി.തിയോദോറെസ്). "എല്ലാ വികാരപരമായ ചിന്തകൾക്കും കാരണം സ്വാർത്ഥ സ്നേഹമാണെന്ന്" വി.മാക് സിമോസ് പറയുന്നു. വി. മറിയം ദൈവസ്നേഹത്തിന്റെ ആവിഷ്കാരമായിരുന്നു. 'മിർ' എന്നതിന് 'കൈപ്പുള്ള' (bitter) എന്ന അർത്ഥവുമുണ്ട്. മറിയമിന്റെ ജീവിതം വചനിപ്പു നടത്തുന്നതു മുതൽ ക്രൂശിന്റെ അരികിൽ വരെയും തുടർന്നും ദുസ്സഹമായ കൈപ്പിന്റെയും കണ്ണീരിന്റെയും വേദനയുടേതുമായിരുന്നു. മാനസീക സംഘർഷങ്ങളുടേതായിരുന്നു. ദൈവത്തിനായും ദൈവീകമായതിനായും ഉള്ള വേദനയും വ്യഥയും ദൈവത്തിനു പ്രീതികരവും ദൈവപ്രസാദം നമ്മിലേക്കു വരുന്നതിനും കാരണമാകും. സുകൃതങ്ങൾ നമ്മിൽ വർദ്ധിച്ചുവരും. മറിയം എന്ന നാമത്തെ രണ്ടായി തിരിച്ചാൽ 'മർ' (mar) എന്നും 'യാം' (yam) എന്നുമാകും. ഹീബ്രുഭാഷയിൽ മർ (mar) എന്നതിനർത്ഥം ഒരു തുള്ളി (യെശ.40:15) എന്നും 'യാം' എന്നതിന് 'സമുദ്രം' എന്നും അർത്ഥമാകും. ഇതിന്റെ ഒരുമിച്ചുള്ള അർത്ഥമായി തർജ്ജിമ ചെയ്യുന്നത് stella maris എന്നാണ്. അതിന്റെ അർത്ഥം 'സമുദ്രതാരക' (star of the sea) എന്നാണ്. 'സൂര്യനെ അണിഞ്ഞ സ്ത്രീ എന്ന് വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നക്ഷത്രം പ്രകാശത്തെ പ്രദാനം ചെയ്യുന്നു. "ഞാൻ വെളിച്ചമാകുന്നു" എന്ന് അരുളിയ യേശുനാഥന് ഉരുവാകാൻ ദൈവം തെരഞ്ഞെടുത്ത മറിയ-ശോഭാപരിപൂർണ്ണയായിരുന്നു. അനസ്യൂതമായ ദൈവസ്മരണ ഹൃദയാന്തരത്തിൽ ധ്യാനിച്ച് നിലനിന്ന ആത്മശോഭ വി. മാതാവ് പ്രാപിച്ചതുപോലെ നമ്മളും പ്രാപിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു (യെശ.60:1).

2) കൃപനിറഞ്ഞവൾ, കർത്താവുകൂടെയുള്ളവൾ

ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് സംസാരിച്ചിട്ടുള്ളതായി വി.വേദപുസ്തകം സാക്ഷീകരിക്കുന്ന അനേകരിൽ ആരോടും തന്നെ കൃപനിറഞ്ഞവൾ/കൃപനിറഞ്ഞവൻ എന്നോ കർത്താവ് കൂടെയുള്ളവൾ/കർത്താവ് കൂടെയുള്ളവൻ എന്നോ സംബോധന ചെയ്തതായി നാം കാണുന്നില്ല. എന്താണ് കൃപ? മനുഷ്യകുലത്തിനു സർവ്വശക്തനായ ദൈവത്തിന്റെ സൗജന്യമായ സമ്മാനമാണ് കൃപ. അത് അർഹത കൂടാതെ ലഭിക്കുന്ന ദാനമാണ്. മനുഷ്യന്റെ വീഴ്ചയ്ക്കു ശേഷം അവൻ അനുഭവിച്ച എല്ലാ നന്മയ്ക്കും കാരണം അനർഹമായ ദൈവകൃപ ഒന്നു മാത്രമാണ്. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് സൗജന്യമായി നീതീകരിക്കുന്നതാണ് കൃപ. പ.പൗലോസ് കഠിനമായ വേദന മാറികിട്ടുവാൻ പ്രാർത്ഥിച്ചെങ്കിലും ലഭിച്ച ഉത്തരം "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി

ബലഹീനതയിൽ നിറഞ്ഞുവരുന്നു" എന്നാണ്. മനുഷ്യന് സ്വന്തമായി എന്തെങ്കിലും ഉണ്ടെന്നോ ഉണ്ടാകുമെന്നോ ഉള്ള ചിന്ത എത്രയോ നിരർത്ഥകമാണ്. മനുഷ്യന്റെ ഓരോ നിമിഷവുമുള്ള ജീവിതം ദൈവകൃപയാലാണെന്നു തിരിച്ചറിയുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ ദൈവത്തിൽ ആശ്രയിക്കും. വി. മാതാവ് ദൈവകൃപ തിരിച്ചറിയുകയും അതിൽ സമ്പൂർണ്ണമായി ആശ്രയിച്ച് അവസാനത്തോളം ജീവിക്കുകയും ചെയ്ത മാതൃക നമുക്കും വഴികാട്ടിയായിരിക്കട്ടെ.

3) പരിശുദ്ധാത്മാവ് വന്നാവസിച്ച മാതാവ്

യേശുവിനു ജന്മം നൽകിയത് ദൈവവചനവും പരിശുദ്ധാത്മാവുമായിരുന്നു. ആകയാൽ യേശു ദൈവപുത്രനായി. വിശ്വാസപ്രമാണത്തിൽ പറയുന്നപ്രകാരം, "പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനു"മായ ദൈവപുത്രനാണ് യേശുവെന്ന് പ്രഖ്യാപിക്കുന്നു. ജനനകാരണം മാത്രമല്ല തന്റെ ജീവിതത്തിലുടനീളം പ്രവർത്തിച്ചതും പരിശുദ്ധാത്മാവായിരുന്നു. ഓരോ ക്രിസ്ത്യാനിയും വി. മാമോദീസായിലൂടെ പരിശുദ്ധാത്മാവ് പ്രാപിച്ചതാണ്. എന്നാൽ പരിശുദ്ധാത്മ സ്വാധീനത്തിൽ ജീവിക്കാതെ എതിരായി തീരുന്നു. ഹൃദയത്തിൽ ആത്മചൈതന്യം ക്രമാനുഗതമായി വളരുകയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ മനസ്സും മനസ്സിന്റെ നിയന്ത്രണത്തിൽ ശരീരവും ആയിതീരുമ്പോൾ മാത്രമേ ദൈവീകരണ സമാനമായ ജീവിത സംസ്കാരം ഉടലെടുക്കുകയുള്ളൂ. ഒരു സന്യാസപിതാവ് പറയുന്നു, "പരിശുദ്ധാത്മാവ് നമ്മിലേക്കു പ്രവഹിക്കുന്നു എന്നതിന്റെ അടയാളം, സ്വയം നഷ്ടപ്പെടുത്താനുള്ള വിനയപൂർവ്വമായ ആഗ്രഹമാണ്. നിരന്തരമായി താനെ ഒഴുകിക്കൊണ്ടിരിക്കുന്ന കണ്ണീരാണ്; ദൈവത്തോടും നമ്മുടെ അയൽക്കാരോടുമുള്ള സമ്പൂർണ്ണവും സത്യസന്ധവുമായ സ്നേഹമാണ്." ഈവിധമായ ഒരു ജീവിത സംസ്കാരത്തിന്റെ ഉറവിടമായിരുന്നു പരിശുദ്ധ മാതാവ്.

4) ദൈവത്തിന് ഏറ്റവും വിധേയപ്പെട്ട മാതാവ്

ദൈവഹിതം ഗബ്രിയേൽ മാലാഖ മറിയമിനോടറിയിച്ചപ്പോൾ മറിയം അതിനു സമ്പൂർണ്ണമായി വിധേയപ്പെടുകയാണ്. "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കാ.1:31). 'ഭവിക്കട്ടെ' എന്ന ഈ വാക്ക് ആദിയിൽ ദൈവം പറഞ്ഞപ്പോൾ സൃഷ്ടിയുണ്ടായി. സൃഷ്ടാവ് തന്നിൽ ഉരുവാകുവാൻ (ഭവിക്കുവാൻ) മറിയം സമ്മതിച്ചപ്പോൾ പുതിയ സൃഷ്ടിയുടെ ആദ്യജാതൻ ഉരുവായി. ഇവിടെ മറിയമിന്റെ സമ്മതം തികച്ചും അപകടകരമാണ്. സ്വന്തം ജീവനെ ബലികഴിക്കുന്ന തരത്തിലുള്ളതാണ്. ദൈവഹിതത്തിനുവേണ്ടി ലോകപ്രകാരം അപകടകരമായ തീരുമാനം എടുത്തിട്ടുള്ളവർ വിസ്മൃതിയിലാണ്ടുപോയിട്ടില്ല. തമ്പുരാന്റെ മനുഷ്യാവതാരത്തിന് സ്വയം സമർപ്പിച്ചു എന്നതിലാണ് അമ്മയുടെ ശ്രേഷ്ഠത. ആത്മാർത്ഥസ്നേഹത്തിന്റെ പരിണിത ഫലമാണ് ആത്മസമർപ്പണം. ദൈവസമർപ്പണത്തിന് ഏതു തിരസ്ക്കരണവും ക്ലേശവും പ്രതിസന്ധികളും ഏറ്റെടുക്കാൻ വിശുദ്ധ മറിയം തയ്യാറായി. 'സമർപ്പണം' ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും അർത്ഥപൂർണ്ണമായ പദമാണ്. സുരക്ഷിതബോധത്തിന്റെയും സാമ്പത്തിക സൗഭാഗ്യങ്ങളുടെയും പരിണിത ഫലമാണ് സമർപ്പണം എന്ന ചിന്ത നവീന ആദ്ധ്യാത്മികത പങ്കുവയ്ക്കുമ്പോൾ സമർപ്പണത്തിന്റെ വിലയും വേദനയും വിശുദ്ധ മറിയം ഓർപ്പിക്കുന്നു.

2020 നവംബർ 29

എലിസബത്തിന്റെ അടുക്കലേക്കുള്ള മറിയമിന്റെ യാത്രയുടെ ഞായർ

വേദഭാഗം : ലൂക്കാ.1:39-56

കൃപയുടെ സമൃദ്ധിയിൽ ജീവിക്കുന്ന രണ്ടു വനിതകളാണ് വി.മറിയവും എലിസബത്തും. വിശുദ്ധ മറിയം മലനാട്ടിൽ ഒരു യഹൂദ്യ പട്ടണത്തിലേക്ക് വളരെ ക്ലേശങ്ങൾ സഹിച്ചാണ് എത്തിയത്. ആ പട്ടണം നസറേത്തിൽ നിന്നു വളരെ വിദൂരമായ 'ഹെബ്രോൻ' ആണെന്നു പറയപ്പെടുന്നു. ഈ വിദൂരമായ യാത്ര (ദൂരം 172 കി.മീ.) അത്ഭുതകരം തന്നെയാണ്. രണ്ടു ഉദ്ദേശങ്ങളോടുകൂടിയാണ് ഈ യാത്ര. ഒന്ന്, തനിക്കെന്നതുപോലെതന്നെ വന്ധ്യയായ വലിയമ്മയ്ക്ക് (എലിസബത്ത്) ദൈവം ചെയ്ത നന്മയിൽ സന്തോഷിക്കുവാൻ. രണ്ട്, തന്നെ സംബന്ധിച്ച് മഹത്തായ കാര്യം അറിയിക്കുവാൻ. ഈ കൂട്ടായ്മയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നു നോക്കാം.

1) അപ്രസക്തിയിൽ നിന്നു പ്രസക്തിയിലേക്കു നയിക്കുന്ന കൂട്ടായ്മ

യഹൂദ കൂട്ടായ്മയിൽ സ്ത്രീകൾക്കു സ്ഥാനമില്ല. ഇവിടെ ആരാലും അറിയപ്പെടാൻ ആഗ്രഹിക്കാത്ത മറിയം. വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന എലിസബത്ത്. മക്കളില്ലാത്ത വേദന പേറുന്ന ജീവിതം. സാമൂഹ്യ ജീവിതത്തിൽ രണ്ടുപേരും അപ്രസക്തരാണെങ്കിലും ദൈവകൃപയുടെ സ്പർശം അനുഭവേദ്യമായപ്പോൾ അവർ പ്രസക്തിയുള്ളവരായി (ലൂക്കാ.1:35). ഒരുവൾ വാർദ്ധക്യത്തിൽ കർത്താവിന്റെ മുന്നോടിയായ യോഹന്നാന്റെ അമ്മയായി. മറ്റൊരുവൾ പരിശുദ്ധാത്മാവിനാൽ ലോകരക്ഷകനായ യേശുവിന്റെ അമ്മയായി. ലോകചരിത്രത്തെതന്നെ മാറ്റിമറിപ്പാൻ പര്യാപ്തമായ രണ്ട് മഹത് വ്യക്തികൾക്ക് ജന്മം നൽകിയ രണ്ടു സ്ത്രീകളും ചരിത്രത്തിൽ സ്ഥാനം പിടിച്ചു. ഒരിക്കലും ദൈവത്തിനു ആരും അപ്രസക്തരല്ല. ദൈവകരങ്ങളിൽ സമർപ്പിക്കുന്നു എങ്കിൽ പ്രസക്തമായ അനുഭവത്തിലേക്ക് നമ്മെ നയിച്ചുകൊള്ളും.

2) ആരാധന ഉണർത്തുന്ന കൂട്ടായ്മ

മറിയമിനെ കണ്ടുമുട്ടിയപ്പോൾ എലിസബത്ത് ആത്മനിറവിൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ. നിന്റെ ഗർഭഫലം അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്നുണ്ടായി" (ലൂക്കാ.1:42-43). ഗബ്രിയേൽ മാലാഖ 'ഉല്പാദിതമാകുന്ന കുഞ്ഞ്' "ദൈവപുത്രൻ" എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു. ദൈവപുത്രനെ ഉദരത്തിൽ വഹിച്ചവൾ ദൈവമാതാവുതന്നെയെന്ന് വ്യക്തം. ഇവിടെ പരിശുദ്ധാത്മാവിൽ മറിയാമിനെ വിളിക്കുന്നു, എന്റെ 'കർത്താവിന്റെ അമ്മ' അഥവാ 'ദൈവത്തിന്റെ അമ്മ'. മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ ഏകജാതനായവന്റെ അമ്മ. ഈ സംബോധന സഭയുടെ ആരംഭകാലം മുതൽ നിലനിന്നിരുന്നു. നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് പറഞ്ഞു, "വി.മറിയം ദൈവമാതാവെന്നു ഒരുവൻ ഏറ്റുപറഞ്ഞില്ലെങ്കിൽ കർത്താവിന്റെ ദൈവത്വത്തെയാണ് ഹനിക്കുന്നത്." യുവത്വം വാർദ്ധക്യത്തെ കരുതുമ്പോൾ വാർദ്ധക്യം യുവത്വത്തെ ആദരിക്കുന്നു.

3) സാമൂഹ്യദർശനം വളർത്തുന്ന കൂട്ടായ്മ

വ്യക്തിജീവിതത്തിലെ കൃപാദാനം സാമൂഹ്യമാറ്റത്തിനും സമഗ്രവിമോചനത്തിനും ഉള്ള ഉണർത്തുപാട്ടാക്കി മാറ്റാൻ മറിയമിനുള്ള ആത്മധൈര്യം നാം കാണുന്നു. കൃപ നിറയുമ്പോൾ സാമൂഹ്യനീതിക്കായുള്ള അഭിവാഞ്ഛ തീക്ഷ്ണമാകുന്ന മറിയം സ്ത്രൈണ ആത്മീകതയുടെ മാർഗ്ഗദർശനം നൽകുന്നു.

മറിയമിന്റെ പാട്ട് ലത്തീൻ ഭാഷയിൽ 'മഗ്നിഫിക്കറ്റ്' എന്നും സുറിയാനിയിൽ 'മൗവ്ർബോ' എന്നും അറിയപ്പെടുന്നു (ലൂക്കാ.46-53). രണ്ടു ഭാഷകളിലും പ്രസ്തുത വാക്കുകളോടെ ആരംഭിച്ചിരിക്കുന്നതിനാലാണ് ഈ പേര് നൽകിയിരിക്കുന്നത്. ഈ പാട്ട് പഴയനിയമത്തിൽ ഹന്നായുടെ സ്തുതിഗീതത്തോട് സാമ്യമുള്ളതാണ്. വി.മറിയമിന്റെ പാട്ടിൽ ദൈവരാജ്യ സംസ്ഥാപനത്തിൽ സമൂഹത്തിൽ ഉണ്ടാകുന്ന സമഗ്ര മാറ്റത്തെപ്പറ്റി വിശദീകരിക്കുന്നു.

Magnificat എന്ന പേരിൽ അറിയപ്പെടുന്ന മറിയമിന്റെ പാട്ടിൽ അടങ്ങിയിരുന്ന ആശയങ്ങൾ കുറിക്കുന്നു.

a) ദൈവം ചൊരിഞ്ഞുതന്ന സർവ്വ കൃപകൾക്കും അനുഗ്രഹങ്ങൾക്കും ഹൃദയപൂർവ്വമായ സ്തുതികരേറ്റുന്നു. നമ്മുടെ ജീവിതത്തിൽ പ്രാർത്ഥിക്കുമ്പോഴും ഏതു സമയത്തും ചെയ്യേണ്ട പ്രാഥമികവും സുപ്രധാനവുമായ ഒന്നാണ് അനുഗ്രഹങ്ങളെ ഓർത്ത് നന്ദിനിറഞ്ഞ ഹൃദയത്തോടെ സദാ സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുക എന്നത്.

b) മനുഷ്യന്റെ ഹീനാവസ്ഥയിൽ നിന്ന് ദൈവം മനസ്സലിഞ്ഞ് ഭാഗ്യാവസ്ഥയിലേക്കാനയിക്കുന്നു. നമ്മുടെ കുറവുകളെ എപ്പോഴും ഓർത്ത് ദൈവകൃപയിൽ ആശ്രയിക്കാൻ സാധിക്കണം.

c) ദൈവം ഉയർത്തുന്നവനെ സർവ്വതലമുറകളും ആദരിക്കും. ഭാഗ്യമുള്ളവർ എന്നു പറയും. അതിനാൽ ദൈവത്തിന്റെ കൈക്കീഴ് താണിരിക്കണം.

d) ദൈവാശ്രയമുള്ളവരുടെമേൽ ദൈവീക കരുണ തലമുറകളായി ഉണ്ടായിരിക്കും.

2020 ഡിസംബർ 6

സ്നാപകയോഹന്നാന്റെ ജനനത്തിന്റെ ഞായർ

വേദഭാഗം : ലൂക്കാ.1:57-80

'യോഹന്നാൻ' എന്ന വാക്കിനു പല അർത്ഥങ്ങൾ കാണുന്നു. a) യഹോവയുടെ ദാനം. b) ദൈവം കരുണ ചെയ്തു. c) ദൈവം കൃപാലുവാണ്. അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് നൽകുന്ന അർത്ഥം "ദൈവകൃപയുള്ളവൻ" എന്നാണ്. തന്റെ പുത്രന്റെ നാമം ദൈവനാമത്തിൽ ഉറപ്പിച്ചിരിക്കുന്നതിനാൽ യോഹന്നാനെ ദൈവം പ്രത്യേക ദൗത്യത്തിനായി വിളിച്ചിരിക്കുന്നു എന്നു ഉറപ്പിക്കുകയാണ് (see 1:31, ഉല്പ.17:5,15, 32:28). ദൈവകരുണയുടെ ഫലമാണ് യോഹന്നാൻ മാംദാനാ. വേദപുസ്തക പാരമ്പര്യത്തിൽ പേരുകൾക്ക് അർത്ഥമുണ്ട്. എബ്രായ ചിന്താഗതിയിൽ നാമം അസ്തിത്വത്തെത്തന്നെയാണ് കുറിക്കുന്നത്. അതുകൊണ്ട് നാമം കൂടാതെ ഒന്നും നിലനിൽക്കുന്നില്ല (യെശ.56:5, 66:22; സഭാ.6:10). പഴയനിയമത്തിൽ 'നാമം' എന്നത് ഒരാളുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും സൂചിപ്പിക്കുന്നു (see ഉല്പ.27:36, 32:28). ഒരുവന്റെ പേര് ജനിച്ച സാഹചര്യത്തോടും വ്യക്തിത്വത്തോടും ജീവിതനിയോഗത്തോടും അർത്ഥപൂർണ്ണമായി ബന്ധപ്പെട്ടിരിക്കണം. യോഹന്നാന്റെ കാര്യത്തിൽ ഇത് വളരെ യാഥാർത്ഥ്യമാണ്. താൻ വളരുന്നതോടൊപ്പം പേരിന്റെ പൊരുൾ തെളിവായി വെളിപ്പെടുത്തുന്നുണ്ട് (ലൂക്കാ.1:80). ക്രിസ്തീയ കുഞ്ഞിന് പേരിടുമ്പോൾ അത് അർത്ഥമുള്ളതായിരിക്കണം. അത് ദൈവകരുണയുടെ പ്രത്യക്ഷതയായും, എല്ലാവർക്കും നന്മ ചെയ്യുന്ന പ്രത്യാശ ഉളവാക്കുന്നതും ആയിരിക്കണം, കുഞ്ഞിനിടുന്ന നാമം ഏതു വിശുദ്ധന്റേതോ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ കുഞ്ഞിനെ സമർപ്പിക്കുന്നതുമായിരിക്കണം. വിശുദ്ധന്റെ മദ്ധ്യസ്ഥത കുഞ്ഞിന് കരുതലും കാവലുമാകും.

1) സഖര്യാവിന്റെ പ്രവചനം

സഖറിയാവ് ആത്മനിറവിൽ പ്രവചിക്കുന്നു (1:67-79). ഇതിനെ രണ്ടുഭാഗമായി തിരിക്കാം. ആദ്യഭാഗം മശിഹായുടെ ജനനത്തെക്കുറിച്ച് പൂർവ്വപിതാക്കന്മാരോടുള്ള വാഗ്ദാനങ്ങൾ ഇപ്പോൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നതിനെപ്പറ്റിയും, രണ്ടാംഭാഗം യോഹന്നാനെക്കുറിച്ചും അദ്ദേഹം നിർവ്വഹിപ്പാനുള്ള ചുമതലയെക്കുറിച്ചും പറയുന്നു. യോഹന്നാനും അവന്റെ ചുമതലകളും എന്തായിരുന്നു?

a) അത്യുന്നതന്റെ പ്രവാചകൻ: "നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും" (1:76). ദൈവേഷ്ടം നേരിട്ടറിഞ്ഞ് ജനത്തെ പ്രബോധിപ്പിക്കാൻ നിയോഗിതനായവനാണ് പ്രവാചകൻ. "ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യേശുവിനെപ്പറ്റി ലോകത്തിനു മുമ്പാകെ പ്രഘോഷിക്കുവാൻ നിയോഗിതനായിരിക്കുന്നു. ദൈവസന്നിധിയിൽ ആയിരുന്ന് ദൈവാത്മ ചൈതന്യത്തിൽ രൂപാന്തരം പ്രാപിച്ച് നമ്മെക്കുറിച്ചും സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ദൈവഹിതം ദൈവാത്മാവിൽ തിരിച്ചറിഞ്ഞ് സമൂഹത്തെയും സഭയെയും ഉദ്ബോധിപ്പിക്കാനുള്ള കടമ നമുക്കുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

b) കർത്താവിന്റെ വഴി ഒരുക്കണം (1:76; യെശ.40:3): "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത്: കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ". രക്ഷിതാവായ കർത്താവേശുമശിഹായുടെ രക്ഷാകര പ്രവർത്തനങ്ങൾ നിർവ്വഹിപ്പാൻ തക്കവിധം ദൈവം എല്ലാ ക്രമീകരണങ്ങളും ചെയ്തിരിക്കുന്നു. യോഹന്നാനെ പ്രത്യേകം അയച്ചിരിക്കുന്നത് മനുഷ്യഹൃദയങ്ങളെ മാനസാന്തരപ്പെടുത്തി ദൈവകുമാരനെ ഹൃദയസിംഹാസനത്തിലേക്കു ക്ഷണിക്കാൻ പ്രാപ്തരാക്കാൻ വേണ്ടിയായിരുന്നു. "എന്നെക്കാൾ വലിയവൻ എന്റെ പുറകെ വരുന്നു. അവന്റെ ചെരിപ്പിന്റെ വാറഴിപ്പാൻ ഞാൻ യോഗ്യനല്ല" എന്നു സ്വയം താഴ്ത്തി കർത്താവിനു മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് വഴിയൊരുക്കുകയാണ് ക്രിസ്ത്യാനിയുടെ ജീവിതലക്ഷ്യം.

c) പാപമോചനം മുഖേനയുള്ള രക്ഷാപരിജ്ഞാനം കൊടുക്കാൻ (1:77): പാപങ്ങളെ മോചിക്കാനുള്ള അധികാരം ദൈവപുത്രനായ യേശുവിനാണുള്ളത്. യോഹന്നാൻ മാനസാന്തര സ്നാനമാണ് നൽകിയത്. തകർന്ന ബന്ധങ്ങളെ പുനഃസ്ഥാപിക്കുകയാണ് പാപമോചനംമൂലമുള്ള ലക്ഷ്യം. ദൈവത്തിൽ നിന്നുള്ള അകൽച്ച പാപത്തിനു കാരണം. അതു മനുഷ്യനുമായുള്ള അകൽച്ചയ്ക്കും കാരണമാകും. ദൈവപരിജ്ഞാനത്തിലേക്കും മാനുഷിക ബന്ധത്തിലേക്കുമുള്ള അനിവാര്യമായ പരിവർത്തനം സാധ്യമാകുന്നത് പാപമോചനത്തിലൂടെയാണ്.

d) ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം കൊടുക്കാൻ: പാപാന്ധകാരത്തിലുഴലുന്നവർ മരണനിഴൽ താഴ്വരയിലകപ്പെടും. അവരുടെ ജീവിതം നിഷ്ഫലമാകും. അപ്രകാരം ജീവിതനൈരാശ്യത്തിലിരിക്കുന്നവരെ പ്രത്യാശയുടെ പ്രകാശത്തിലേക്കു നയിക്കാൻ 'ഞാൻ ലോകത്തിന്റെ പ്രകാശ'മാകുന്നു (യോഹ.8:12) എന്നു പറഞ്ഞ യേശുവിങ്കലേക്ക് നയിക്കാനുള്ള പരിശ്രമത്തിലായിരുന്നു യോഹന്നാൻ.

e) സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്: അരക്ഷിതാവസ്ഥയിലും നിരാശയിലും സംഘർഷത്തിലും കഴിയുന്നവരെ സമാധാനമാർഗ്ഗത്തിൽ ചരിപ്പിക്കുവാനുള്ള ദൗത്യമായിരുന്നു യോഹന്നാന്റേത്. സമാധാനമാർഗ്ഗം യേശുവാണ്. പരിശുദ്ധ പൗലോസ് പറയുന്നു, "അവൻ നമ്മുടെ സമാധാനം. അവൻ ഇരുപക്ഷത്തെയും ഒന്നാക്കി. ...ദൂരത്തായിരുന്നവർക്കും സമീപത്തുള്ളവർക്കും സമാധാനം സുവിശേഷിച്ചു" (എഫേ.2:14-17). മാതാപിതാക്കൾക്ക് മക്കളെക്കുറിച്ചുള്ള വീക്ഷണം ആവശ്യമാണ്.

2) ദൈവം സ്തുതിസ്തോത്രങ്ങൾക്ക് അർഹൻ


കുഞ്ഞിന്റെ പേര് എഴുത്തുപലക വാങ്ങി അതിൽ

10

ആരാധനാ പഠനം

ശോശപ്പ: അർത്ഥവും വ്യാഖ്യാനവും

ഫാ. ഡോ. വർഗ്ഗീസ്
പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)



അപ്പവീഞ്ഞുകൾ വെച്ചശേഷം കാസായും പീലാസായും മൂടുവാൻ ഉപയോഗിക്കുന്ന തുണിയാണ് ശോശപ്പ. അനാഫൂറ (Offering, liturgy, petition, veil) എന്ന പേരാണ് സുറിയാനിയിൽ ഇതിന് ഉപയോഗിക്കുന്നത്. പൗരസ്ത്യ പാരമ്പര്യത്തിലും പാശ്ചാത്യ പാരമ്പര്യത്തിലും ശോശപ്പ ഉപയോഗിക്കുന്നുണ്ട്. പാശ്ചാത്യ പാരമ്പര്യത്തിലുപയോഗിക്കുന്ന ശോശപ്പ പൗരസ്ത്യർ ഉപയോഗിക്കുന്നതിനേക്കാൾ ചെറുതാണ്.

ശോശപ്പ വിവിധ ആശയങ്ങളെ സൂചിപ്പിക്കുന്നുണ്ട്.

1. ദൈവതേജസ്സും മഹത്വവും കൊണ്ട് സൃഷ്ടി മുഴുവനും മൂടിയിരിക്കുന്നതിന്റെ പ്രതീകമാണ് ശോശപ്പ. ഒരുക്ക ശുശ്രൂഷയിൽ (തുയോബോ) ശോശപ്പാകൊണ്ട് അപ്പ വീഞ്ഞുകൾ മൂടുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ ആശയം വ്യക്തമാകുന്നുണ്ട്.

2. പുൽക്കൂട്ടിൽ പിറന്ന യേശുകുഞ്ഞിനെ പൊതിഞ്ഞ തുണിയായും (വി. ലൂക്കോസ് 2:7) , കബറടക്കത്തിന് കർത്താവിന്റെ ശരീരം പൊതിഞ്ഞ തുണിയായും (വി. ലൂക്കോസ് 23:53) ഇതിനെ വ്യാഖ്യാനിക്കുന്നുണ്ട്.

3. ഇസ്രായേൽ ജനത്തിന് വെള്ളം ഒഴുക്കികൊടുത്ത തീക്കൽ പാറയോട് (പുറപ്പാട് 17:5,6; 1 കൊരിന്ത്യർ 10:1-4) ശോശപ്പായെ സാദൃശ്യപ്പെടുത്തുന്നു. വി. കുർബ്ബാനയിൽ സമാധാന ചുംബനത്തിനു ശേഷം ശോശപ്പ ഉയർത്തി ആഘോഷിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഈ അർത്ഥത്തെ വ്യക്തമാക്കുന്നു. ഈ പ്രാർത്ഥന അനുസരിച്ച് ശോശപ്പ നീക്കുന്നത് കർത്താവിന്റെ കബറിൽ നിന്നും കല്ല് നീങ്ങിയതിനെ സൂചിപ്പിക്കുന്നു (വി. മത്തായി 27:60). അതായത് യിസ്രായേൽക്കാർ പാറയിൽ നിന്ന് ജലം കുടിച്ച് മരണത്തിൽ നിന്ന് രക്ഷപെട്ടതുപോലെ പാറയിലെ കല്ലറയിൽ നിന്നും ഉത്ഥാനം ചെയ്ത ജീവജലമായ കർത്താവിലൂടെ (വി. യോഹ. 7:37-39) മനുഷ്യവർഗ്ഗം മരണത്തിൽ നിന്നും രക്ഷ പ്രാപിച്ചു.

4. ശോശപ്പകൊണ്ട് കാസായും പീലാസായും മൂടുമ്പോൾ അത് കന്യകമറിയാമിന്റെ ഉദരത്തിൽ കർത്താവ് വസിച്ച രഹസ്യാത്മകതയെ കുറിക്കുന്നു. അത് മാറ്റുമ്പോൾ ഉയർത്തെഴുന്നേറ്റ രക്ഷകനായ കർത്താവിനെ സൂചിപ്പിക്കുകയും ചെയ്യുന്നു.


5. ദൈവിക രഹസ്യങ്ങൾ മനുഷ്യ ബുദ്ധിക്ക് മറവായിരിക്കുന്നു എന്നതിനാൽ വി. രഹസ്യങ്ങൾ ശോശപ്പാകൊണ്ട് മൂടുന്നു. ക്രിസ്തുവിൽ മനുഷ്യത്വവും ദൈവത്വവും എങ്ങനെ സംയോജിച്ചുവെന്ന് മനസ്സിലാക്കുവാൻ കഴിയില്ല. അതുപോലെ അപ്പവീഞ്ഞുകൾ തിരുശരീര രക്തങ്ങൾ ആയിത്തീരുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാൻ മനുഷ്യ ബുദ്ധിക്ക് സാധ്യമല്ല.

വി. ത്രോണോസ് കർത്താവിന്റെ കബറിനെയും വി. രഹസ്യങ്ങൾ കർത്താവിനെയും ശോശപ്പ കബറിനെ മൂടിയ കല്ലിനെയും സൂചിപ്പിക്കുന്നു. അപ്പ വീഞ്ഞുകളെ ശോശപ്പാ കൊണ്ട് മൂടുമ്പോൾ കർത്താവിന്റെ കബറടക്കവും ആഘോഷിക്കുമ്പോൾ അവന്റെ ഉത്ഥാനവും വിശ്വാസികൾ സ്മരിക്കുന്നു.

'യോഹന്നാൻ' എന്നു എഴുതിയപ്പോൾ അത്ഭുതം നടക്കുന്നു. ഊമനായിരുന്ന സഖറിയായുടെ നാവിന്റെ കെട്ട് അഴിയപ്പെട്ടു. വായ് തുറന്ന് ദൈവത്തെ സ്തുതിക്കുന്നു. കണ്ടു നിന്ന സകലരും കേട്ടറിഞ്ഞ എല്ലാവരും അത്ഭുതപ്പെട്ടു. മനുഷ്യൻ സദാ ഓർത്തിരിക്കേണ്ടതും ചെയ്യേണ്ടതുമായ പ്രാഥമികമായ വസ്തുത എന്നത് ദൈവം ചൊരിഞ്ഞുതരുന്ന കൃപകൾക്ക് സ്തുതിസ്തോത്രം അർപ്പിക്കുക എന്നതാണ്. ദൈവകൃപയും കരുണയും അനുനിമിഷം നമ്മിൽ ചൊരിയുന്നതുകൊണ്ടു മാത്രം ജീവിക്കുകയും ജീവിതനേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന മനുഷ്യൻ അതു പാടേ വിസ്മരിച്ച് സ്വന്തം കഴിവും നേട്ടവുമായി കരുതി ദൈവത്തിനു നൽകേണ്ട സ്തുതിയും സ്തോത്രവും അവൻ തന്നെ വാങ്ങിക്കൂട്ടുന്ന ചപലമായ ജീവിതമാണ് എവിടെയും കാണാൻ കഴിയുക. യഹോവ കല്പിക്കുന്നു "എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളേണം" (ആവ.8:17). ദൈവം ചെയ്തുതരുന്ന സകല നന്മകൾക്കും ഉപകാരങ്ങൾക്കും നമ്മുടെ സകല പുകഴ്ചയും സ്തുതിയും മഹത്വവും ദൈവത്തിനർപ്പിക്കണം (സങ്കീ.103:1,2).

4) ഈ പൈതൽ എന്താകും? (വാ.66)

എല്ലാവരുടെയും ഹൃദയത്തിൽ അങ്കുരിതമായ ചോദ്യമാണ് "ഈ പൈതൽ എന്ത് ആകും?" എന്നത്. അസാധ്യമായത് സംഭവിക്കുമ്പോൾ അതിൽ ദൈവകരമുണ്ടെന്ന തിരിച്ചറിവാണ് ആകാംക്ഷയുളവാക്കുന്നത്. സ്വയത്തെ നിഷ്കാസിതമാക്കി ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുന്നവർക്ക് ദൈവം എപ്പോഴും പ്രതീക്ഷയും പ്രത്യാശയുമായി കൂടെ ഉണ്ട് എന്നതിനു സംശയമില്ല. ഈ ഭൂമിയിൽ ജനിച്ചുവീഴുന്ന ഓരോ പൈതലിനെക്കുറിച്ചും ചോദിക്കേണ്ട ചോദ്യമാണിത്. ഈ ചോദ്യം അർത്ഥപൂർണ്ണമാകണമെങ്കിൽ മാതാപിതാക്കളുടെ ജീവിതം ദൈവസമർപ്പിതവും ആത്മീക മൂല്യവത്തായതും ദൈവത്തിൽ മാത്രം പ്രതീക്ഷയർപ്പിക്കുന്നതുമായിരിക്കണം. വീടിനും സഭയ്ക്കും ലോകത്തിനും കൊള്ളാവുന്ന പൈതങ്ങളായി നമ്മുടെ കുഞ്ഞുങ്ങൾ ആയിതീരാനുള്ള സാഹചര്യങ്ങൾ നാം സൃഷ്ടിക്കണം. അവരിലുള്ള അനന്തസാധ്യതകളെ ദൈവകൃപയിൽ സമർപ്പിച്ച് വളർത്തിയെടുക്കുവാൻ കഴിയണം. "കർത്താവിന്റെ കൈ അവനോടുകൂടെ ഉണ്ടായിരുന്നു" എന്നു പറയത്തക്കവിധം ആദ്ധ്യാത്മിക സുകൃതവാഹിയും ആത്മീയ സുഗന്ധവാഹികളുമായി പൈതങ്ങൾ ആയിതീരണം.



പുതിയ നിയമപഠനം

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)

യേശുവിന്റെ ഗിരിപ്രഭാഷണം :

കപട ഭക്തിയും യഥാർത്ഥ ആദ്ധ്യാത്മികതയും

(മത്താ. 6–7)

ഒന്നാം സുവിശേഷത്തിലെ ആറും ഏഴും അധ്യായങ്ങൾ കപടഭക്തിയും യഥാർത്ഥ ആധ്യാത്മികതയും വേർതിരിച്ചു കാട്ടുന്ന യേശുവിന്റെ ഉപദേശങ്ങളാണ്. അതിൽ ആദ്യമെ പറയുന്നത് കപട ഭക്തരുടെ മൂന്നു ആചാരങ്ങളോടുള്ള യേശുവിന്റെ സമീപനമാണ്:

1. ദാനധർമ്മം കെട്ടുകാഴ്ചയാക്കരുത് (മത്താ. 6:1–4): കപടഭക്തരായ ആളുകൾ, പ്രത്യേകിച്ചും പരീശർ, ചെയ്യുന്നതുപോലെ സുന്നഗോഗിലും, തെരുവുകളിലും വച്ച് സാധുക്കൾക്ക് ദാനധർമ്മം നൽകുകയും അതിന്റെ പേരിൽ പ്രശംസ പിടിച്ചു പറ്റുകയും ചെയ്യരുത് എന്ന് യേശു തന്റെ അനുഗാമികളെ ശാസിക്കുന്നു. മറിച്ച് വലതുകരം ചെയ്യുന്നത് ഇടതുകരം പോലും അറിയാതെ പരമരഹസ്യമായി ദാനം ചെയ്യുന്നവരെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് അനുഗ്രഹിക്കുകയെന്നു യേശു പറയുന്നു.

2 പ്രാർത്ഥന നാടകീയമാക്കരുത് (മത്താ. 6:5–15) : മറ്റുള്ളവരുടെ മുൻപിൽ തങ്ങൾ ആത്മീയരാണെന്നു വരുത്തി തീർക്കുവാൻ ചിലർ ചെയ്യുന്നതുപോലെ പരസ്യാരാധനയിലെ പങ്കാളിത്തം നാടകീയമാക്കുന്നത് യേശു പ്രോത്സാഹിപ്പിക്കുന്നില്ല. അധികം വാക്കുകളുപയോഗിച്ച് ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്നതും സ്വർഗ്ഗസ്ഥനായ പിതാവിനിഷ്ടമാവില്ലയെന്നും യേശു കൂട്ടിച്ചേർത്തു. രഹസ്യപ്രാർത്ഥനകൾക്കാണ് യേശു എന്നും മുൻതൂക്കം നൽകിയത്; തന്റെ ജീവിതത്തിലും യേശു യറുശലേം ദേവാലയത്തിലും, സുന്നഗോഗാരാധനയിലും പങ്കെടുത്തുവെങ്കിലും ജനങ്ങളുടെ കൈയ്യടി വാങ്ങുന്ന രീതിയിലുള്ള പ്രകടനങ്ങൾ കാട്ടിയില്ല. കർതൃപ്രാർത്ഥനയിലൂടെ ഒരു മാതൃകാ പ്രാർത്ഥനയും യേശു പഠിപ്പിച്ചു. ഇതിന്റെ ചുരുങ്ങിയ ഭാഷ്യം ലൂക്കോസ് ഏവൻഗേലിസ്ഥൻ എഴുതിയിട്ടുണ്ട്. (ലൂക്കോ. 11:2–4). യേശുവിന്റെ പ്രാർത്ഥന അക്കാലത്തെ യഹൂദർ ദിവസം മൂന്നു തവണ ഉപയോഗിച്ചിരുന്ന അഷ്ടാദശാനുഗ്രഹങ്ങളുടെ (Eighteen Benedictions) രീതിയിലാണ് ചമച്ചിരിക്കുന്നത് എന്നു വാദിക്കുന്നവർ ഉണ്ട്. കർത്തൃ പ്രാർത്ഥനയിലൂടെ നമ്മുടെ പ്രാർത്ഥന എപ്രകാരമായിരിക്കണമെന്ന് യേശു പഠിപ്പിക്കുന്നു: ഇതിൽ സ്വർഗ്ഗസ്ഥനായ പിതാവിനെ സംബോധന (Our father in Heaven) ചെയ്ത ശേഷം മൂന്ന് പ്രസ്താവനകളും (you petitions) മൂന്ന് അപേക്ഷകളും (we petition) അടങ്ങിയിട്ടുണ്ട്. ഇന്നു നാം ഉപയോഗിക്കുന്ന അവസാന വാചകം എന്തു കൊണ്ടെന്നാൽ എന്നത് പിൽക്കാലത്ത് രൂപപ്പെട്ടതാണ് (Didache 7:12 കാണുക).

3. ഉപവാസത്തിലെ പ്രകടനപരത ഒഴിവാക്കുക (മത്താ. 6:16–18) : കപടഭക്തരെപ്പോലെ ഉപവസിക്കുന്നവർ മറ്റുള്ളവരെ കാട്ടുവാനായി തലയിൽ എണ്ണ തേക്കാത്തതും, മുഖം വാടിയ രീതിയിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നത് വെറും പ്രഹസനം മാത്രമാണെന്ന് യേശു പഠിപ്പിച്ചു. നമ്മുടെ ദാനധർമ്മവും, പ്രാർത്ഥനയും, ഉപവാസവും രഹസ്യമായവയും സ്വർഗ്ഗസ്ഥനായ പിതാവിനിഷ്ടപ്പെടുന്നതുമാകണം; അധ്യാത്മികതയിലെ നാടകീയത ഈ ലോകക്കാർ മാത്രം അംഗീകരിക്കുന്നതാണ്.

ആത്മീയ സാധകർക്കുള്ള ഏഴ് ഉപദേശങ്ങൾ (മത്താ. 6:19–7:28)

അടുത്തതായി യേശു പഠിപ്പിക്കുന്നത് ആധ്യാത്മിക യാത്രയിൽ മുന്നേറുവാനാഗ്രഹിക്കുന്നവർക്കുള്ള ഏഴു ഉപദേശങ്ങളാണ്.

a) സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുക (മത്താ.6:19–21) പുഴുവും തുരുമ്പും നശിപ്പിക്കുന്ന ഇഹലോകത്തിലെ നിക്ഷേപങ്ങളെക്കാളുപരി അവയൊന്നും സ്പർശിക്കാത്ത സ്വർഗ്ഗത്തിൽ നിക്ഷേപമുള്ളവർ ഹൃദയത്തിൽ അക്ഷയ്യം സൂക്ഷിക്കുന്നു.

b) കണ്ണ് ശരീരത്തിന് വിളക്കായിരിക്കട്ടെ (മത്താ. 6:2)

ഒരു കെട്ടിടത്തിന് വിളക്കു പ്രകാശം നൽകുന്നതുപോലെ ശരീരത്തിന്റെ വിളക്ക് കണ്ണായിരിക്കണമെന്നാണ് യേശു പഠിപ്പിക്കുന്നത്.

c) നിങ്ങളുടെ ഭാരങ്ങൾ ദൈവത്തിനു സമർപ്പിക്കുക (മത്താ. 6:25–34) : പ്രകൃതിയിലെ പക്ഷികളെയും, പൂക്കളെയും ഉദാഹരണങ്ങളാക്കി യേശു പറയുന്നത് ഭാവിയെപ്പറ്റിയുള്ള ഉത്കണ്ഠ ഉപേക്ഷിക്കുവാനാണ്. സ്വർഗ്ഗീയ പിതാവിന് നമ്മുടെ ആവശ്യങ്ങൾ അറിയാവുന്നതുകൊണ്ട് ലൗകിക കാര്യങ്ങളെപ്പറ്റി അമിതമായി ഭാരപ്പെടുന്നത് ആത്മീയർക്കു ഭൂഷണമല്ല.

d) മറ്റുള്ളവരെ വിധിക്കരുത് (മത്താ. 7:1–5): ഇന്ന് ധാരാളം വിശ്വാസികളുടെ യഥാർത്ഥ ജോലി മറ്റുള്ളവരെ വിസ്തരിക്കുകയെന്നതാണ്. അവർ മറ്റുള്ളവരുടെ കണ്ണിലെ കരടിനെ പ്രതി ഉത്കണ്ഠാകുലനാകുന്നതുപോലെയാണിത്; വിധിയെല്ലാം ദൈവം ചെയ്യട്ടെ.

e) യഥാർത്ഥ അപേക്ഷകൾ (മത്താ. 7:7–12): ചോദിക്കുന്നവർക്കും, വാതിലിൽ മുട്ടുന്നവർക്കും ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്കുമാണ് ദൈവീക ദാനങ്ങൾ ലഭിക്കുക. മക്കളോടു പിതാവു കാട്ടുന്ന വാത്സല്യത്തോടെ ദൈവം നമുക്ക് കൃപകൾ നൽകും.

f) ഇടുക്കു വാതിലിലൂടെ കടക്കുക (മത്താ. 7:13–23): യേശുവിന്റെ യഥാർത്ഥ അനുഗാമികൾ ഈ ലോകത്തിൽ ഇടുക്കു വാതിലിലൂടെ കടക്കുന്നവരും, കള്ള പ്രവാചകന്മാരെ തള്ളിക്കളയുന്നവരും നല്ല ഫലം കായ്ക്കുന്ന ചെടികൾ പോലെയുള്ളതുമായിരിക്കും. വാക്കുകളെക്കാളുപരി പ്രവർത്തിയാണ് നന്നാവേണ്ടത്.

g) ബുദ്ധിയോടെ ജീവിതത്തെ ക്രമീകരിക്കുക (മത്താ. 7:24–29)

ബുദ്ധിയോടെ കെട്ടിടം പണിയുന്ന ഒരു ശില്പിയെപ്പോലെ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു. മണലിന്മേലല്ല, ഉറച്ച വിശ്വാസങ്ങളും നിലപാടുകളുമുള്ള അടിസ്ഥാനത്തിലാണ് നമ്മുടെ ജീവിതം കെട്ടിയുയർത്തേണ്ടത്. അതിന് ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ ആത്മാർത്ഥതയും മനുഷ്യ ബന്ധങ്ങളിൽ കാപട്യമില്ലാത്ത തെളിമയും ആവശ്യമാണ്. ഗിരിപ്രഭാഷണത്തിന്റെ രത്നച്ചുരുക്കം ഇതാണ്. മറ്റുള്ളവർ നിങ്ങൾക്കു ചെയ്യണമെന്നാഗ്രഹിക്കുന്നവ നിങ്ങൾ മറ്റുള്ളവർക്കു ചെയ്യുക (മത്താ. 7:12). ഇതാണ് സുവർണ്ണ നിയമം.

തുടരും..

പഴയനിയമ പഠനം – 10

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

രൂത്ത്


ഇത് അതിമനോഹരമായ ഒരു ചെറുകഥയാണ്. കുടുംബബന്ധങ്ങളുടെ ദൃഢത വെളിപ്പെടുത്തുന്ന കഥ. നവോമി, രൂത്ത്, ബോവസ് എന്നീ കഥാപാത്രങ്ങളിലൂടെ കുടുംബാംഗങ്ങൾ തമ്മിലുണ്ടാകേണ്ട വിധേയത്വവും വിശ്വസ്തതയും വിവരിക്കുന്നു ഈ കഥയിലൂടെ. യോശുവാ, ന്യായാധിപന്മാർ എന്നീപുസ്തകങ്ങൾ യിസ്രായേൽ ഗോത്രങ്ങളുടെ ചരിത്രം വർണിക്കുമ്പോൾ, അതിൽനിന്നു വ്യത്യസ്തമായി ഈ പുസ്തകത്തിന്റെ പ്രമേയം ഒരു കുടുംബത്തിലേക്കു കേന്ദ്രീകരിക്കുന്നു. തുടർന്നുവരുന്ന ശമുവേൽ-രാജാക്കന്മാരുടെ പുസ്തകങ്ങളും യിസ്രായേൽ ഗോത്രചരിത്രത്തിലേക്കാണ് തിരി തെളിക്കുന്നത്. അതുകൊണ്ട്, ഈ പുസ്തകം യിസ്രായേൽ ചരിത്രപാഠങ്ങളുടെ തുടർച്ചയ്ക്ക് ഇടയ്ക്ക് കയറിവന്ന്, തുടർച്ച ഖണ്ഡിക്കുന്ന ഒരു ഗ്രന്ഥമായിരിക്കുന്നു. എബ്രായ വിശുദ്ധ ഗ്രന്ഥത്തിൽ 'രൂത്ത്' ഈ സ്ഥാനത്തല്ല കാണുന്നത്. അതിൽ ചരിത്ര ഗ്രന്ഥങ്ങൾ യോശുവ, ന്യായാധിപന്മാർ, ശമുവേൽ, രാജാക്കന്മാർ എന്നിങ്ങനെ തുടർച്ചയായി കാണുന്നു. ഇവയെ ചേർത്ത് എബ്രായ തിരുവെഴുത്തിന്റെ കാനോനിൽ രണ്ടാമത്തെ വിഭാഗമായ പ്രവചന ഗ്രന്ഥങ്ങളുടെ ഗണത്തിൽ മുൻകാല പ്രവാചക ഗ്രന്ഥങ്ങളെന്ന് പറയുമ്പോൾ, രൂത്ത്, മൂന്നാം വിഭാഗമായ 'എഴുത്തുകൾ' എന്നഗണത്തിലാണുൾക്കൊള്ളിച്ചിരിക്കുന്നത്. സപ്തതി (LXX) എന്ന യവന പരിഭാഷയാണിതിനെ ന്യായാധിപന്മാർ-ശമുവേൽ പുസ്തകങ്ങൾക്കിടയിൽ ചേർത്തത്. ന്യായാധിപന്മാരുടെ കാലത്ത് ഉണ്ടായ സംഭവം (1:1) എന്ന പരിഗണനയാണ് ഈ സ്ഥാനം നൽകുന്നതിനാധാരം. യിസ്രായേലിൽ രാജഭരണം തുടങ്ങുന്നതിനുമുമ്പുള്ള ചരിത്രം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ചെറുകഥയെന്ന് ഇതിനെ മനസ്സിലാക്കുകയാണ് ഏറ്റം അനുയോജ്യം.

കഥയുടെ ചരിത്ര പശ്ചാത്തലം തന്നെയാണ് എഴുതപ്പെട്ടകാലം എന്ന് ചിന്തിച്ചാൽ ഇത് ക്രി. മു. 11-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്നുപറയാം. അത് പക്ഷെ, വിശ്വാസ്യമല്ല കാരണം പഴയനിയമ ഭാഷയായ എബ്രായഭാഷ ഈ കാലഘട്ടത്തിൽ 'Classical Hebrew' ശൈലിയിലേക്ക് വളർന്നിരുന്നില്ല. മാത്രവുമല്ല ഒരു കഥ എഴുതുമ്പോൾ എഴുത്തുകാരന് ഏത് ചരിത്രകാലഘട്ടത്തെയും പശ്ചാത്തലമാക്കാൻ സ്വാതന്ത്ര്യമുണ്ട് (ഉദാ. എം. ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴം' എഴുതിയത് 20-ാം നൂറ്റാണ്ടിൽ, കഥാപാത്രങ്ങളും പശ്ചാത്തലവും മഹാഭാരതകഥാ സന്ദർഭം). എഴുതപ്പെട്ട കാലഘട്ടം കൃത്യമായി വെളിപ്പെടുത്തുക അസാധ്യമെന്നാണ്. എന്നാലതറിയുന്നത് ഇത് എഴുതിയതിന്റെ ലക്ഷ്യം തിരിച്ചറിയുവാൻ ഏറ്റവും സഹായകവുമാണ്.

ദാവീദ് രാജാവിന്റെ വംശാവലി സ്ഥാപിക്കുക (4:18-22), ദേവര വിവാഹം എന്ന ആചാരത്തെ ഉറപ്പിക്കുക (ആവ. 25:5-10). അതുമല്ലെങ്കിൽ ഒരു പിതാമഹന്റെ ജീവിത നന്മകളെ എടുത്തുകാണിക്കുക എന്നിവയാണ് ഈ കഥയുടെ ലക്ഷ്യമെന്നാൽ, ഇത് പ്രവാസകാലഘട്ടത്തിനു മുമ്പ് എഴുതപ്പെട്ടു എന്ന് ചിന്തിക്കാം. യിസ്രായേൽ വംശത്തിൽ പെടാത്തവർക്കും യഹോവയുടെ വിശ്വസ്ത ആരാധകരാകാം എന്ന പാഠമാണിതിലെങ്കിൽ, ഇത് പ്രവാസാനന്തര രചനയാകാം. കാരണം എസ്രാ-നെഹമ്യാവ് പുസ്തകങ്ങൾ മുന്നോട്ട് വയ്ക്കുന്ന സാംസ്കാരിക ദേശീയതയെ, സമ്മിശ്രവിവാഹം ശരിയല്ലെന്ന ചിന്തയെ (എസ്രാ. 9,10, നെഹ.10:30) ഈ പുസ്തകം വെല്ലുവിളിക്കുന്നു. യോനായുടെ പുസ്തകവും യെശയ്യാവ് 40-55 അധ്യായങ്ങളും വ്യക്തമാക്കുന്നതുപോലെ കർത്താവ് യിസ്രായേൽ ജനത്തിനുമപ്പുറം, എല്ലാ ജാതികളെയും ചേർക്കുന്നവനാണ് എന്ന ചിന്തയാണ് രൂത്തിന്റെ പുസ്തകവും മുന്നോട്ടു വയ്ക്കുന്നത്.

'വീണ്ടെടുപ്പ്' എന്നവാക്ക് 20 പ്രാവശ്യമെങ്കിലും ഈ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബോവസ് എന്നുപേരുള്ള യിസ്രായേല്യൻ രൂത്ത് എന്ന മോവാബ്യ സ്ത്രീയുടെ വീണ്ടെടുപ്പുകാരനായി. നവോമിയുടെ സ്വത്തുവാങ്ങുകയും രൂത്തിനെ ഭാര്യയാക്കുകയും എലീമെലെക്കിന്റെ കുടുംബപ്പേര് നിലനിർത്തുകയും ചെയ്തു. ഈ ബോവാസ് ക്രിസ്തുവിന്റെ പ്രതീകമാണെന്ന് പറയാം. ഒരുപുറജാതി സ്ത്രീയെക്കൂടി യേശുവിന്റെ വംശാവലിയിൽ കൊണ്ടുവന്ന് ക്രിസ്തുവിലൂടെ സകല ജനത്തിനുമുള്ള വീണ്ടെടുപ്പിനെ സൂചിപ്പിക്കുകയാണിവിടെ. ക്ഷാമകാലത്ത് ജീവസന്ധാരണത്തിനായി നവോമിയും കുടുംബവും മോവാബിലേയ്ക്കു പോകയും, ക്ഷാമം തീർന്നപ്പോൾ ഭർത്താവും മക്കളും നഷ്ടപ്പെട്ടവളായി രൂത്തിനൊപ്പം സ്വന്തദേശമായ ബേത്‌ലഹേമിലേയ്ക്ക് തിരികെവരുകയും ചെയ്യുന്നു. ബേത്‌ലഹേം പിൽക്കാലത്ത് ദാവീദിന്റെ നഗരം എന്നറിയപ്പെട്ടു.

തുടരും.



എന്റെ ഭർത്താവിന്റെ ഇളയ സഹോദരന് മാനസിക തകരാറുണ്ട്. പലതരം ചികിത്സകൾ ചെയ്തിട്ടും പൂർണ്ണമായ ശമനമില്ല. ഈ പ്രശ്നം കാരണം 35 വയസ്സായിട്ടും വിവാഹം നടന്നിട്ടില്ല. ഇയാൾ കാരണം ഇളയ സഹോദരിയുടെ വിവാഹവും വളരെ വൈകിയാണ് നടന്നത്. വന്ന ആലോചനകൾ എല്ലാം സഹോദരന്റെ കാര്യം അറിഞ്ഞപ്പോൾ മാറിപ്പോയി. ഇയാളുടെ ചില ചേഷ്ടകളും ചെയ്തികളും സഹിക്കാൻ പറ്റുന്നതല്ല. പക്ഷെ അമ്മ ഇതിനെല്ലാം കൂട്ടു നിൽക്കുകയാണ്. അപ്പൻ നേരത്തെ മരിച്ചു പോയതിനാൽ അനിയനെ നോക്കേണ്ട എല്ലാ ഉത്തരവാദിത്വവും വന്നു ചേർന്നിരിക്കുന്നത് എന്റെ ഭർത്താവിൽ ആണ്. എന്റെ കുട്ടികൾ വളർന്നു വരുന്ന പ്രായത്തിൽ ഇളപ്പപ്പന്റെ പ്രവർത്തികൾ കണ്ട് ആ രീതിയിൽ ആയി പോകുമോ എന്ന ഭയം എനിക്കുണ്ട്. എന്റെ നിർബന്ധ പ്രകാരം ഞങ്ങൾ മാറി താമസിച്ചെങ്കിലും എന്റെ അച്ചായന്റെ മനസ്സ് എപ്പോഴും അനിയന്റെയും അമ്മയുടെയും കൂടെയായിരുന്നു. ഈയിടെ ഒരു സ്ട്രോക്ക് വന്ന് അമ്മ കിടപ്പിലായി. മറ്റ് സ്ത്രീകൾ ഇല്ലാത്ത വീടായതിനാൽ ഹോം നഴ്സുമാരെ ഒന്നും കിട്ടുന്നില്ല. പോരാത്തതിന് മനോരോഗിയായ സഹോദരനും, അനിയനെയും അമ്മയെയും നോക്കാൻ ഒന്നുകിൽ ഞങ്ങൾ അങ്ങോട്ട് താമസം മാറ്റണം, അല്ലെങ്കിൽ അവരെ രണ്ടു പേരെയും ഇവിടെ കൊണ്ടുവരണം എന്ന വാശിയിലാണ് അച്ചായൻ. എനിക്ക് ജോലിയില്ല എന്നത് ശരിയാണ്. പക്ഷെ 10 വയസ്സും 8 വയസ്സും പ്രായമുള്ള രണ്ടു കുട്ടികൾ വീട്ടിലുള്ളപ്പോൾ ഇത് ശരിയാവില്ല എന്ന് എനിക്കുറപ്പുണ്ട്. അമ്മയുടെ കാര്യം ഹോം നഴ്സിനെവെച്ച് നോക്കാം, പക്ഷെ മനോരോഗിയായ അനിയന്റെ കാര്യത്തിൽ എനിക്ക് ഭയമുണ്ട്. അനിയനെ ഏതെങ്കിലും മനോരോഗാശുപത്രിയിൽ സ്ഥിരമായി താമസിപ്പിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിനൊക്കെ പരിഹാരമാകും. പക്ഷെ അച്ചായനും അമ്മയ്ക്കും അത് സമ്മതമല്ല. മരുമകളായ എന്റെ സ്വാർത്ഥതയാണ് പ്രശ്നം എന്ന മട്ടിലാണ് പലരും കാണുന്നത്". ഈയിടെ എന്റെ ക്ലിനിക്കിൽ വന്ന ഈ കേസ് ഒറ്റപ്പെട്ടതല്ല. വളരെ പ്രായോഗികമായ ഒരു പരിഹാരമല്ലേ ഈ സഹോദരിയുടെ ചിന്തയിൽ ഉരുത്തിരിഞ്ഞിരിക്കുന്നത് എന്ന് പലരും ചിന്തിക്കുന്നുണ്ടാകും. കുടുംബത്തിലെ ഒരംഗത്തിന് മാനസികരോഗം വന്നാൽ അയാളെ ഒരു മനോരോഗാശുപത്രിയിൽ കൊണ്ടുപോയി താമസിപ്പിച്ചാൽ മറ്റുള്ളവരുടെ അസൗകര്യങ്ങൾ കുറയും എന്നത് നേരുതന്നെ. പക്ഷെ വൈദ്യശാസ്ത്രം എന്തുപറയുന്നു, ചികിത്സയിലെ നൈതികത (medical ethics) എന്തു നിലപാടെടുക്കുന്നു, ക്രിസ്തുവിന്റെ മനസ്സ് എന്തു പറയുന്നു എന്ന നിലകളിൽ കൂടി നാം ചിന്തിച്ചാലേ ഈ പ്രശ്നത്തിന് ഒരു പരിഹാരമാകൂ. വൈദ്യശാസ്ത്ര ദൃഷ്ട്യാ സ്കിസോഫ്രീനിയ (schizophrenia) എന്ന രോഗമാണ് ഈ വ്യക്തിയെ ബാധിച്ചിരിക്കുന്നത്. മസ്തിഷ്കത്തിലെ ചില രാസപ്രവർത്തനങ്ങളുടെ തകരാർ മൂലം ചിന്തകളിലും, വൈകാരിക അനുഭവങ്ങളിലും, ബാഹ്യലോകത്തെ വിലയിരുത്തുന്നതിലും, സാമൂഹിക നിയമങ്ങൾ അനുസരിച്ച് പെരുമാറുന്നതിലും ഒക്കെ വ്യതിയാനങ്ങൾ ഉണ്ടാകുന്ന ഒരു അവസ്ഥയാണിത്. ഔഷധ ചികിത്സയാണ് പ്രധാനം. കൃത്യമായും ശാസ്ത്രീയമായും ചികിത്സിച്ചാൽ 60–70% പേരും നല്ല രീതിയിലുള്ള രോഗവിമുക്തി ലഭിക്കും. എന്നാൽ നിർഭാഗ്യവശാൽ പൂർണ്ണ ശമനം ഉണ്ടാകാത്ത 30%ത്തിലാണ് ഈ സഹോദരൻ പെട്ടിരിക്കുന്നത് എന്ന് തോന്നുന്നു. മുടങ്ങാതെയുള്ള ഔഷധചികിത്സയും കുടുംബാംഗങ്ങളുടെ സ്നേഹപൂർവ്വമായ പരിചരണവും ഉണ്ടെങ്കിൽ ഈ വ്യക്തിക്ക് കുടുംബത്തിലും സമൂഹത്തിലും അർത്ഥപൂർണ്ണമായി ജീവിക്കാൻ കഴിയും. വൈദ്യശാസ്ത്ര ധാർമ്മിക പ്രമാണങ്ങളും, നാട്ടിലെ നിയമങ്ങളും അനുസരിച്ച് യാതൊരു വിധ വിവേചനവും ഇങ്ങനെയുള്ള വ്യക്തികളോട് പാടില്ല. Mental Health Care Act 2017 ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്. കുടുംബത്തിൽ പൂർണ്ണ അന്തസ്സുള്ള അംഗത്വം, സമൂഹത്തിൽ പൂർണ്ണ അവകാശങ്ങൾ ഉള്ള പൗരത്വം എന്നിവ ഇദ്ദേഹത്തിന്റെ അവകാശമാണ്. നമ്മുടെ ആരുടെയും ഔദാര്യമല്ല!

മനഃപൂർവ്വം

10

ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

ഇവയ്ക്കൊക്കെ ഉപരിയായി ക്രിസ്തുവിന്റെ മനസ്സ് എന്തു പറയുന്നു എന്ന് നോക്കാം. പിറവിക്കുരുടന്റെ അന്ധതയെപ്പറ്റി മശിഹാ അരുളിച്ചെയ്ത വാക്കുകൾ ഇവിടെ പ്രസക്തമാണ്. രോഗിയായ വ്യക്തിയുടെയോ, അവന്റെ പൂർവ്വികരുടെയോ ഒന്നും കുഴപ്പം കൊണ്ടല്ല അവന് രോഗം വന്നത്. രോഗാവസ്ഥകൊണ്ട് വഴിയിൽ വീണുപോയവനെ യഥാസ്ഥാനപ്പെടുത്തുന്നതാണ് ക്രിസ്തുവിന്റെ മനസ്സ്. ഒറ്റപ്പെടുത്താതെ കണ്ടില്ലാ എന്ന മട്ടിൽ അവഗണിച്ചു മുമ്പോട്ടു പോകാതെ, അവജ്ഞ കൂടാതെ അവനെ കൂടെ കൂട്ടുക-കരുതുക. സമൂഹത്തിൽ മാനസിക രോഗങ്ങളോടുള്ള അവമതിപ്പ് അജ്ഞതയിൽ നിന്നും, ഉള്ളലിവിന്റെ (compassin-empathy) കുറവുകൊണ്ടും ഉള്ളതാണ്. വീണു കിടക്കുന്ന സഹോദരനെ, മകനെ ഒരു അസൗകര്യമായി കണ്ട് ഒഴിവാക്കാതെ ഭർത്താവിന്റെയും അമ്മയുടെയും ഉള്ളിലെ ക്രിസ്തു മാനസം തിരിച്ചറിയാൻ സഹോദരി ശ്രമിക്കൂ. കുടുംബത്തിൽ ഒരാളുടെ രോഗലക്ഷണങ്ങൾ കൊണ്ട് നിങ്ങളുടെ കുട്ടികൾക്ക് രോഗം വരില്ല-ഇത് പകരുന്ന രോഗമൊന്നുമല്ല! മറിച്ച് നിങ്ങൾ ആ വ്യക്തിയെ കൂടെ താമസിപ്പിച്ച് പരിചരിച്ചാൽ, നിങ്ങളുടെ മക്കൾക്ക് നൽകാവുന്ന ഏറ്റവും വലിയ സമ്പാദ്യം അതായിരിക്കും–സ്നേഹത്തിന്റെയും, സഹനത്തിന്റെയും, സഹിഷ്ണുതയുടെയും വലിയ നിധികൾ ആ മക്കൾ സ്വായത്തമാക്കും. സമൂഹത്തിന് നിങ്ങൾക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ ക്രൈസ്തവ സാക്ഷ്യവും സുവിശേഷവും അതായിരിക്കും. ഭർത്താവിന്റെയും അമ്മയുടെയും തീരുമാനത്തെ മാനിച്ച് മുമ്പോട്ട് പോകാൻ പരിശുദ്ധാത്മാവ് സഹോദരിയുടെ ഉള്ളിൽ പ്രവർത്തിക്കട്ടെ എന്ന് ആശംസിക്കുന്നു.

തുടരും...

ശ്രേഷ്ഠം പ്രതീകം ഈ യാത്ര

സിൻസി അന്ന തോമസ്
MPM HSS CHUNGATHARA



> ജനങ്ങളുടെ ഇടയിൽ സത്യം സൻമാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതത്രേ പ്രാർത്ഥന.

പരിശുദ്ധ പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം മലങ്കര സഭയ്ക്ക് ലഭിച്ച അമൂല്യ അക്ഷര നിധിയാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ സഞ്ചാര സാഹിത്യകൃതിയായി പൊതുവിൽ ഇത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ സാക്ഷികളായി ഈ ലോകത്തിൽ ജീവിക്കുന്ന നാം നിത്യ ജീവിതത്തിലേക്കുള്ള യാത്രയിലാണ്. വേദവും അനുബന്ധമായ പിതാക്കന്മാരുടെ വേദ വ്യാഖ്യാനങ്ങളും കുദാശകളും- ഇങ്ങനെ സഭാ ജീവിതത്തിൽ നിന്ന് ലഭിക്കുന്നതൊക്കെയും നിത്യതയിലേക്ക് ഉള്ള യാത്രയിൽ നമുക്ക് വഴിയാഹാരങ്ങളാണ്. പരിശുദ്ധ പിതാവിന്റെ യാത്രയും യാത്രാവിവരണവും നമുക്ക് ഈ നിത്യ യാത്രയിൽ പാഥേയമാണ്. ജീവിതവഴിയാത്രയിൽ നമുക്കു ചൊരിയുന്ന ആത്മിക പ്രകാശങ്ങളിലേക്കുള്ള ഒരു ലഘു അന്വേഷണമാണ് ഇവിടെ നിർവഹിക്കുന്നത്..

1. രക്ഷകനും കർത്താവുമായ ക്രിസ്തു

പരിശുദ്ധനായ പരുമല തിരുമേനിയിൽ ഇടതടവില്ലാത്ത ക്രിസ്തു ബോധ്യം ഉണ്ടായിരുന്നു എന്നുള്ളതിന് യാത്രാവിവരണം ഉത്തമ ഉദാഹരണമായി നിൽക്കുന്നു. ആദ്യന്തം നിറഞ്ഞുനിൽക്കുന്ന ക്രിസ്തു സാന്നിധ്യം മനസ്സിലാക്കുന്നതിന് സൂക്ഷ്മ വായനകൾ ഒന്നും ആവശ്യമില്ല. ഈ തീർത്ഥയാത്ര എന്തിന് എന്നതിന് കാരണമായി ആമുഖത്തിൽ തന്നെ പരിശുദ്ധൻ ഇത് വെളിവാക്കുന്നുണ്ട്. 'ലോക രക്ഷകനായ യേശു മിശിഹായുടെ കാൽപ്പാദങ്ങളാലും അതിശയ പ്രവർത്തികളാലും ലോകത്തിന്റെ പാപത്തെ നീക്കി കളയുന്ന ദിവ്യ കുഞ്ഞാടിൻ ജീവബലിയാലും ശുദ്ധീകരിക്കപ്പെട്ടതുമായ ഊർശ്ലേം പട്ടണം..' എന്ന വിശേഷണം തന്നെ ക്രിസ്തു കേന്ദ്രീകതകൃതമായ ജീവിതത്തെയും അന്വേഷണത്തെയും യാത്രയെയും കുറിക്കുന്നതാണ്. കർത്താവ് ജനിച്ച് ജീവിച്ച ആ മണ്ണിൽ പോയി പ്രാർത്ഥിക്കുവാനും പുണ്യനാട്ടിലേക്കൊരു യാത്ര നടത്താനുമുള്ള ശക്തമായ അഭിലാഷമായിരുന്നു തിരുമേനിയെ നയിച്ചത്. ക്രിസ്തുവിന്റെ ജനനം മുതൽ രക്ഷാകരമായ പുനരുത്ഥാനത്തിനും മറ്റും സാക്ഷ്യം വഹിച്ച ഇടങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും നേർച്ചകൾ അർപ്പിക്കുകയുംചെയ്തു .സൗഖ്യത്തിന്റെ ഇടമായ ബെത്സൈദാ കുളത്തിലും ശീലോഹാ കുളത്തിലും ഇറങ്ങി വെള്ളം കുടിക്കുകയും മുഖം കഴുകുകയും ചെയ്തു. "ദ്രംഷ്ടാവിനെ വിസ്തരിച്ച ആ സ്ഥലം ലോകത്തിലേക്കും കൾമലങ്ങൾമാരായ പട്ടാളത്തിന്റെ പാളയമാക്കി തീർന്നിരിക്കുന്നത് എന്തോ ഒരു ദൈവ വിചാരണയാണ് എന്നു തോന്നിപ്പോകുന്നു" എന്ന് തിരുമേനി കുറിക്കുന്നുണ്ട്. ക്രിസ്തു നടന്ന വഴികൾ, ചവിട്ടിയ മലകൾ, ക്രൂശ്,കല്ലറ ഇവയെല്ലാം നേരിട്ട് കാണുമ്പോൾ ആ അനുഭവങ്ങൾ വർണ്ണനകൾക്കപ്പുറമാണ് എന്ന് തിരുമേനിയുടെ വരികളിലൂടെ നമുക്ക് മനസ്സിലാകും. ക്രിസ്തു കേന്ദ്രീകൃതമായ തിരുമേനിയുടെ ജീവിതത്തിന്റെ പ്രതിഫലനങ്ങൾ രചനയിൽ ഉടനീളം ഉണ്ട്.

2.പ്രാർഥനയിൽ ഉള്ള സമർപ്പണം

പ്രാർഥന,പരിശുദ്ധ പരുമല തിരുമേനിയെ സംബന്ധിച്ച് വേറിട്ട് നിൽക്കുന്ന ഒന്നല്ല,പ്രാണവായു പോലെ ഒപ്പം ഉണ്ടായിരുന്നതാണ്.൧൯-ാം- നൂറ്റാണ്ടിൽ ഇങ്ങനെയൊരു യാത്രയെക്കുറിച്ച് ചിന്തിക്കുന്നതു തന്നെ അസാധാരണമാണ്. ദുർഘടവും ക്ലേശകരവുമായ ആ യാത്രയിലുടനീളം നിരന്തരമായ പ്രാർത്ഥനാനുഭവങ്ങൾ ധാരാളമായി കാണുവാൻ സാധിക്കും. "സർവ്വശക്തനായ ദൈവത്തിന്റെ കരുണയിൽ മാത്രം ആശ്രയിച്ചു കൊണ്ട് ഞങ്ങൾ യാത്ര ആരംഭിച്ചു" എന്ന് തിരുമേനി പറയുമ്പോൾ പരിപൂർണ്ണമായ സമർപ്പണം തന്നെയായിരുന്നു തിരുമേനിയുടെ യാത്രയ്ക്ക് ഊർജമായത് എന്ന് വ്യക്തമാണ്. പ്രതിസന്ധി നിറഞ്ഞ സമുദ്ര യാത്രയിൽ നോഹയുടെ കാലത്തെ പ്രളയത്തിൽ നിന്ന് പെട്ടകത്തിൽ രക്ഷിച്ച എട്ട് ആത്മാക്കളെ പോലെ സമുദ്രത്തിന്റെ വായിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് തിരുമേനി വ്യസനപൂർവ്വം പ്രാർത്ഥിക്കുന്നുണ്ട്.

പ്രാർത്ഥനയിൽ അർപ്പിച്ച വിശ്വാസം വെളിപ്പെടുത്തുന്ന അനുഭവവും തിരുമേനി യാത്രാവിവരണത്തിൽ രേഖപ്പെടുത്തുന്നുണ്ട്. വിശുദ്ധനാട്ടിൽ നിന്നുള്ള മടക്കയാത്രയിൽ ബോംബെയിൽ എത്തിയപ്പോൾ തിരുമേനിയെയും കൂടെയുള്ളവരെയും അറസ്റ്റ് ചെയ്യുവാൻ കൊച്ചിയിൽ നിന്നും തിരുനെൽവേലി യിൽ നിന്നും വാറണ്ട് പുറപ്പെടുവിച്ചു എന്ന ഒരു വാർത്ത കേൾക്കുവാൻ ഇടയായ സന്ദർഭത്തിൽ മാനസികമായി വേദനയുണ്ടായെങ്കിലും "സത്യവാൻ ആയ ദൈവത്തിനു സത്യം അറിയാമല്ലോ" എന്നോർത്ത് ധൈര്യപ്പെട്ടു യാത്ര തുടർന്നു പിന്നീട് അതൊരു തെറ്റായ വാർത്തയാണ് എന്ന് ബോധ്യപ്പെട്ടുവെങ്കിലും യാത്രാമധ്യേ പിൻമാറാതിരിക്കാൻ ദൈവത്തിലുള്ള ശരണമാണ് ശക്തിപ്പെടുത്തിയത്.

ഊർശ്ലേം യാത്ര കഴിഞ്ഞ് മടങ്ങി വന്ന് വിശുദ്ധനാട് സന്ദർശനം തനിക്കു നൽകിയ തീവ്രമായ അനുഭവത്തെക്കുറിച്ച് തിരുമേനി ഇപ്രകാരം പറയുന്നു"കർത്താവിന്റെ ശുദ്ധ കബറിൻ മുൻപാകെ ഞങ്ങൾ മുട്ടുകുത്തി പ്രാർഥിച്ചപ്പോൾ ഞങ്ങളിൽ ഓരോരുത്തരിൽ ഉണ്ടായ മനസ്സിളക്കവും പാപവിചാരവും അനുതാപവും ഭക്തിയും ഞങ്ങളുടെ ആയുസ്സിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത തീക്ഷ്ണതയിൽ ആയിരുന്നു. ഹാ! അപ്പോൾ ഞങ്ങളുടെ മനസ്സ് ദൈവത്തോട് ഒട്ടിച്ചേർന്നതു പോലെ തോന്നി. കർത്താവിന്റെ കുരിശുമരണവും കഷ്ടാനുഭവവും തന്റെ പരമവേദനയും ഞങ്ങൾ കണ്ണുകൊണ്ട് കണ്ടതുപോലെ തോന്നി. ഞങ്ങളുടെ ഹൃദയം ഉരുകി. തന്നോടുള്ള പ്രാർത്ഥനയും ധ്യാനവും നിർത്തി എഴുന്നേൽക്കുവാൻ ഞങ്ങൾക്കു മനസ്സില്ലെന്നായി.ശുദ്ധ കബറിൻ മുമ്പിൽ തന്നെ രാവുപകൽ കിടന്നു പ്രാർത്ഥിച്ചെങ്കിലൊ എന്ന് ഞങ്ങൾക്ക് തോന്നി." തിരുമേനിയുടെ അതി തീക്ഷ്ണമായ ഈ പ്രാർത്ഥന അനുഭവം വായിക്കുന്ന ഏതൊരാൾക്കും അവിടെ ചെന്ന് മുട്ടുകുത്തണം എന്ന് തന്നെ തോന്നും. ക്രിസ്തുവിൽ അലിഞ്ഞു ചേരണം എന്നും, പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെയും ആരും പറഞ്ഞിട്ടില്ലാത്ത അനുഭവം

3. സുവിശേഷം, ദൈവവചനം

ആരാധനയിലും പ്രാർത്ഥനയിലും മാത്രമല്ല ഒരു വിശുദ്ധന്റെ ജീവിതത്തിൽ ആലോചനയിലും, ചിന്തയിലും, പ്രവൃത്തിയിലും സുവിശേഷവും ദൈവവചനവും പ്രധാന പങ്ക് വഹിക്കുന്നു. അങ്ങനെ തിരുമേനിയുടെ ജീവിതത്തിന്റെ സമഗ്രതയിൽ സുവിശേഷ സത്യങ്ങളും ദൈവവചനവും ഇഴചേർന്നു നിൽക്കുന്നതായി നമുക്ക് കാണാം. ജീവിതത്തിലെ എല്ലാ കാര്യങ്ങളും അവിടുന്ന് വേദസത്യങ്ങളോട് ചേർത്തുവച്ചാണ് ചിന്തിക്കുന്നത്. ആമുഖക്കുറിപ്പിൽ തന്നെ ഇത് നിസ്സംശയം വെളിവാക്കപ്പെടുന്നു.

കപ്പൽയാത്രയുടെ തുടക്കത്തിൽ തന്നെ തിരുമേനിയുടെ മനസ്സ് ദൈവവചനത്തോടൊപ്പമായിരുന്നു. പ്രാർത്ഥനയായി മനസിൽ പറഞ്ഞതും ദൈവവചനത്തിൽ നിന്നുമാണ്. തിരുമേനിയുടെ സഹയാത്രികരെയും ദൈവവചനത്തിന്റെ കണ്ണാടിയിൽ കൂടി കാര്യം ഗ്രഹിക്കുന്ന രീതി സ്വാധീനിച്ചിട്ടുണ്ട്. യോപ്പ തുറമുഖത്ത് സംഘാംഗങ്ങൾ പരസ്പരം അറിയാതെ പിരിഞ്ഞുപോകുമ്പോൾ "എന്റെ പിതാവ് കഴുതകളെ കുറിച്ചുള്ള വിചാരം വിട്ടിട്ട് എന്നെക്കുറിച്ച് വ്യസനിക്കുമെന്ന് ശൗലിന് ഉണ്ടായ വിചാരം" കൂടെയുള്ളവർക്ക് ഉണ്ടായി എന്ന് തിരുമേനി രേഖപ്പെടുത്തുന്നുണ്ട്.

അതു കൂടാതെ, ചെറിയതും വലിയതുമായ ഓരോ സ്ഥലങ്ങളും സന്ദർശിക്കുമ്പോഴും അതാതു സ്ഥലങ്ങളിൽ നടന്നു എന്ന് വിശ്വസിക്കുന്ന സുവിശേഷ സംഭവങ്ങളെ ക്രമമായി തിരുമേനി ഓർമിച്ച് എടുക്കുന്നുണ്ട്. ഇതേ രീതി തന്നെ ഓശാന മുതൽ കൃംത ഞായറാഴ്ചക്കു ശേഷമുള്ള ആഴ്ചയുടെ മധ്യം വരെയുള്ള വിവിധ ശുശ്രൂഷകളും ആരാധനയും നിർവഹിക്കുമ്പോഴും അത് അനുവർത്തിക്കുന്നുണ്ട്.

ഭൂമിശാസ്ത്രപരമായ വിശദീകരണങ്ങളിൽ പോലും പരിശുദ്ധ തിരുമേനി തിരുവചനം ഉദ്ധരിക്കുന്നുണ്ട്. "ഊർശ്ലേം പർവ്വതങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു" എന്ന സങ്കീർത്തനക്കാരൻ പാടിയിട്ടുള്ളതിനെ, വിശുദ്ധ പട്ടണത്തെ സംബന്ധിച്ച് വിവരിക്കുമ്പോൾ തിരുമേനി രേഖപ്പെടുത്തുന്നു. യാത്രാവിവരണം അവസാനിക്കുമ്പോഴും ദൈവീക ആരാധനയുടെ സ്വഭാവത്തെ സംബന്ധിച്ച് പറയുവാനായി ശമര്യക്കാരി സ്ത്രീയോട് കർത്താവ് നിഷ്കർഷിച്ച ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയെ സംബന്ധിച്ച് സൂചിപ്പിച്ചുകൊണ്ടാണ്.

4. ആരാധന

പരിശുദ്ധന് ആരാധനയിൽ ഉള്ള നിഷ്കർഷ സുവിദിതമാണ്. ജീവശ്വാസം പോലെ പ്രധാനമായി ആരാധനയെ കണ്ടിരുന്നു എന്നത് യാഥാർഥ്യമാണ്. ഈ സമർപ്പണ സ്വഭാവം തീവ്രതയോടെ യാത്രാവിവരണത്തിലും പ്രതിഫലിച്ചിരിക്കുന്നു. പ്രത്യേകിച്ചും വിശുദ്ധകുർബാന കഴിയുള്ള ദിവസങ്ങളിൽ മുടങ്ങാതിരിക്കാൻ വേണ്ട ശ്രദ്ധ കൊടുത്തിരുന്നു. യാത്ര ആരംഭിക്കുന്നതിനു മുൻപ് പരുമലയിൽ പള്ളിയുടെ താൽക്കാലിക കൂദാശ നിർവ്വഹിച്ച് വിശുദ്ധ കുർബാന അനുഷ്ഠിച്ചു. പിന്നീട് ബോംബെ, പോർട്ട്സെയിദ്, ദയറാപള്ളി, കൃംത്യാ പള്ളി, ഗെദ്സീമോൻപള്ളി എന്നിവിടങ്ങളിൽവിശുദ്ധ കുർബാന അനുഷ്ഠിക്കുകയും വിശുദ്ധകുർബാന സംബന്ധം ഉള്ള സഭയുടെ ആരാധനയിൽ പങ്കു കൊള്ളുകയോ ചെയ്തിട്ടുണ്ട്.

ചില പ്രത്യേക സ്ഥലങ്ങൾക്ക് വിശുദ്ധിയും പ്രാധാന്യവും കൽപ്പിച്ചു കൊടുക്കുക എന്നുള്ളത് നമ്മുടെ ആത്മീയ പാരമ്പര്യത്തിൽ ഉള്ളതാണ്. അതിനെക്കുറിച്ച് തിരുമേനിക്ക് നിശ്ചയമായും ബോധ്യമുണ്ടായിരുന്നു. ഈ യാത്രയ്ക്കുള്ള കാരണം വിശദീകരിക്കുമ്പോൾ ഇത് പറയുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനെ അടക്കം ചെയ്തത് എന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലത്ത് സുറിയാനിക്കാർക്ക് നൽകപ്പെട്ടിട്ടുള്ള തവണ ദിവസം പരിശുദ്ധ തിരുമേനി വിശുദ്ധ കുർബാന അനുഷ്ഠിച്ചതിനെ സംബന്ധിച്ച് എടുത്തു പറയുന്നുണ്ട്. ചില സ്ഥലങ്ങൾ ആരാധനയ്ക്കായി സവിശേഷമായി വേർതിരിക്കുക എന്നുള്ളത് നിശ്ചയമായും അർത്ഥപൂർണ്ണമാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

കൂടാതെ വളരെ സൂക്ഷ്മതയോടെ പരിശുദ്ധ തിരുമേനി സാക്ഷ്യം വഹിച്ചതും പങ്കു കൊണ്ടതുമായ വിശുദ്ധവാരാചരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. ദയറാ പള്ളിയിലും കൃംതാ പള്ളിയിലുമായി മാറിമാറി നടത്തിയ ശുശ്രൂഷകൾ വളരെ വ്യക്തമായി പ്രതിപാദിക്കുന്നതിലൂടെ പരിശുദ്ധ പിതാവിന്റെ ആരാധനയിൽ ഉള്ള സമർപ്പണം അന്യാദൃശ്യമായ വിധത്തിൽ പേനയിൽ കൂടി നമുക്ക് ലഭ്യമാകുന്നുണ്ട്. സാധാരണ മലങ്കരയിൽ പരിചിതമായ ശുശ്രൂഷകളിൽ നിന്നും വ്യത്യസ്തമായ 'പുത്തൻ തീ'യുടെ അനുഭവത്തെ ആരാധനയുടെ മനോഹര അനുഭവമായി വരച്ചു കാട്ടുന്നതും ശ്രദ്ധേയമാണ്. ആത്മാവിലും സത്യത്തിലും സേവിക്കേണ്ട ദൈവത്തെ അതിന്റെ പൂർണ്ണതയിൽ അനുഭവത്തിലേക്ക് കൊണ്ടുവരുവാൻ കാഴ്ച സഹായിക്കുമെന്ന ആത്മീയ തത്വവും നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ ആരാധനയിൽ അവശ്യം ഉണ്ടാവേണ്ട സമർപ്പണവും അതിന്റെ ആത്മീയ അർത്ഥവും ഈ യാത്രാവിവരണം നമുക്ക് പങ്കുവെച്ചു നൽകുന്നു.

5. ദൈവജനം

സഭാ ജീവിതത്തിൽ ദൈവജനത്തിനുള്ള പങ്കാളിത്തത്തെ സംബന്ധിച്ച് കൃത്യതയുള്ള ബോധ്യം പരിശുദ്ധ പിതാവിന് ഉണ്ടായിരുന്നു എന്ന് നിസ്സംശയം പറയുവാൻ സാധ്യമാകും. നേർച്ചകാഴ്ചകളായി ജനങ്ങളിൽനിന്ന് സ്വീകരിച്ചിട്ടുള്ളത് അർപ്പണം ചെയ്യുമ്പോൾ നടത്തിയ പ്രാർത്ഥനകളും ജനങ്ങൾക്കായുള്ള മധ്യസ്ഥതയും ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. കഷ്ടാനുഭവ ആഴ്ചയിൽ വിശുദ്ധ നാട്ടിൽ നടത്തിയ ശുശ്രൂഷകളെ സംബന്ധിച്ച് പറയുന്നത് തന്നെ "നമ്മുടെ ജനത്തിനുവേണ്ടി" നിർവഹിച്ചു എന്നാണ്. തുടർന്ന് ജനങ്ങൾ നൽകിയ വഴിപാട് എല്ലാം ബാവായെ ഏൽപ്പിച്ചു എന്നും പറയുന്നുണ്ട്.
പ്രാർത്ഥനയെ സംബന്ധിച്ചുള്ള പിതാവിന്റെ വിവരണം ഹൃദയസ്പർശിയാണ്; 'അനുഗ്രഹങ്ങളുടെ മഹാസമുദ്രം ആയ കർത്താവ് അവരുടെ നേർച്ചകളും വഴിപാടുകളും കൈക്കൊണ്ട് സകല അപകടങ്ങളിൽ നിന്നും അവരെ കാത്തുകൊള്ളട്ടെ' എന്നാണ് പ്രാർത്ഥിക്കുന്നത്. സഹോദര സഭകളിലെ വിശ്വാസികളോടും തിരുമേനി അതിസ്നേഹത്തോടും അനുഭാവത്തോടെയുമാണ് പെരുമാറിയിരുന്നത്. അവരുടെ ഭക്ത്യാദരവുകളും സ്നേഹവും നന്ദിപൂർവ്വം ഓർമ്മിച്ചെടുക്കുന്നു. പോർട്ട്സായിഡിലെ ഈഗുപ്തിയാപള്ളിയിലെ (കോപ്റ്റിക്) അംഗങ്ങൾ എതിരേറ്റതിനെ സംബന്ധിച്ചു പറയുന്നത് 'വളരെ ഭക്തിയുള്ള ഒരു കൂട്ടം' എന്നാണ്.കൃംത്യാ പള്ളിയിൽ പുത്തൻ തീ ഇറങ്ങുന്ന സന്ദർഭത്തിൽ അവിടെ ഒരുമിച്ച് കൂടിയ ദൈവജനത്തെക്കുറിച്ച് തിരുമേനി വിശദമായി പരാമർശിക്കുന്നുണ്ട്.

വിശുദ്ധ നാട്ടിലേക്കുള്ള യാത്രയിൽ സ്വദേശത്തുനിന്നു പുറപ്പെട്ടു പോകുമ്പോൾ യാത്ര അയയ്ക്കുവാൻ വന്ന ജനങ്ങളുടെ വ്യസനവും തിരികെ വരുമ്പോൾ സ്വീകരിക്കുവാൻ വന്ന ജനങ്ങളുടെ സന്തോഷവും തിരുമേനി വിവരിക്കുന്നുണ്ട്. എത്രമാത്രം അവിടുത്തെ ശുശ്രൂഷകളിൽ ദൈവ ജനത്തോടുള്ള ബന്ധം തീവ്രമായിരുന്നു എന്ന് ഇത് നമ്മെ മനസ്സിലാക്കിത്തരുന്നു.

6. അതിർവരമ്പുകളെ ഭേദിക്കുന്ന കൂട്ടായ്മകൾ

ബോംബെ മുതലുള്ള വലിയ പട്ടണങ്ങൾ മുതൽ വിശുദ്ധനാട് വരെയുള്ള യാത്രയിൽ ജാതി മത വർഗ്ഗ ഭേദമന്യേ ധാരാളം വ്യക്തികളുമായും പരിശുദ്ധ പിതാവിന് ഇടപഴകേണ്ടി വരുന്നുണ്ട്. സഹായികളായി ഒപ്പം ചേർന്നവർ, വഴികാട്ടികൾ, കച്ചവടക്കാർ, വ്യവസായികൾ, ഭിക്ഷ തേടുന്നവർ, ഔദ്യോഗികമായി ഉന്നത സ്ഥാനികൾ ആയിട്ടുള്ളവർ - ഇങ്ങനെ ബഹുവിധമായ മേഖലകളിൽ ഉള്ളവരെ പരിശുദ്ധ പിതാവ് കണ്ടുമുട്ടുന്നു. അവരോടെല്ലാം മനസലിവോടെയും ദീനാനുകമ്പയോടെയും സ്നേഹത്തോടെയും പ്രാർത്ഥനയോടെയും സർവോപരി വിനയത്തോടെയും ഇടപെടുന്ന പിതാവിനെയാണ് കാണുവാൻ കഴിയുന്നത്. ജാതിയുടെയോ മതത്തിന്റെയോ പേരിൽ ആരെയും വിമർശിക്കുകയോ വിധിക്കുകയോ ചെയ്യുന്നില്ല. ഇത് ഉറപ്പായും ദൈവ സ്നേഹത്തിന്റെ പ്രതിഫലനങ്ങളാണ്.

ഉപസംഹാരം

കർത്താവായ യേശുക്രിസ്തു ലോകരക്ഷകൻ ആണെന്നുള്ള ബോധ്യം, അവിടുത്തോടുള്ള പ്രാർത്ഥനയിൽ സമർപ്പിതമായ ജീവിതം, അതിന് ആധാരമായി തീരേണ്ട ദൈവവചനം എന്ന വലിയ പ്രകാശം, പുത്രനിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ കേന്ദ്രീകരിച്ച നിഷ്കർഷയോടെ ഉള്ള ആരാധന, ദൈവ ജനത്തോടുള്ള ഉത്തരവാദിത്വം, പൊതുജീവിതത്തിൽ ഉള്ള നമ്മുടെ കൂട്ടായ്മകളിൽ നന്മയും മിതത്വവും- ഇപ്രകാരം ക്രിസ്തീയ ജീവിതത്തിൽ അവശ്യം വേണ്ടിയിരിക്കുന്ന എല്ലാ അംശങ്ങളും പ്രതിഫലിക്കുന്ന കൃതിയാണ് 'ഊർശ്ലേം യാത്രാവിവരണം'. അത് കേവലം ഒരു യാത്രയുടെ വിവരണം അല്ല, നമ്മുടെ ജീവിതയാത്രയുടെ പാതകളിൽ പ്രകാശം ചൊരിയുന്ന വഴിവിളക്ക് ആകുന്നു. ○

2ND DEATH ANNIVERSARY
25-11-2020



ALEYAMMA PHILIP
(Kunjunjamma)

Sunny Villa

(Parangammoottil - Kaippallil Kolakottu)

**Chanjodi, Kottamuri P. O.,
Changanacherry – 686105,
Kottayam Dist.**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ
വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

കോവിഡ്-19 മാനവ ചരിത്രത്തിന്റെ ഗതിവിഗതികളെ നിർണ്ണായകമായി നിയന്ത്രിക്കുന്ന ഒരു മഹാമാരിയായി തുടരുന്നു. സാമൂഹ്യ അകലം പാലിക്കേണ്ടത് (ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്ന് ഒരു നിശ്ചിത അകലമായിരിക്കുക) ഇന്ന് അനിവാര്യമായിത്തീർന്നിരിക്കുന്നു. ആരോഗ്യപരിപാലന രംഗത്തു നാം നേടിയെടുത്ത നേട്ടമെല്ലാം ഒരു സൂക്ഷ്മാണുവിന്റെ വ്യാപനത്താൽ നിഷ്പ്രഭമായിരിക്കുന്നു. മാനവസംഗമ വേദികൾ മിക്കതും ആളൊഴിഞ്ഞുകിടക്കുന്നു. വരുംതലമുറയെ വാർത്തെടുക്കേണ്ട സ്കൂൾ-കോളേജുകളും അക്കൂട്ടത്തിൽപ്പെടും. ആരാധനാലയങ്ങളിൽ നാമമാത്രമായ വിശ്വാസികളാണ് ആരാധനയ്ക്കെത്തുന്നത്. ഭീതി നിറഞ്ഞ അനിശ്ചിതത്വത്തിന്റെ ദിനങ്ങൾ എന്നവസാനിക്കുമെന്നറിയാതെ മാനവസംസ്കാരം തണുത്തുറഞ്ഞു നിൽക്കുകയാണ്. വരും ദിനങ്ങളെക്കുറിച്ചുള്ള ശുഭ ചിന്തകളാണ് നമുക്ക് പ്രതിസന്ധികളെ അതിജീവിക്കുവാൻ പ്രചോദനമേകുന്നത്. ചില കോവിഡ്കാല ചിന്തകൾ പങ്കുവയ്ക്കാം.

1. മഹാമാരി-എന്ത്?

മഹാമാരി എന്നാൽ ലളിതമായ ഭാഷയിൽ 'പെരുമഴ' എന്നർത്ഥം. പ്രകൃതിയെ മുഖ്യമായും ആശ്രയിച്ചുകഴിഞ്ഞിരുന്ന കാലത്ത് മനുഷ്യജീവിതത്തിന് അനുപേക്ഷണീയമായവയെല്ലാം (വസ്ത്രം, ഭക്ഷണ സാധനങ്ങൾ, മൃഗങ്ങൾ, ഇന്ധനസാമഗ്രികൾ ഇവയെല്ലാം) തുറസ്സായ ഇടങ്ങളിലായിരുന്നു സൂക്ഷിച്ചിരുന്നത്. ഒരു പെരുമഴ ഇവയെ നശിപ്പിക്കുകയോ ഇവയ്ക്ക് കേടുപാടുകൾ വരുത്തുകയോ ചെയ്യുമായിരുന്നു. ഇവയെ ആശ്രയിച്ച് ജീവിതം നയിക്കുന്നവർക്ക് പെരുമഴ ഒരു മഹാദുരന്തം തന്നെയായിരുന്നു. അതു ജീവിതത്താളം തെറ്റിക്കുകയും ജീവിതം ദുസ്സഹമാക്കുകയും ചെയ്യുമായിരുന്നു. മഴ അനുഗ്രഹമായി കണ്ടിരുന്നവർ എന്നാൽ പെരുമഴയെ ഒരു മഹാമാരിയായി കണ്ട് ഭയപ്പെട്ടിരുന്നു. പകർച്ചവ്യാധിയെയും മനുഷ്യർ ഒരു മഹാമാരിയെപ്പോലെ ഭയപ്പെട്ടിരുന്നു. ഒരു പ്രദേശത്തെ ജനജീവിതത്തെ അസ്വസ്ഥമാക്കുന്ന പ്രളയവും മഹാമാരിയും epidemic ആണ്. രണ്ടു ഗ്രീക്ക് വാക്കുകളിൽ നിന്നാണ് epidemic എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായിരിക്കുന്നത്. Epi എന്നവാക്കിന് upon, concerning എന്നൊക്കെയാണ് അർത്ഥം. ഒന്നിനെ ബാധിക്കുന്നത്, സംബന്ധിക്കുന്നത് എന്ന് സാരം. Demos എന്ന ഗ്രീക്ക് വാക്കിന് ജനം, ആളുകൾ എന്നർത്ഥം. അപ്പോൾ epidemic എന്നാൽ ജനത്തെ സംബന്ധിക്കുന്നത്, ബാധിക്കുന്നത് എന്നർത്ഥം. ഒരു പ്രദേശത്തെ ജനത്തെ ബാധിക്കുന്ന വലിയ പ്രതിസന്ധിയാണ് epidemic.

ഇന്ന് നാം നേരിടുന്ന മഹാമാരി കോവിഡ്-19 ഒരു pandemic ആണ്. അത് ഒരു പ്രദേശത്തെ ജനത്തെയും ജീവിതത്തെയുമല്ല ബാധിക്കുന്നത്. അത് സർവ്വവ്യാപകമായി നാശം വിതയ്ക്കുന്നു. Pandemic എന്നവാക്കും Pan എന്നും demos എന്നുമുള്ള രണ്ട് ഗ്രീക്ക് വാക്കുകളിൽ നിന്ന് രൂപം കൊണ്ടതാണ്. Pan എന്നവാക്കിന് സർവ്വവും, സകലവും, എല്ലാം എന്ന് അർത്ഥം. അതുകൊണ്ട് pandemic സർവ്വജനത്തെയും ബാധിക്കുന്ന പ്രശ്നമാണ്. അതിന്റെ തീവ്രത കാല-ദേശങ്ങൾക്ക് അതീതമാണ്. കോവിഡ്-19 ഉയർത്തുന്ന വെല്ലുവിളി മാനവചരിത്രത്തിൽ തന്നെ അപൂർവ്വമാണ്.

2. മഹാമാരി എന്തുകൊണ്ട്?

വിശ്വാസ സമൂഹം താണ്ടിയിട്ടുള്ള കനൽവഴികളുടെ ചരിത്രം നമ്മുടെ പ്രയാണത്തിനുള്ള ചൂണ്ടുപലകയാണ്. വേദപുസ്തക ചരിത്രമനുസരിച്ച് മനുഷ്യവർഗ്ഗം നേരിട്ട ആദ്യമഹാദുരന്തം ഒരു മഹാമാരി തന്നെയായിരുന്നു. നാൽപതു രാവും പകലും ഭൂമിയിൽ മഴ പെയ്തു വലിയ പ്രളയമുണ്ടായി (ഉല്പത്തി 7:4, 12). നൂറ്റി അൻപതു ദിവസം ഭൂമിയിൽ വെള്ളം നിറഞ്ഞുനിന്നു (ഉല്പത്തി 7:24). എന്നാൽ ഈ മഹാമാരി അനിവാര്യമായിരുന്നു. ദൈവം തന്നെയാണതുവരുത്തിയത്. ഭൂമിയിൽ വർദ്ധിച്ചു പെരുകിയ മനുഷ്യരുടെ അതിക്രമം അത്രകണ്ടു വലുതായിരുന്നു (ഉല്പത്തി 6:13). മനുഷ്യരെ സൃഷ്ടിച്ചതുകൊണ്ടു ദൈവം അനുതപിക്കുകകൂടി ചെയ്തു. ദൈവം ഭൂമിയിലുള്ള സർവ്വ ചരാചരങ്ങളെയും മഹാപ്രളയത്തിലൂടെ ഉന്മൂലനം ചെയ്തു. സൃഷ്ടിയുടെ മകുടം എന്നു വിശേഷിപ്പിക്കാവുന്ന മനുഷ്യരുടെ ദുഷ്ടതയും തിന്മയും മൂലം ആദ്യത്തെ മഹാമാരി ഉണ്ടായി. എന്നാൽ ദൈവസ്നേഹത്തിന്റെ സാന്ത്വന സ്പർശനം ആ മഹാദുരന്തത്തിലുമുണ്ടായി. ആ തലമുറയിലെ നീതിമാനായ നോഹക്കു ദൈവകൃപ ലഭിച്ചു. അവൻ മുഖാന്തിരം അവന്റെ കുടുംബവും തിരഞ്ഞെടുക്കപ്പെട്ട ജീവജാലങ്ങളും വീണ്ടെടുക്കപ്പെട്ടു. ഒരു തിരഞ്ഞെടു

സാമൂഹ്യ അകലവും കൗദാശികമായ അടുപ്പവും

കോവിഡ് പശ്ചാത്തലത്തിൽ

ഫാ. ഡോ. റെജി ഗീവർഗീസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



ക്കപ്പെട്ട ശേഷിപ്പിലൂടെ അങ്ങനെ ദൈവം മനുഷ്യർക്കു വീണ്ടെടുപ്പും പ്രതീക്ഷയും നൽകി. ദൈവപദ്ധതിക്കുവിരോധമായും ദൈവജനത്തിനെതിരായും പ്രവർത്തിച്ചവർക്കുമഹാദുരന്തങ്ങൾ നേരിടേണ്ടിവന്നു (പുറപ്പാട് 7:4-12:7). കനാൻ നാട്ടിൽ വന്നശേഷം യിസ്രായേൽ ജനത ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ചു. ശൗലിന്റെ ശക്തമായ ഭരണം പിന്നീട് ദുരന്തങ്ങൾക്കു വഴിതുറന്നുകൊടുത്തു. യിസ്രായേൽ എന്ന ഏകരാജ്യം തെക്കുംവടക്കുമായി രണ്ടു രാജ്യങ്ങളായി തീർന്നു. ദൈവജനം പിന്നീട് പ്രവാസികളായി കഴിയേണ്ടിവന്നു. ദൈവത്തിന്റെ ന്യായപ്രമാണം ലംഘിക്കുന്നതുമൂലമാണ് ഈ ദുരന്തങ്ങൾ അവർക്കു വരുന്നതെന്ന് പ്രവാചകന്മാർ അവരെ ഓർമ്മിപ്പിക്കുമായിരുന്നു (യിരെമ്യാവ് 29:18-19, ആമോസ് 3:1). യഹോവയുമായി ഉടമ്പടി ചെയ്ത ജനം ഭൗതിക സമൃദ്ധിയിൽ ദൈവത്തെ മറന്നു ജീവിക്കുവാൻ ഇടയായി. സാമൂഹ്യ തിന്മകളാൽ സാധാരണ ജനജീവിതം ദുസ്സഹമായി. എന്നാൽ യിസ്രായേൽ ദൈവത്തിലേക്കു തിരിഞ്ഞുവരണമെന്ന് പ്രവാചകന്മാർ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. മാനസാന്തരം ഏതു ജനതയ്ക്കും പാപമോചനവും വീണ്ടെടുപ്പും ഉറപ്പാക്കുമെന്ന് നിനുവയിലെ ജനങ്ങളുടെ ആത്മതപനത്തിലൂടെ വ്യക്തമായി. ഇതിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത് രക്ഷിക്കുന്ന ദൈവം തന്നെ മനുഷ്യരുടെ ആത്മതപനത്തിനും സമൂഹത്തിന്റെ ശരിയായ പ്രവർത്തനത്തിനും ദൈവ മനുഷ്യബന്ധം ശരിയായി നിലനിർത്തുന്നതിനും ചില മാർഗ്ഗങ്ങൾ അവലംബിക്കും. ചിലപ്പോൾ അത് മഹാദുരന്തമോ, മഹാമാരിയോ പോലും ആയിരിക്കും.

3. മാനസാന്തരം-അതിജീവനോപാധി

കാലസമ്പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ ഉപദേശസാരം മാനസാന്തരമായിരുന്നു. ദുരന്തവും, മഹാമാരിയും അനുതാപത്തിനുള്ള ആഹ്വാനമായി ദൈവപുത്രൻ കണ്ടിരുന്നു. പീലാത്തോസ് ഗലീലക്കാരുടെ രക്തം യാഗത്തോടു കൂട്ടിക്കലർത്തിയത് മത-സാമൂഹിക-രാഷ്ട്രീയ മാനങ്ങളുള്ള ഒരു സംഭവമായിരുന്നു. യേശു അതിനെ കണ്ടത് മാനസാന്തരത്തിനുള്ള അവസരമായിട്ടാണ്. ശീലോഹാമിൽ ഗോപുരം വീണ് 18 പേർ മരിച്ചതും മാനസാന്തരത്തിനുള്ള ആഹ്വാനമായി യേശു ചിത്രീകരിച്ചു (ലൂക്കോസ് 13:1-5). യേശുവിന്റെ ഈ സമീപനം ദുരന്തങ്ങളെക്കുറിച്ച് നമുക്ക് പുതിയ ഉൾക്കാഴ്ച നൽകുന്നു. ജീവിത പുനർവായനക്കുള്ള ആഹ്വാനമാണ് മഹാമാരി.

കോവിഡ്-19 ഒരു മഹാമാരിയായി നമ്മെ ഭയപ്പെടുത്തുന്നുവെങ്കിലും അനന്തസാധ്യതകളുടെ വാതായനങ്ങൾ അതു നമുക്കു തുറന്നുതരുന്നു. ജീവിത സമ്മർദ്ദം നമ്മുടെ മേൽ ഏല്പിച്ച തിരക്കുകളിൽ നിന്ന് അത് നമ്മെ സ്വതന്ത്രരാക്കി. അറ്റുപോയ വ്യക്തിബന്ധങ്ങളെ കൂട്ടിച്ചേർക്കുന്നതിനുള്ള ഒരു കാലമാണിത്. നാം അഭിരമിച്ചിരുന്ന ശീലങ്ങളോടു വിടപറഞ്ഞ് പുതിയതിലേക്കു കാൽവയ്ക്കാനുള്ള സമയമാണിത്. ജീവിതത്തിലെ അനിവാര്യതയെ പുൽകി അനാവശ്യങ്ങൾ ഒഴിവാക്കാൻ നാം ശീലിച്ചു തുടങ്ങി. നമുക്ക് ചിരപരിചയമായ സംസ്കാരത്തിന് ബദൽ സംസ്കാരം പണിതുയർത്തുവാൻ നാം നിർബന്ധിതരായി തീർന്നിരിക്കുന്നു. ജീവനാണ് ജീവിതത്തെക്കാൾ വലുതെന്ന് നമ്മെ പഠിപ്പിച്ച ശക്തനായ ഒരു ഗുരുവാണ് കോവിഡ്-19. അത് ഒരു പരമാധികാരന്റെ ശക്തിയോടെ നമ്മുടെ ദൃശ്യതലത്തെ പിടിച്ചുലച്ചു. എങ്കിലും അത് ഒരു സൂക്ഷ്മാണുവായി നമ്മുടെ ദൃശ്യതലത്തിന് അഗമ്യനായിരിക്കുന്നു. നമ്മുടെ സ്ഥൂല പ്രപഞ്ചത്തെ അതിസൂക്ഷ്മമായ ഒരു അണുവിനുപോലും കീഴടക്കാനാകുമെന്ന തിരിച്ചറിവ് ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനു പുതിയ ദിശാബോധം നൽകേണ്ടതാണ്.

വിശ്വാസികൾക്ക് ഏതു പ്രതിസന്ധിയെയും നേരിടുവാനുള്ള ശക്തി ലഭിക്കുന്നത് ദൈവികബന്ധത്തിൽ നിന്നാണ്. പ്രതിസന്ധികൾ യഥാർത്ഥത്തിൽ വിശ്വാസത്തിന്റെ ആഴം വർദ്ധിപ്പിക്കുവാനുള്ള അവസരങ്ങളാണ്. ദൈവപരിപാലനത്തിന്റെ സാന്ത്വന പരിലാളനം തിരിച്ചറിയാൻ കഴിയുന്ന ചില പരിചിന്തനങ്ങൾ.

1. ദൈവഭവനവും സ്വഭവനവും പരസ്പര പൂരകങ്ങൾ

ഒരു വിശ്വാസിക്ക് ദേവാലയവും സ്വഭവനവും ആദ്ധ്യാത്മികതയുടെ രണ്ടുവേദികളാണ്. യഥാർത്ഥത്തിൽ ഇവ രണ്ടും ആത്മീയ ജീവിതത്തെ കരുപ്പിടിപ്പിക്കുന്ന മൂശകളാണ്. ഇവ പരസ്പര പൂരകങ്ങളായിത്തീരുമ്പോൾ ആത്മീയ ജീവിതത്തിന് വ്യക്തത കൈവരും. നമ്മുടെ ഭവനങ്ങൾ നമ്മുടെ മാത്രം ആവാസസ്ഥലമല്ല; ദൈവചൈതന്യം നിറഞ്ഞുനിൽക്കുന്ന ഇടങ്ങൾകൂടിയാണവ. ദൈവപുത്രന്റെ തിരുജനനത്തിന്റെ സുവിശേഷം ആദ്യമെത്തിയത് നസറെത്തിലെ ഒരു ഭവനത്തിലാണ്. ആ ഭവനത്തിൽ തന്നെയാണ് യേശുവളർന്നതും (ലൂക്കോസ് 2:51). യെരുശലേം ദേവാലയത്തിൽ ദിനരാത്രങ്ങൾ ചിലവഴിച്ച കർത്താവ് (ലൂക്കോസ് 2:46, 49) മാതാപിതാക്കൾക്കൊപ്പം ആ ഭവനത്തിൽ വന്നു പാർത്തു. തന്റെ പിതാവിന്റെ ഭവനത്തിൽ താൻ ആയിരിക്കണമെന്ന് അറിയാമായിരുന്ന കർത്താവ് (ലൂക്കോസ് 2:49) നസറെത്തിലെ ഭവനത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു (2:51). യെരുശലേം ദേവാലയവും നസറെത്തിലെ ഭവനവും യേശുവിന്റെ ജീവിതത്തിന്റെ സുപ്രധാന കേന്ദ്രങ്ങളായിരുന്നു. തന്റെ പരസ്യശുശ്രൂഷയിൽ ഉടനീളം കർത്താവ് ഭവനങ്ങൾ സന്ദർശിച്ച് ആതിഥ്യം സ്വീകരിച്ചിരുന്നു.

കർത്താവിന്റെ പരസ്യശുശ്രൂഷയുടെ അവസാനം വി. കുർബ്ബാന സ്ഥാപിച്ചതും ഒരു ഭവനത്തിലായിരുന്നു. സുവിശേഷകനായ മർക്കോസിന്റെ അമ്മ മറിയയുടെ ഭവനമായിരുന്നു അത് (ലൂക്കോസ് 22:10-13, അപ്പോസ്തോലപ്രവർത്തികൾ 1:13, 12:12). ആ ഭവനം ആദിമസഭയുടെ ആരാധനാ കേന്ദ്രമായി മാറി. ആദിമസഭയുടെ ആരാധനാ കേന്ദ്രങ്ങളായിരുന്നു ഭവനങ്ങൾ (അപ്പോസ്തോലപ്രവർത്തികൾ 2:46, 20:20, റോമർ 16:5, 1 കൊരിന്ത്യർ 16:19, കൊലൊസ്യർ 4:15, ഫിലേമോൻ 2). ആരാധനയ്ക്കു മാത്രമായി ആലയങ്ങൾ പണിയുന്നത് സഭയുടെ പിൽക്കാല ചരിത്രത്തിലാണ്. ആരാധനാലയങ്ങളിൽ വിശ്വാസികൾക്കു നിയന്ത്രണമുള്ള കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ ഭവനങ്ങളെ വചനപാരായണം കൊണ്ടും ആദ്ധ്യാത്മിക അനുഷ്ഠാനങ്ങൾ കൊണ്ടും നമുക്ക് ദേവാലയങ്ങളാക്കി മാറ്റാം. ക്രിസ്തു വസിക്കുന്ന ഇടങ്ങളായി മാറണം നമ്മുടെ ഭവനങ്ങൾ. അപ്പം പങ്കിട്ടും, വചനം പങ്കിട്ടും, സൗഖ്യം നൽകിയും കർത്താവിന്റെ തീൻമേശകൾ മാറിയതുപോലെ നമ്മുടെ തീൻമേശകൾ വചന പരിചിന്തനത്തിനുള്ള വേദികളായും മാറണം. ഭക്ഷണം കഴിച്ചതിനുശേഷമുള്ള പ്രാർത്ഥനയിൽ നാം ഉരുവിടുന്നതുപോലെ ദൈവ മഹത്വത്തിനായി പ്രവർത്തിക്കുവാൻ നമുക്കുകഴിയട്ടെ.

2. പലരായ നാം ഒരു ശരീരം

നമ്മുടെ ശരീരത്തിലെ വിവിധ അവയവങ്ങൾ ഒന്നിച്ചു ചേർന്നു പ്രവർത്തിക്കുന്നതുപോലെ നാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ഒന്നായി നിലകൊള്ളുന്നു. വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നായിരിക്കുന്നത് പരിശുദ്ധാത്മാവ് നമ്മെ ഒന്നാക്കുന്നതുകൊണ്ടാണ് (1 കൊരിന്ത്യർ 12:4). ശരീരത്തിലെ ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ എല്ലാംകൂടെ സന്തോഷിക്കുന്നു

(1 കൊരിന്ത്യർ 12:12). കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അപ്പോസ്തോലന്റെ ഈ പ്രബോധനത്തിനു വളരെ പ്രസക്തിയുണ്ട്. നാം സാമൂഹ്യ അകലം പാലിക്കാൻ നിർബന്ധിതരായിരിക്കുന്നു. ചിലരെങ്കിലും ഒറ്റപ്പെട്ടുപോയ അവസ്ഥയാണിന്ന്. പ്രായമായവർക്കും കുഞ്ഞുങ്ങൾക്കും ദൈവാലയത്തിൽ വരുവാൻ നിയന്ത്രണമുണ്ട്. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ നമ്മുടെ ബന്ധം ഗാഢമാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം കേവലം ഉപരിപ്ലവമോ സൗഹൃദപരമോ മാത്രമല്ല. അത് ഗാഢമായതും വ്യക്തികളെ പരസ്പരം കൂട്ടിച്ചേർക്കുന്നതുമാകുന്നു. കാല-ദേശ-വർഗ്ഗ-വർണ്ണ-ലിംഗ ഭേദങ്ങൾക്ക് അതീതമായ ബന്ധമാണ് സഭാവിശ്വാസികൾക്ക് പരസ്പരമുള്ളത്. സ്ഥല-കാല പരിമിതികൾക്ക് വിധേയമായ ഒരു ആരാധനയിലാണ് നാം സംബന്ധിക്കുന്നതെങ്കിലും അതിന്റെ ആത്മീയ ഔന്നത്യം ഈ പരിമിതികളെ അതിജീവിക്കുന്നതാണ്. സഭ ആരാധിക്കുമ്പോൾ എല്ലാ വിശ്വാസികളും അതിൽ സംബന്ധിക്കുകയാണ്. വിശ്വാസികൾ മാത്രമല്ല സർവ്വസൃഷ്ടിയും ആരാധനയുടെ ഭാഗമായിത്തീർന്നു. സഭയുടെ ആരാധന വ്യക്തി അധിഷ്ഠിതമല്ല. അപ്പോസ്തോലികവും ഏകവും വിശുദ്ധവുമായ ആരാധന സഭ അനസ്യൂതം അർപ്പിക്കുന്നു. അതിൽ സംബന്ധിക്കുന്നവരുടെ എണ്ണത്തിനനുസരിച്ചല്ല ആരാധനയുടെ പൂർണ്ണത. വിശുദ്ധ സഭയാണ് ക്രിസ്തുവിന്റെ ശരീരം, ഒരു വ്യക്തിയല്ല. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു (1 കൊരിന്ത്യർ 12:27) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രബോധനം ഈ അടിസ്ഥാനം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ വിശ്വാസികളുടെ കൂട്ടവും കൂട്ടായ്മയും ആകുന്നു. വിശ്വാസികൾ ലോകത്ത് എവിടെയായിരുന്നാലും സഭയുടെ ആരാധനയിൽ പങ്കാളികളാകുന്നുവെന്ന തിരിച്ചറിവ് ഒറ്റപ്പെട്ടുപോയി എന്ന ചിന്തയെ അതിജീവിക്കുവാൻ നമ്മെ പ്രാപ്തമാക്കുന്നു. അകലങ്ങൾക്ക് അതീതമായ കൗദാശികമായ അടുപ്പം ആരാധനയിലൂടെ ക്രിസ്തുവിന്റെ ശരീരാവയവങ്ങളായ നമ്മെ കോർത്തിണക്കുന്നു. ഈ ബോധ്യം ഇന്നിന്റെ തിരിച്ചറിവായി മാറണം.


3. നാം ഒരപ്പത്തിന്റെ അംശികൾ

സഭയുടെ മുഖ്യമായ ധർമ്മം ആരാധനയാണ്. വി. കുർബ്ബാനാനുഷ്ഠാനം ആരാധനയുടെ മകുടമാണ്. ക്രിസ്തു സാന്നിദ്ധ്യം അനുഭവിച്ചറിയുന്ന അത്യപൂർവ്വമായ സന്ദർഭമാണത്. സഭയുടെ സാർവ്വത്രികമായ ദൗത്യത്തിന്റെ പ്രത്യക്ഷ സാക്ഷ്യമാണത്. അതിൽ സംബന്ധിക്കുന്നവരുടെ എണ്ണമല്ല ദിവ്യബലിയെ പൂർണ്ണമാക്കുന്നത് മറിച്ച് ക്രിസ്തു സാന്നിദ്ധ്യമാണ്. വി. സഭയാണ് വി. കുർബ്ബാന അനുഷ്ഠിക്കുന്നത്. മുഖ്യകാർമ്മികനോടൊപ്പം അതിൽ സംബന്ധിക്കുന്നവരും സഹകാർമ്മികരാണ്. എങ്കിലും അതിന്റെ അർപ്പകന്റെയോ സംബന്ധിയുടെയോ സ്വകാര്യ സ്വത്തല്ല വി. കുർബ്ബാന. അക്കാരണത്താൽ തന്നെ സ്വകാര്യ കുർബ്ബാന (Private Mass) നമ്മുടെ സഭയിൽ ഇല്ല.

കർത്താവു വരുന്നതുവരെ അനുഷ്ഠിക്കേണ്ട കൂദാശയാണ് വി. കുർബ്ബാന (1 കൊരിന്ത്യർ 11:26). ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കർത്താവിന്റെ തിരുശരീരമാകുന്ന 'അമർത്യതയുടെ ഔഷധം' വിശ്വാസികൾക്കെല്ലാം അനുഭവിപ്പാൻ കഴിയില്ല. വി. കൂദാശാനുഷ്ഠാനങ്ങളുടെ അദൃശ്യമായ ഫലദായകശക്തി നമുക്ക് ക്രിസ്തു സാന്നിദ്ധ്യം പകരും. ആദിമസഭയുടെ ആരാധനാനുഷ്ഠാനം നമുക്ക് പ്രചോദനമാകണം. ബാഹ്യമായ സംവേദന മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത പീഡനകാലഘട്ടത്തിൽ വിശ്വാസികൾ നാവുകൊണ്ടുപോലും വായ്ക്കുള്ളിൽ കുരിശുവരച്ച് ആരാധനയും വിശ്വാസവും നിലനിർത്തിയിരുന്നു. പ്രതിസന്ധികളെ അതിജീവിച്ച ചരിത്രമാണ് ക്രിസ്തീയ സഭയുടേത്. പ്രതിസന്ധി ഘട്ടത്തിൽ ആശ്വാസം പകരുന്നതിനു സ്ഥാപിതമായ കൂദാശയാണ് വി. കുർബ്ബാന. ഈ ലോകത്തിൽ നിന്ന് കടന്നുപോകുമെന്നറിയാവുന്ന കർത്താവ് തന്റെ സാന്നിദ്ധ്യം ഉറപ്പാക്കുവാൻ വേണ്ടിയാണ് വി. കുർബ്ബാന സ്ഥാപിച്ചത്. കർത്താവിന്റെ സാന്നിദ്ധ്യം അവർ വി. കുർബ്ബാനാനുഷ്ഠാനത്തിലൂടെ അനുഭവിച്ചു. അത് അവർക്ക് ധൈര്യം നൽകി. അവർ അവന്റെ ദൗത്യം ഏറ്റെടുത്തു. വി. കുർബ്ബാന പങ്കിടുന്ന നമ്മെ പരിശുദ്ധാത്മാവ് ഒരു ശരീരമായി തീർക്കുന്നു (1 കൊരിന്ത്യർ 12:13, എഫെസ്യർ 2:16). നാം ക്രിസ്തുവിന്റെ ശരീരമെന്ന ഒരു അപ്പത്തിന്റെ അംശികളും ഒരു ശരീരവുമാകുന്നു (1 കൊരിന്ത്യർ 10:17). ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സാമൂഹ്യ മാധ്യമങ്ങൾ വഴിയും നാം ഇന്ന് ആരാധനയിൽ പങ്കാളികളാകുന്നു. നമ്മുടെ ഹൃദയപൂർവ്വമായ ഒരു "ആമ്മീൻ" എന്ന പ്രതിവാക്യം പോലും നമ്മെ കൗദാശികമായി അടുപ്പിക്കും. സാമൂഹ്യമായ അകലം സൃഷ്ടിക്കുന്ന വിടവ് കൗദാശികമായ അടുപ്പം നികത്തും.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് നാം ഒരു ശരീരമാകേണ്ടതിനാണ്. ക്രിസ്തുവിന്റെ ശരീരമാണ് അതിന്നടിസ്ഥാനം. പിതാവിന്റെ സ്നേഹമാണതിൽ വ്യാപരിക്കുന്നത് (യോഹന്നാൻ 3:16). ഈ കാലഘട്ടത്തിൽ നമുക്ക് ആത്മധൈര്യം പകരുന്നത് 'ആത്മാവും ജീവനും' ആകുന്ന കർത്താവിന്റെ വചനങ്ങളാണ് (യോഹന്നാൻ 6:63). ശരീരം കൊണ്ട് അകലം പാലിക്കുന്ന നാം ആത്മാവിൽ ഒന്നാകുന്നു. കൗദാശികമായ അടുപ്പം സാമൂഹികമായ അകലത്തെക്കാൾ ശക്തവും സജീവവുമാണ്. സ്വർഗ്ഗീയ രഹസ്യങ്ങളുടെ ആത്മനിറവ് നമുക്കു ശുഭപ്രതീക്ഷകൾ നൽകുന്നു. ആ പ്രതീക്ഷയുടെ തോണിയിലേറി കോവിഡ്-19 എന്ന മഹാമാരിയെ നമുക്ക് മറികടക്കാം.

പ്രണാമം



മാർത്തോമ്മാ സഭാതലവൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ദൈവീക ശോഭയുള്ള മഹാപുരോഹിതനായിരുന്നുവെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

മാർത്തോമ്മാ സഭയുടെ അഭ്യുന്നതിക്കും എക്യുമെനിക്കൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ കരുതുന്നതിനും ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. ദൈവ സന്നിധിയിൽ ശോഭയുള്ള മഹാപുരോഹിതനായി അദ്ദേഹം സ്വീകരിക്കപ്പെടട്ടെയെന്നും പരിശുദ്ധ സഭയുടെ ആദരാഞ്ജലി അർപ്പിക്കുന്നതായും പ. കാതോലിക്കാ ബാവാ അനുശോചന സന്ദേശത്തിൽ അറിയിച്ചു.

വായനശാല



Word Became Flesh The Christology of Philoxenos of Mabbug

Mathews Severios

-ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി വൈദീക നായിരുന്നപ്പോൾ റോമിൽ നടത്തിയ ഡോക്ടറൽ ഗവേഷണ പഠനം കാലികമാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതാണ് Word Became Flesh - The Christology of Philoxenos of Mabbug എന്ന ഗ്രന്ഥം. പൗരസ്ത്യ ക്രൈസ്തവ ദൈവ ശാസ്ത്ര പണ്ഡിതനായ പ്രൊഫ. ഡോ. മാർട്ടിൻ താംകെ യുടെ മേൽനോട്ടത്തിൽ ഗോട്ടിംഗൻ യൂണിവേഴ്സിറ്റിയുടെ ഓറിയന്റൽ ക്രിസ് ത്യൻ സ്റ്റഡി സീരിസിൽ 63-ാമത്തെ നമ്പരായി LIT VERLAG GmbH & Co. KG Wien ആണ് ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഓക്സ്ഫോർഡ് യൂണിവേ ഴ്സിറ്റിയിലെ സുപ്രസിദ്ധ സുറിയാനി പണ്ഡിതനായ പ്രൊഫ. ഡോ. സെബാ സ്റ്റ്യൻ ബ്രോക്കിന്റെ മുഖവരയോടുകൂടിയാണ് ഗ്രന്ഥം ആരംഭിച്ചിരിക്കുന്നത്.

വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ മറ്റു സഭാ പിതാക്കന്മാരോടൊപ്പം ഓർക്കപ്പെടുന്ന പിതാവായ മാബൂഗിലെ മാർ ഫീലക്സിനോസ് അഞ്ചാം നൂറ്റാണ്ടിൽ സഭയിൽ വളർന്നു വന്ന നെസ്തോറിയൻ വിശ്വാസത്തെയും കൽക്കദോന്യ വിശ്വാസത്തെയും നിഷേധിക്കുവാൻ അക്ഷീണം പ്രവർത്തിച്ച സുറിയാനി പിതാവാണ്. അദ്ദേഹം തന്റെ സമകാലികനും ക്രിസ്തു വിജ്ഞാനീയത്തിൽ ഇരു സ്വഭാവവാദിയുമായ ഹബീബിനെതിരെ എഴുതിയ പത്ത് അദ്ധ്യായങ്ങളെ (Ten Discourses Against Habib) പ്രധാനമായും ആധാരമാക്കിയാണ് മാർ സേവേറിയോസ് തിരുമേനി തന്റെ ഗവേഷണം പൂർ ത്തീകരിച്ചിരിക്കുന്നത്. തീർച്ചയായും മാർ ഫീലക്സിനോസ് പിതാവിന്റെ മറ്റു എഴുത്തുകളെയും ഗ്രന്ഥത്തിൽ ഗവേഷണവിധേയമാക്കിയിട്ടുണ്ട്.

ഈ ഗ്രന്ഥത്തെ നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മാർ ഫീലക്സിനോസ് പിതാവിന്റെ സഭാപശ്ചാത്തലം, ജീവചരിത്രം, ക്രിസ്തുവിജ്ഞാനീയപഠനം, എഴുത്തുകൾ തുടങ്ങി വിവിധ വിഷയങ്ങൾ ഒന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നു. ഹബീബിനെതിരെയുള്ള പത്ത് അദ്ധ്യായങ്ങളുടെ പശ്ചാത്തലവും മറ്റു വിവരണങ്ങളും വിശദമാക്കിക്കൊണ്ടാണ് ഒന്നാം ഭാഗം അവസാ നിക്കുന്നത്. മാർ ഫീലക്സിനോസിന്റെ ക്രിസ്തുവിജ്ഞാനീയ പാഠ സമുച്ചയങ്ങൾക്ക് എതിരായി ഹബീബ് നിരത്തുന്ന വാദങ്ങൾ, അവയുടെ ആധികാരികത, ന്യൂനതകൾ, ഹബീബിന്റെ പൊതുവായ ദൈവശാസ്ത്ര ചിന്തകൾ എന്നിവ രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്നു. ഹബീബ് സഭയിലുണ്ടായിരുന്ന എല്ലാ വേദവിപരീതങ്ങളെയും എതിർക്കുന്നുവെങ്കിലും നെസ്തോറിയസിനെയും കൽക്കദോന്യരെയും എതിർക്കുന്നില്ലയെന്നത് അദ്ദേഹം ഒരു ഇരു സ്വഭാവവാദിയാകുന്നു എന്നതിന്റെ പ്രാഥമിക കാരണമായി ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു. മൂന്നാം ഭാഗത്തിൽ മാർ ഫീലക്സിനോസ് പിതാവ് ഹബീബിന് നൽകുന്ന വ്യക്തമായ മറുപടികളാണ് വിശകലനം ചെയ്തിരിക്കുന്നത്. ഹബീബും മാർ ഫീലക്സിനോസും പരസ്പരം വിവാദാത്മകമായ രീതിയിലാണ് വാദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതെങ്കിലും ഇരുവരുടെയും ദൈവശാസ്ത്ര പശ്ചാത്തലത്തെയും ഉപയോഗിക്കുന്ന സാങ്കേതിക പദാവലികളിലെ അർത്ഥവ്യത്യാസങ്ങളെയും വ്യക്തമായി അപഗ്രഥിച്ചിരിക്കുന്നതിനാൽ അവർ തമ്മിലുള്ള ദൈവശാസ്ത്ര വ്യത്യാസത്തെക്കാൾ സാമ്യങ്ങളെ വെളിപ്പെടുത്തുവാൻ ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്. നാലാം ഭാഗം പ്രബന്ധത്തിന്റെ ഉപസംഹാരമാണ്. 1984 മുതൽ ഇന്നോളം റോമൻ കത്തോലിക്കാ സഭയും ബൈസന്റയിൻ സഭകളുമായി ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ നടത്തിയ ക്രിസ്തുവിജ്ഞാനീയ സംവാദങ്ങളിൽ രൂപപ്പെട്ടുവന്ന Agreed Statements അനുബന്ധമായി ചേർത്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധേ യമാണ്. യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച് മാർ ഫീലക്സിനോസ് പിതാവിനെപ്പോലെയുള്ള പഴയകാല സുറിയാനി പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ ആധുനിക കാലഘട്ടത്തിലെ എക്യുമെനിക്കൽ സംവാദങ്ങൾക്ക് അടിസ്ഥാനമായി നിൽക്കുന്നു എന്നതാണ് വിവക്ഷ.

മാർ ഫീലക്സിനോസിന്റെ ക്രിസ്തു ശാസ്ത്രം വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പുരാതന സഭയുടെ പഠിപ്പിക്കലുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവ പുത്രന്റെ മനുഷ്യനായിത്തീരലിനെയാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് അലക്സാന്ത്രിയൻ ക്രിസ്തുവിജ്ഞാ നീയശാല പകർന്നെടുത്ത 'വചനം ജഡം ധരിച്ചു - Word Became Flesh' (Jn 1:14) എന്ന വാക്യംകൊണ്ട് മാർ ഫീലക്സിനോസ് വിവരിക്കുന്നത്. ഹബീബിന്റെ ക്രിസ് തുശാസ്ത്ര ഫോർമുലയായ 'ക്രിസ്തു രണ്ട് സ്വഭാവങ്ങളിൽ - Christ in Two Natures' എന്ന ഇരുസ്വഭാവ വാദത്തെ (നെസ്തോറിയ/കൽക്കദോന്യ വിശ്വാസം) വി. വേദപുസ്തകത്തെ ആധാരമാക്കിയും നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ അടിസ്ഥാനത്തിലും ശക്തമായി അദ്ദേഹം തള്ളിക്കളയുന്നു. അലക്സാന്ത്രിയയിലെ മാർ കൂറിലോസും മാർ ദീയസ്കോറോസും മാർ തീമോത്തിയോസും അന്ത്യോഖ്യ യിലെ മാർ സേവേറിയോസും മറ്റു സമകാ ലിക പിതാക്കന്മാരും യേശു ക്രിസ്തു മനു ഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ ഏക സ്വഭാവം (One Incarnate Nature of God the Word) എന്ന് വിശദീകരിച്ചുവെങ്കിൽ മാർ ഫീലക്സിനോസ് അത് ഏക ഐക്യസ്വഭാവമെന്ന് (One United Nature of God the Word) വിശദീകരി ക്കുന്നു. ആദ്ദേഹത്തിന്റെ വീക്ഷണത്തിൽ മനുഷ്യാവതാരം ചെയ്ത ദൈവ പുത്രൻ പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനു ഷ്യനുമാണ്. എന്നാൽ ക്രിസ്തു ഒരു കർത്താവും ഒരു വ്യക്തിയുമാകയാൽ ദൈവത്വം എന്നും മനുഷ്യത്വം എന്നും പറയുന്ന രണ്ട് കേന്ദ്രങ്ങളില്ല. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ മനുഷ്യ സ്വഭാവും ദൈവസ്വഭാവവും ഒന്നായി ചേർന്ന് ഒരു സ്വഭാവമാണുള്ളത്. എന്നാൽ ഈ ഒന്നായിചേരൽ മൂലം ദൈവ സ്വഭാവം മനുഷ്യ സ്വഭാവത്തെയോ മനുഷ്യ സ്വഭാവം ദൈവസ്വഭാ വത്തെയോ ലഘൂകരിക്കുകയോ നിഷ്പ്രഭമാക്കുകയോ നിർവീര്യമാക്കുകയോ ചെയ്യുന്നില്ല. ഇത് മനുഷ്യബുദ്ധിക്ക് അപ്രമേയമായ ദൈവീക രഹസ്യവും അത്ഭുതവുമാണ്. ഗ്രന്ഥകാരൻ മാർ ഫീലക്സിനോ സിന്റെ ക്രിസ്തു വിജ്ഞാനീയത്തെ ഇപ്രകാരം വിശദമാക്കിയിരിക്കുന്നു. സുറിയാനി സഭയുടെ ആരാധനാഗ്രന്ഥങ്ങളിൽ മാർ ഫീലക്സിനോസ് പിതാവിന്റെ വി. ത്രിത്വം സംബന്ധിച്ചും യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരം സംബന്ധിച്ചുമുള്ള പഠിപ്പിക്കലുകൾ വളരെയധികം സ്വാധീന

മാണ് ചെലുത്തിയിരിക്കുന്നത്.

മാർ സെവേറിയോസ് തിരുമേനിയുടെ ഈ ഗവേഷണത്തിലൂടെ യേശു ക്രിസ്തുവിന്റെ ആളത്വ ത്തിലെ ഏക ഐക്യസ്വഭാവം (One United Nature of Christ's Godhead and Manhood) എന്ന മാർ ഫീലക്സിനോസിന്റെ ഫോർമുല ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് മറ്റു ക്രൈസ്തവ സഭകളോടുള്ള ക്രിസ്തു വിജ്ഞാനീയ സംവാദങ്ങൾക്ക് അതുല്യ സംഭാവനയാണ് നൽകിയിരിക്കുന്നത്. ഹബീബിന്റെ വാദങ്ങൾ അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പശ്ചാത്തലത്തിലും മാർ ഫീലക്സിനോസിന്റെ എതിർ വാദങ്ങളും മറുപടികളും അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പശ്ചാത്തലത്തിലും വിശദീകരിക്കുവാൻ ഈ ഗ്രന്ഥത്തിന് സാധ്യമായതുതന്നെ പുരാതന സഭയിലെ ദൈവശാസ്ത്ര (ക്രിസ്തു വിജ്ഞാനീയ) സംവാദങ്ങളെ അവയുടെ ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ ദൈവശാസ്ത്ര ഗവേഷകരെ പ്രേരിപ്പിക്കുന്നതാണ്. ഈ ഗ്രന്ഥം ദൈവശാസ്ത്ര പഠിതാക്കൾക്കും എക്യുമെനിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവർക്കും പ്രയോജനകരമാകും എന്നതിൽ സംശയമില്ല. യേശു ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ പുരാതന സഭയിലുണ്ടായ ഇരുസ്വഭാവ ഫോർമുലയും (Dyophysite) ഏക ഐക്യസ്വഭാവ ഫോർമുലയും (Miaphysite) വഴി വിശദീകരിച്ചിരുന്നത് ആധുനിക ക്രൈസ്തവ സഭ ഒരു പുതിയ സമീപനത്തോടുകൂടി വീക്ഷിക്കുവാൻ ഈ ഗ്രന്ഥം ആഹ്വാനം ചെയ്യുന്നു.



കുന്നപ്പിള്ളി ചെമ്മനം വെളാമറ്റത്തിൽ വി. സി. കുര്യൻ നിര്യാതനായി. മലങ്കരസഭ മാനേജിംഗ് കമ്മറ്റിയംഗം, മുളക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡംഗം, എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: പിറവം അമ്മിക്കരയിൽ ശുശാമ്മ. മക്കൾ: ഫാ. ജേക്കബ് കുര്യൻ (വികാരി സെ. മേരീസ് & സെ. പോൾസ് ഓർത്തഡോക്സ് പള്ളി കോലഞ്ചേരി), മേഴ്സി, പരേതനായ തോമസ്. മരുമക്കൾ: നെച്ചൂർ തറയിൽ വിനു കുര്യാക്കോസ്, ഇടയ്ക്കാട്ടുവയൽ കണ്ടക്കൻചേരിൽ റീനാ, മുളന്തുരുത്തി കുളച്ചിറയിൽ ഷൈബി.

സഭയുടേയും സമൂഹത്തിന്റേയും സുസ്ഥിതിക്കുവേണ്ടി അദ്ധ്വാനിക്കണം:

പരിശുദ്ധ കാതോലിക്കാ ബാവാ

കോവിഡ് പ്രതിസന്ധിയുടെ ഇക്കാലത്ത് സഭയുടെയും സമൂഹത്തിന്റെയും സുസ്ഥിതിക്കുവേണ്ടി പരമാവധി അദ്ധ്വാനിക്കണമെന്നും, രോഗദുരിതങ്ങൾ നീങ്ങിപ്പോകുന്നതിന് ദൈവത്തിൽ കൂടുതലായി ആശ്രയിക്കണമെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. പരുമല തിരുമേനിയെപ്പോലെയുള്ള വിശുദ്ധന്മാരുടെ ജീവിതം ഈ വലിയ പാഠം നമുക്ക് പകർന്നുതരുന്നു. മലങ്കര സഭ ഏക ശരീരമായിനിന്നുകൊണ്ട് ദൈവാരാധന കഴിക്കണം എന്നത് ദൈവഹിതമാണെന്നും സഭാ ഭരണഘടനയുടെയും ബഹു. സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ സഭയിൽ സമാധാനം പുലരുവാൻ ദൈവം ഇടയാക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പൂർണ്ണമായും Zoom സംവിധാനത്തിലൂടെ ചേർന്ന സഭാ മാനേജിംഗ് കമ്മറ്റിയിൽ ആദ്ധ്യക്ഷം വഹിക്കുകയായിരുന്നു പരിശുദ്ധ ബാവാ.

മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി, മാർത്തോമ്മാ സഭാ മേലദ്ധ്യക്ഷൻ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സഭാ മിഷനറി ജ്യോതിസ് റെവ്.റവ. കെ.ഐ. ഫിലിപ്പ് റമ്പാൻ, ഫാ. കെ.എം. ഐസക്, ഫാ. എം.വി. എബ്രഹാം, മുൻ സഭാ മാനേജിംഗ് കമ്മറ്റി അംഗം ജേക്കബ് വർഗീസ് എന്നിവരുടെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കോവിഡ് 19 രോഗബാധമൂലം നിര്യാതരായവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ച സമുദായ വരവു ചെലവു കണക്കും വാർഷിക റിപ്പോർട്ടും യോഗം അംഗീകരിച്ചു. ഉണ്ണുണ്ണി പോൾ & കമ്പനി, സജു & ജോസ് എന്നിവരെ സഭയുടെയും പരുമല സെമിനാരിയുടെയും ഓഡിറ്റർമാരായി നിയമിച്ചു.

ഓർമ്മ



ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ (നവം. 20, പത്തനാപുരം താബോർ ദയറ)



തോമാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (49-ാംഓർമ്മ, ഡിസം. 3, പത്തനാപുരം താബോർ ദയറ)



സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (204-ാം ഓർമ്മ (നവം. 24, കോട്ടയം പഴയ സെമിനാരി)



പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ (45-ാംഓർമ്മ, ഡിസം. 8 ദേവലോകം കാതോലിക്കേറ്റ് അരമന)



പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (24-ാം ഓർമ്മ (നവം. 24, കോട്ടയം പഴയ സെമിനാരി)



മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ (8-ാംഓർമ്മ, ഡിസം. 9, വളയംചിറങ്ങര സെ. പീറ്റേഴ്സ് & സെ. പോൾസ് പള്ളി)

സമാനകളില്ലാത്ത യാതനകളിൽ നിന്ന് സഭാജ്യോതിസ്സിലേക്ക്...

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



‘കണ്ണ് നിറയുന്നത് എന്റെ ഉള്ളിന്റെ ഉള്ളിലാണ് . അതുകൊണ്ട് എന്റെ കണ്ണുകളിലേക്ക് നോക്കുമ്പോൾ നിങ്ങൾക്കത് കാണാനാകില്ല' എന്ന് ഒരു കവി കുറിച്ചിട്ടുണ്ട്. പ്രതിസന്ധികളുടെ പർവ്വതസമാനമായ വെല്ലുവിളികളും, കാണപ്പെടാത്ത കണ്ണീരും പരിശുദ്ധ സഭ അനുഭവിച്ച ഘട്ടമായിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ തിരുമേനിയുടെ കാലം. ജീവനുള്ള സഭയുടെ തീവ്രനോവിനെ കണ്ടെടുത്ത് നവോത്ഥാനത്തിന്റെ ശോഭിത ജ്യോതിസായി പരിവർത്തനം ചെയ്ത ഒരു ഋഷിജീവിതമാണ് അദ്ദേഹത്തിന്റേത്.

പ്രാർത്ഥനകളുടെ ഊർജ്ജത്താൽ കണ്ണീരിനെ കനൽക്കട്ടയാക്കി മാറ്റുവാൻ സാധിക്കുന്ന ആത്മീയപ്രതിരോധത്തിന്റെ കല അദ്ദേഹത്തിന് പൂർവ്വികമായ ലഭിച്ചിരുന്നു. 1816 നവംബർ 24 ന് ദിവംഗതനായ ആ സഭാജ്യോതിസ്സിന്റെ പ്രകാശവീചികളില്ലെങ്കിൽ ഒരുമാത്ര അന്ധകാര നിബിഡമാകുമായിരുന്നു നമ്മുടെ സഭാപരിസരം. ടിപ്പുസുൽത്താന്റെ ആക്രമണകാലത്തെ യാതനകൾ എല്ലാ പരിവർത്തനങ്ങൾക്കും ശക്തിയാർജ്ജിക്കുവാൻ അദ്ദേഹത്തിന് ഊർജ്ജം പകർന്നിരുന്നു.

ജീവിതത്തിലുടനീളം രക്തസാക്ഷിത്വം വഹിച്ച ഒരു സഭാപിതാവിനെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ തിരുമേനിയിൽ കാണാം. ജയിംസ് സ്കറിയുടെ 'The Captivity Sufferings And Escape' (1824) എന്ന ഗ്രന്ഥം ഈ സഭാപിതാവ് ജീവിച്ച കാലത്തിന്റെ സമകാല പരിസരങ്ങളെ അനാവരണം ചെയ്യുന്ന ഒന്നാണ്. 1824 -ൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിനും എഴുത്തുകാരനും മലങ്കര നസ്രാണികളുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക താത്പര്യം ഉണ്ടാകേണ്ട കാര്യമില്ല. തലശ്ശേരിയും,കോഴിക്കോടും ഉൾപ്പടെ മലബാർ പ്രദേശങ്ങൾ മുഴുവൻ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ വംശഹത്യയുടെയും പലായനത്തിന്റെയും ഒരു കാലം മറയില്ലാതെ വിശദീകരിക്കുന്നുണ്ട് ഈ പുസ്തകം.

ഈ ഗ്രന്ഥസൂചന ഇവിടെ നൽകുവാനുള്ള കാരണം ഇട്ടൂപ്പ് റമ്പാനെ ചേലചെയ്തു എന്ന ഹ്രസ്വമായ സൂചനയിലൂടെ തെറ്റിദ്ധാരണ ഉളവാക്കാവുന്ന ഒരു പരാമർശം നിരണംഗ്രന്ഥവരിയിൽ കാണാം. ആ വിവരണം താഴെ കൊടുക്കുന്നു.'ഇങ്ങിനെയിരിക്കുമ്പോൾ 965-മാണ്ട് ധനുമാസം 18 ന് ടിപ്പുസുൽത്താൻ വെട്ടിയ കോട്ടയിൽ കരേറി. ഉടൻതന്നെ ഇറങ്ങി മേടമാസം ആറിന് മേലുക്കോട്ടയിൽ കരേറി.കോട്ടയും കൊത്തളവും നിരത്തി. അവന്റെ ആളുകൾ ആലുവായിലോളം വന്നു പരന്നു. അതിനകമുള്ള ഇല്ലങ്ങളും, ക്ഷേത്രങ്ങളും, പള്ളികളും, കമ്പോളങ്ങളും, ചുട്ട് ദ്രവ്യങ്ങളും എടുത്തുകൊണ്ട് കോട്ടയ്ക്ക് പുറത്തിറങ്ങി. ഇതിന്റെ ശേഷം കേശവപിള്ള ദിവാൻജി അങ്ങുന്ന് ഇംഗ്രേസു പട്ടാളത്തെ കൂട്ടി പടവെട്ടി ശ്രീരംഗപട്ടണത്തോളം പിടിക്കുകയും ചെയ്തു.....
പടകേറിയാറെ ഏറിയ ആളുകളെ ചേലയിൽ കൂട്ടി. അന്നത്തെ തിരുക്കത്തിൽ അങ്ങുരിരുന്ന മെത്രാപ്പോലീത്താ കോട്ടയ്ക്കകത്ത് കരേറി മുളന്തുരുത്തിയിലും, കരിങ്ങാച്ചിറയും വന്നു പാർത്തിരിക്കുമ്പോൾ ചാട്ടുകുളങ്ങര പുലിക്കോട്ട് ഇട്ടൂപ്പുകത്തനാരെ ചേലയിൽ കൂട്ടുകകൊണ്ട്, അതിനെക്കുറിച്ച് കരിങ്ങാച്ചിറ വന്ന് കാട്ടുമാങ്ങാട്ട് മൂപ്പിലെക്കുടെ റമ്പാസ്ഥാനം ഏൽക്കയും ചെയ്തു' മേൽസൂചിപ്പിച്ച ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ ഇത് പുനർവായിച്ചാൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിന്റെ കനത്ത ആഘാതങ്ങൾ വെളിപ്പെട്ട് കിട്ടും. ഈക്കാലത്ത് ദേശീയതയുടെ പശ്ചാത്തലത്തിൽ ടിപ്പുസുൽത്താനെ മഹത്വവത്കരിക്കുന്നുണ്ട്. എന്നാൽ ടിപ്പുവിനാൽ വധിക്കപ്പെട്ട ആർത്താറ്റ് രക്തസാക്ഷികളുടെ രക്ഷകനും നായകനുമായിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ അനുഭവിച്ച ശാരീരിക മാനസിക പീഢകളുടെ കുറിവാക്യമായി നിരണംഗ്രന്ഥവരിയിലെ സൂചനകളെ കാണേണ്ടത് ചരിത്രപരമായ ഒരു അനിവാര്യതയാണ്.

രക്തസാക്ഷിത്വം മരണത്തിലവസാനിക്കുന്നതാകണമെന്നില്ല. പീഢനങ്ങൾ ഏറ്റുവാങ്ങിയ ഒരു ജനതയുടെ പ്രതിനിധിയും, സാക്ഷിയുമായിരുന്നു അദ്ദേഹം. അതേസമയം പ്രതിരോധങ്ങളുടെ മുൻനിര നായകനും അദ്ദേഹം തന്നെയായിരുന്നു. അക്കാലത്തെ മലങ്കരസഭയ്ക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ


കുറിച്ച് അഭിമാനവും വിശ്വാസവും ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ മാർത്തോമ്മാ എട്ടാമനെ സഹായിക്കുവാൻ കായംകുളം ഫിലിപ്പോസ് റമ്പാനോടൊന്നിച്ച് സ്മര്യകർത്താവും നിയോഗിതനായത്. കടുവയുടെ കോപവും,ചെന്നായയുടെ കൗശലവുമായി മൈസൂറിലെ ഹൈദർ അലിയും മകനായ ടിപ്പു സുൽത്താനും ഇതരമതസ്ഥർക്ക് മേൽ നടത്തിയ യാതനകൾ കടുത്തതായിരുന്നു. അറിയപ്പെടുന്ന ആർത്താറ്റ് പള്ളിയുടെ ചരിത്രം ഇത് വെളിപ്പെടുത്തുന്നു.രക്തസാക്ഷികളുടെ ഭൂമിയായ കാർത്തേജിന് സമാനമായിരുന്നു ഈക്കാലത്തെ ആർത്താറ്റ് ദേവാലയം. മൈസൂറിന്റെ കടന്ന് വരവ് ടിപ്പുവിന്റെ പടയോട്ടമെന്ന പേരിലാണ് അറിയപ്പെടുന്നത്. ഇന്നും കേരള സമൂഹത്തിൽ മായാത്ത സാംസ്കാരികമായ മുറിവാണ് അത് സൃഷ്ടിച്ചത്. 1766 മുതൽ 1790 വരെയുള്ള കാലത്ത് ഇന്നത്തെ കേരളഭൂമികയ്ക്ക് എന്ത്മാത്രം ആഘാതങ്ങളാണ് ഏറ്റിട്ടുള്ളത് എന്ന് പരിശോധിക്കുന്നത് ഉചിതമാണ്.

1766 ഫെബ്രുവരി 10നാണ് ഹൈദർ അലി കണ്ണൂരിൽ തലശ്ശേരിയൽ എത്തുന്നത്. ചിറക്കൽ കോലത്തിരിയുടെ കൊട്ടാരത്തെ നിശ്ചലമാക്കിയായിരുന്നു ആ വരവ്. 1766 മാർച്ച് 15ന് കോട്ടയത്തും ഹൈദർ എത്തി. അവിടുത്തെ സൈന്യത്തെ ദുർബ്ബലമാക്കി. തിരുവിതാംകൂറിന് സൈന്യത്തെ അയച്ച് ഭീഷണിപെടുത്തിയപ്പോൾ അവർ രണ്ട്ലക്ഷം രൂപയും 8 ആനകളെയും കപ്പമായി നൽകി. മഴക്കാലത്തിന് ശേഷം തിരുവിതാംകൂറിൽ പ്രവേശിപ്പാൻ ഹൈദർ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടാകണം. വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്താണ് മലങ്കരസഭ ടിപ്പുവിന്റെ ആക്രമണത്തിന് ഇരയായത്. ടിപ്പു ഈ കാലത്ത് കൊച്ചിയും, തിരുവിതാംകൂറും ആക്രമിച്ചു. ആർത്താറ്റെയും, പറവൂരെയും, അങ്കമാലിയിലെയും പള്ളികൾ തീവെച്ചു നശിപ്പിക്കുകയും സുറിയാനി ക്രിസ്ത്യാനികൾ വസിച്ചിരുന്ന അങ്ങാടികൾ കൊള്ളചെയ്യപ്പെടുകയും ചെയ്തു. ടിപ്പു സുൽത്താൻ മലബാറിൽ നിന്ന് ക്രിസ്ത്യാനികളെ പിടിച്ച്കൊണ്ട് പോകുന്ന ചിത്രം ജയിംസ് സ്കറിയുടെ എഴുത്തുകളിൽ കാണാം. ഈ വിവരണത്തിന്റെ സ്വതന്ത്ര പരിഭാഷ താഴെ ചേർക്കുന്നു. ടിപ്പുവിന്റെ ആക്രമണശൈലിയെ അത് കൃത്യമായി വരച്ച് കാട്ടുന്നുണ്ട്.

'മലബാർ നസ്രാണികൾക്കുണ്ടായ ഭീകരമായ വിധി,ഞാൻ ജനറൽ മാത്യൂസ് കുറിച്ചത് എന്റെ മനസാക്ഷിയെ ന്യായീകരിക്കുവാൻ ആയി ഇവിടെ കുറിക്കട്ടെ. അവരുടെ നാട്ടിൽ ടിപ്പുവിന്റെ പട്ടാളം നിറഞ്ഞു. ആ പട്ടാളക്കാർ സ്ത്രീകളും കുട്ടികളും പുരുഷന്മാരും അടങ്ങുന്ന 30,000 പേരെ ശ്രീരംഗപട്ടണത്തിലേക്ക് പിടിച്ചുകൊണ്ടുപോയി. ആ സംഘത്തെ നാലു ബറ്റാലിയൻ ആയി തിരിച്ചിരുന്നു. അവരിൽ ആയുധം ചുമക്കുവാൻ കഴിയുന്നവർക്ക് ആ ഭാരം നൽകിയിരുന്നു.

കൂടാതെ അത്തരത്തിലുള്ള പുരുഷന്മാർക്ക് അഗ്രചർമ്മം ഛേദിച്ചിരുന്നു.ആ പാവം സൃഷ്ടികൾ തീവ്രവേദന അനുഭവിക്കുവാൻ വിധിക്കപ്പെട്ടിരുന്നു. ഒരു സാഹചര്യം പെട്ടെന്നുള്ള എന്റെ ശ്രദ്ധയിൽ വന്നിരുന്നു. അവ വിശദീകരിക്കാൻ ഞാൻ ശ്രമിക്കട്ടെ. അവർ തീപന്തങ്ങൾ ആയുധങ്ങൾ ചുമന്നും മുറിവേറ്റും, മൈസൂറിൽ അതായത്, തലസ്ഥാന നഗരിയിൽ നിന്ന് 9 മൈൽ അകലം അവരെ കൊണ്ട് ചുമന്ന് കൊണ്ട് നടന്നു. ഇത്തരത്തിൽ നടത്തിയത് എന്തിനെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ആ കൂട്ടരുടെ പെൺമക്കൾ മിക്കവരും വളരെ സൗന്ദര്യം ഉള്ളവരായിരുന്നു.ടിപ്പു അവരെ അന്തഃപുരത്തിലാക്കുവാൻ നിശ്ചയിച്ചു. എന്നാൽ ആ നസ്രാണികൾ അത് സമ്മതിച്ചില്ല. അങ്ങനെ നാലു ബെറ്റാലിയൻ ആയിരുന്ന മലബാർ ക്രിസ്ത്യാനികളടങ്ങിയ സംഘം പിരിച്ചു ഒന്നാക്കി. അവരെ തടവുകാരായി ശ്രീരംഗപട്ടണത്തിലാക്കി. ആ പാവങ്ങളുടെ കൈകൾ പിറകിൽ കെട്ടിയിരുന്നു. ചില തൊഴിൽതൊഴിലാളികളായ ആളുകളെ അയച്ച് ആ പാവങ്ങളിൽ ചിലരുടെ മൂക്കുകളും, ചെവികളും, മേൽചുണ്ടുകളും അയാൾ മുറിപ്പിച്ചു. അതിനുശേഷം അവരെ കഴുതപ്പുറത്ത് കെട്ടി മലമുകളിലേക്ക് വലിച്ചുകൊണ്ടുപോയി. അപ്പോൾ അവരുടെ മുഖങ്ങൾ കഴുതയുടെ വാലിൽ സ്പർശിക്കും വിധം തൂക്കിയിട്ടിരുന്നു. അവരുടെ കുറ്റമെന്തെന്ന് കുറിക്കപ്പെടും മുമ്പേ ഏൽക്കുന്ന ശിക്ഷ.. അതിലൊരാൾ ആ കഴുതപ്പുറത്ത് നിന്ന് മറിഞ്ഞ് വീഴുന്നത് ഞാൻ കണ്ടു. ഭീകരമായി മുറവേറ്റിരുന്ന അയാൾ അവിടെ കിടന്ന് രക്തം വാർന്ന് മരിച്ചു. അതുപോലെ ഛിന്നഭിന്നമായ നസ്രാണികളുടെ ശരീരം അവിടെ കിടക്കുന്നത് കണ്ട് ഞങ്ങളുടെ ഹൃദയം പൊടിഞ്ഞുപോയി' ഇതേ രീതിയിലുള്ള കടുത്ത ആക്രമണങ്ങൾ കുന്നംകുളത്തും ജനങ്ങൾ നേരിട്ടപ്പോൾ കൃത്യതയുള്ള പ്രതിരോധ സംവിധാനമാണ് തിരുമേനി അവിടെ രൂപപെടുത്തിയത്. (1) ജനങ്ങളുടെ ഐക്യകൂട്ടായ്മ (2) കുന്നംകുളത്തെയും പഴഞ്ഞിയിലെയും നഗരസംവിധാനം (3) അങ്ങാടിവീടുകൾ (4) പുനരധിവാസം (5) വിജ്ഞാന വ്യാപനം (6) മൽപ്പാൻ പാഠശാല (7) പ്രാദേശിക ഭരണകർത്താക്കളുമായുള്ള കൂടിയാലോചനകൾ (8) ബ്രിട്ടീഷ് അധികാരികളുമായുള്ള ഇടപെടൽ എന്നിവ അന്ന് ഇട്ടൂപ്പ് കത്തനാർ എന്ന് വിളിക്കപ്പെട്ട ഈ മഹാസാത്വീകന്റെ പ്രതിരോധങ്ങളുടെ നിരകളിൽ ചിലതാണ്.

മൂർച്ചയുള്ള വാളുകളാൽ വിസ്തൃതമാക്കാൻ ശ്രമിച്ച ടിപ്പുവിന്റെ അധികാരവാഴ്ച്ചയെ പ്രാർത്ഥനയുടെ ശക്തിയാൽ തടുത്ത യോദ്ധാവായിരുന്നു പുലിക്കോട്ടിൽ പ്രഥമൻ തിരുമേനി. മോശയുടെ നിലവിളി ചെങ്കടലിനെ പിളർത്തിയതുപോലെ ഈ സഭാജ്യോതിസ്സിന്റെയും ജനത്തിന്റെയും പ്രാർത്ഥനകളാൽ പെരുമഴയും പെരിയാറിലെ വെള്ളപ്പൊക്കവും മൂലം ടിപ്പുസുൽത്താനും അനുയായികൾക്കും മടങ്ങിപോകേണ്ടി വന്നു. ഇടവഴിക്കൽ ഡയറികുറിപ്പ് സൂചിപ്പിക്കുന്നത് പോലെ 'യൗസേഫ് റമ്പാൻ 40 വർഷക്കാലം കേവലം പഴങ്ങളും ഫലമൂലാദികളും മാത്രം ഭക്ഷിച്ചിരുന്ന' താപസശ്രേഷ്ഠനായിരുന്നു. അദ്ദേഹം ആത്മീയ പുറപ്പാടിലൂടെ മലങ്കരയ്ക്ക് ഒരു നവകാലം പ്രദാനം ചെയ്ത രണ്ടാം മോശയായി. പീഡകളുടെ കടുത്ത വെയിലിൽ വിരിഞ്ഞ ഈ പ്രശോഭിത ജ്യോതിസ്സിന് അത് ഊർജ്ജത്തിന്റെ ഖനിയായി. ആർത്താറ്റ് പടിയോല, സെമിനാരി സ്ഥാപനം, വേദസാഹിത്യ സപര്യകൾ തുടങ്ങിയ തലങ്ങളിൽ വ്യാപരിക്കാൻ അദ്ദേഹത്തെ രൂപപെടുത്തിയ മൂശകൂടിയായിരുന്നു അത്. തച്ചുശാസ്ത്ര നിപുണനായ ഈ പിതാവ് വേദപുസ്തക പരിഭാഷയും, വിലാപകാവ്യവും മറ്റെ രചിച്ചിരുന്നു. ആധുനിക മലങ്കരസഭയുടെ ശില്പ രചനയിലൂടെ സമാനതകളില്ലാത്ത പ്രവാചകദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്. സഭാഗാത്രത്തിന്റെ കാണപ്പെടാത്ത കണ്ണീർ കാണുവാൻ കഴിഞ്ഞുവെന്നതാണ് ആ പ്രവാചകത്വത്തിന്റെ പൊരുൾ.



LOVE YOU DADY

Rev. Fr. Oommen Punnoose

(19-10-1933 : 28-11-2014)

Modisseril

Sulthan Battery

Inserted By

The Sorrowing Family

6th Death Anniversary
09-11-2020



ANNAMMA ITTY

VADAKEKARA, VAZHOOR

Children and Grand Children

Georgekutty, Thomaskutty, Jollykutty
Ciji, Mona, Johnson, Tijo, Joe Anna, Sojan,
Thanku, Thankam, Bitta, Bitty, Abin, Priya,
Achu, Hanna, Chinson, Liya

47-ാം ചരമ വാർഷികം
06-12-2020

ജനനം
1904




മരണം
6-12-73

റവ. ഫാ. വി.റ്റി. എബ്രഹാം

വഞ്ചിക്കാല

ഭരണിക്കാവ് വടക്ക്, കറ്റാനം

- സന്തപ്ത കുടുംബാംഗങ്ങൾ



കുടുംബ വിശേഷം 8

ജിജി ജോൺസൺ

വിടരുന്നമൊട്ടുകൾ

കുഞ്ഞുങ്ങളെക്കുറിച്ച് ഓർക്കാതെ നവംബർ മാസം കടന്ന് പോകാൻ കഴിയില്ല. ചുവന്ന റോസാപുഷ്പം പിടിച്ച് ഞങ്ങളും ഇവിടെയുണ്ടെന്ന് വിളിച്ചറിയിച്ചുകൊണ്ടുള്ള ശിശുദിനറാലി ആഘോഷിക്കാൻ ഇക്കൊല്ലം കുഞ്ഞുങ്ങൾക്കാകുന്നില്ലല്ലോ എന്നൊരു സങ്കടമുണ്ട്.

കുഞ്ഞുങ്ങളാണല്ലോ സമൂഹത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നത്. എന്നാൽ കുട്ടികൾ ഭാവി വാഗ്ദാനങ്ങൾ എന്ന് മാത്രം പറഞ്ഞു മാറ്റിനിർത്തപ്പെടേണ്ടവരല്ല പ്രത്യുത ഇന്നിന്റെ ലോകത്തിന് അവരെ ആവശ്യമുണ്ട്. പ്രസിദ്ധ കവി വില്ല്യംവേർഡ്സ്വർത്ത് പാടിയപോലെ "ഈ ലോകത്തെ സുന്ദരമാക്കുന്നത് ശിശുക്കളും പൂക്കളുമാണ്". വിടരാൻ വെമ്പുന്ന ഈ പൂമൊട്ടുകൾ കശക്കിയെറിയപ്പെടുന്ന കാഴ്ച ഏറെ വേദനയുണ്ടാക്കുന്നുണ്ട്. കുഞ്ഞുങ്ങൾ പ്രായമുള്ളവരെ പോലെതന്നെ ആദരിക്കപ്പെടേണ്ടവരാണെന്ന് കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ അടുക്കലേക്കു വന്ന കുഞ്ഞുങ്ങളെ തടഞ്ഞ ശിഷ്യന്മാരോട് പറഞ്ഞതും ഇതുതന്നെയാണ്. "ശിശുക്കളെ എന്റെ അടുക്കലേക്കു വിടുവിൻ, അവരെ തടയരുത് സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ". കുഞ്ഞുങ്ങൾ ദൈവരാജ്യത്തിലെ പൗരന്മാരാണെന്നും മുതിർന്നവരെപോലെ തന്നെ ബഹുമാനിക്കപ്പെടേണ്ടവരാണെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. മാത്രവുമല്ല, നിങ്ങൾ തിരിഞ്ഞു ശിശുക്കളെപോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്ന് ആണയിട്ട് ഓർമ്മിപ്പിക്കുന്നു.

കുഞ്ഞുങ്ങളുടെ ഏറ്റവും വലിയ പ്രതിസന്ധി അവർ ആശ്രയിച്ച് (dependent) ജീവിക്കുന്നവരാണെന്നതാണ്. ജനിച്ചു വീഴുമ്പോൾ മുതൽ നിസഹായരായ കുഞ്ഞുങ്ങൾക്ക് വളരുവാൻ വളരെയധികം ശുശ്രൂഷ ആവശ്യമാണ്. വളർച്ചക്കാവശ്യമായ ശാരീരിക, മാനസിക, ആത്മീയ പോഷണം ശരിയായി കൊടുക്കേണ്ടത് മാതാപിതാക്കളുടെ കർത്തവ്യമാണ്. ഒരുവ്യക്തിയുടെ ജീവിതത്തിന്റെ അടിത്തറ പാകുന്നത് അഞ്ചു വയസിനുള്ളിലാണ്. നാം പണിയുന്ന കെട്ടിടങ്ങൾ ചെറുതാണെങ്കിൽ പോലും അടിത്തറ ശരിയായില്ലെങ്കിൽ അത് ഉപയോഗശൂന്യമാണെന്ന് നമുക്കറിയാം. ജീവിതത്തിന് ശരിയായി അടിത്തറയിടുവാൻ പലമാതാപിതാക്കൾക്കും സാധിക്കുന്നുണ്ടോ എന്ന് സംശയമാണ്. തങ്ങളുടെ കുഞ്ഞുങ്ങളെ വേണ്ടവിധം മനസിലാക്കുമ്പോഴാണ് അവർക്ക് സുരക്ഷിതത്വവും ദിശാബോധവും ലഭിക്കുന്നത്. ഒരുകുഞ്ഞിനെപോലെ വേറൊന്നില്ല. അത്ര അതുല്യമാണ് ഓരോകുഞ്ഞുങ്ങളും. വിദ്യാഭ്യാസത്തിന്റെ പേരിൽ ഏൽക്കേണ്ടിവരുന്ന സമ്മർദ്ദങ്ങൾ, മാതാപിതാക്കളുടെ വൈകാരിക പ്രശ്നങ്ങൾ കൊണ്ട് ഏൽക്കേണ്ടിവരുന്ന പീഡനങ്ങൾ, ദാരിദ്ര്യത്തിന്റെ കാഠിന്യം കൊണ്ട് ജോലി ചെയ്തുതളരുന്ന ബാല്യങ്ങൾ, കാമവെറി പൂണ്ടവരുടെ ക്രൂരതയിൽ ചതഞ്ഞരഞ്ഞു പോകുന്ന കുഞ്ഞുങ്ങൾ... നാളെയുടെ വാഗ്ദാനങ്ങൾ ഇന്നേ തകർക്കപ്പെടുന്നു. പലപ്പോഴും മാതാപിതാക്കളുടെ നഷ്ടപ്പെട്ട പ്രതീക്ഷകൾ മക്കളിലൂടെ പൂവണിയിക്കാൻ അവരെ നിർബന്ധിക്കുന്നതും അവരുടെ ശരിയായ വളർച്ചക്ക് തടസ്സമാകുന്നു. ഇത്തരുണത്തിൽ ലെബാനോനിന്റെ കവിയായ ഖലീൽജിബ്രാന്റെ വരികൾ ശ്രദ്ധേയമാണ്:

"നിങ്ങളുടെ കുട്ടികൾ നിങ്ങളുടേതല്ല. ജീവിതത്തിന് സ്വന്തം നിലനില്പിനോടുള്ള പ്രണയത്തിൽ നിന്നും ജനിച്ച കുട്ടികളാണവർ. നിങ്ങളിലൂടെയാണെങ്കിലും അവർ വരുന്നത് നിങ്ങളിൽ നിന്നല്ല. നിങ്ങളോടൊപ്പം ആണെങ്കിലും അവർ നിങ്ങൾക്ക് സ്വന്തമേയല്ല. അവർക്ക് നിങ്ങളുടെ സ്നേഹം നൽകാം പക്ഷെനിങ്ങളുടെ ചിന്തകൾ അരുത്: എന്തെന്നാൽ അവർ നാളെയുടേതാണ്. അവരുടെ ശരീരങ്ങൾ സൂക്ഷിക്കാൻ നിങ്ങൾക്ക് വീടുകളൊരുക്കാം, അവരുടെ ആത്മാക്കളെ നിങ്ങൾക്ക് കൂട്ടിലൊതുക്കാനാവില്ല. എന്തെന്നാൽ നിങ്ങൾക്ക്സ്വപ്നത്തിൽ പോലും അപ്രാപ്യമായ ഭാവിഭവനങ്ങളിലാണ് അവരുടെ ആത്മാക്കൾ വസിക്കുന്നത്. അവരെപോലെയാകാൻ നിങ്ങൾക്ക് ശ്രമിക്കാം എന്നാലൊരിക്കലും അവരെ നിങ്ങളെ പോലെയാക്കാൻ ആഗ്രഹിക്കരുത്. എന്തെന്നാൽ ജീവിതം ഒരിക്കലും പുറകിലേക്ക് പറക്കുന്നില്ല. നിങ്ങൾ വില്ലാണെങ്കിൽ ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുന്ന അമ്പുകളാണ് കുഞ്ഞുങ്ങൾ. വില്ലിന് ഉറപ്പുണ്ടെങ്കിലേ അമ്പുകൾ ലക്ഷ്യം കാണൂ. വില്ല് നന്നായിവളയുമ്പോൾ വേദനയുണ്ടാകാം, സാരമില്ല വില്ലാളി അമ്പിനെ സ്നേഹിക്കുന്നതുപോലെ വില്ലിനേയും സ്നേഹിക്കുന്നു.'

ഓരോകുഞ്ഞും ദൈവത്തിന്റെ സമ്മാനമാണ്. അതുല്യമായ നിധിയെ കരുതുവാനും സംരക്ഷിക്കുവാനും നമുക്കോരോരുത്തർക്കും ബാധ്യതയുണ്ട്.

Bride Wanted

ഓർത്തഡോക്സ് യുവാവ് 30 വയസ്സ്, 170 cm, അബുദാബിയിൽ മെഡിക്കൽ ഫാർമസിയിൽ ജോലി. ഡിസംബറിൽ ലീവിന് നാട്ടിൽ എത്തുന്നു. ദൈവഭയമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact No. **+9446712787**

Bride Groom Wanted

ഓർത്തഡോക്സ് യുവതി 26 വയസ്സ്, 159 cm, വെളുത്ത നിറം, MTech (Computer Science) ബാംഗ്ലൂരിൽ പ്രമുഖ MNC യിൽ അസോസിയേറ്റ് എഞ്ചിനീയർ. ബാംഗ്ലൂരിൽ സമാന ജോലിയുള്ളവർക്ക് മുൻഗണന. മദ്യപാനം, പുകവലി പാടില്ല. താല്പര്യമുള്ളവർ വിവരം ഇ-മെയിൽ ചെയ്യുക.

roychackoelamannur@gmail.com
reelmnr@gmail.com

Bride Wanted

ഓർത്തഡോക്സ് യുവാവ് (34) വയസ്സ്, 162 cm, സ്വന്തമായി ജോലി ചെയ്യുന്നു. ഗ്രാമാന്തരീക്ഷത്തിൽ ജീവിക്കാൻ താല്പര്യമുള്ള വധുവിനെ അന്വേഷിക്കുന്നു.

Contact No. **+9895886142**

Bride Wanted

Orthodox boy 32/180 B.Com, MBA, MCA & Diploma in Dotnet Technology (Born & Brought up outside Kerala-middle class family Kottayam) presently working in MGM Group, Bhilai (CG). Invite proposals from parents of god-fearing girl with M.Sc/MA B.Ed or M.Com.

Contact No. **+91 7025558917**

റാണി സമ്മാനിച്ച സെമിനാരിയും ദൈവം തന്ന ദേവലോകവും

മാർത്തോമ്മായുടെ മലങ്കര സഭയ്ക്കു 300 വർഷത്തിനിടയിൽ ലഭിച്ച വൻ ആധ്യാത്മിക പുരോഗതിക്കു വഴിതെളിച്ച പഴയ സെമിനാരിയുടെയും കേസുകൾ നടത്തിയ കുലദ്രോഹികളുടെ ദൈവത്തിന്റെ പാരിതോഷികമായ കണ്ണു തുറപ്പിച്ച ദേവലോകത്തിന്റെയും ചിന്തിപ്പിക്കുന്ന വിശദ ചരിത്രം. 2021 ജനുവരി 3-നു പ്രകാശനം. ഗ്രന്ഥകർത്താ. കെ.വി. മാമ്മൻ കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം-18, ഫോൺ -0481-2578936. വില 350 രൂപ. *(പ്രീ പബ്ലിക്കേഷൻ വില 250 രൂപ. 2020 ഡിസം. 31 വരെ)* എല്ലാ സഭാചരിത്ര പുസ്തകങ്ങൾക്കും ആവശ്യപ്പെടുക. 20% കമ്മീഷൻ.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ☎ 0481-2425444, Res. 2724224, 2727788 (Mob.) 9447136388

കാപ്പ, വിരിക്കുപ്പ്, ചിത്താല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.

വിശേഷ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ എല്ലാഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

ADMISSION TO M.TH. & D.TH.COURSES

THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

An Ecumenical Post-graduate and Research Centre

(Affiliated to the Senate of Serampore College)

Applications are invited from eligible candidates (**II Class / Grade B** both in aggregate and respective discipline in which the candidate seeks to study) for admission to the ***Master of Theology/ Doctor of Theology*** courses for the Academic Session beginning in ***June 2021.***

Master of Theology	Doctor of Theology
Old Testament	Old Testament
New Testament	New Testament
Christian Theology	Christian Theology
History of Christianity	History of Christianity
Pastoral Counseling	Pastoral Counseling
Religion	

Application forms may be obtained on payment of ***Rs.500/*** by M.O. / Demand Draft, from **Registrar, FFRRC, Mar Thoma Theological Seminary, P.B.No.287, Kottayam** 686001, Kerala. The last date of receiving application will be ***10th December 2020***. Candidates must submit their ***Senate Transcript*** along with the application form. D.Th. application forms should be submitted to the office on or before **02 Jan 2021.**

Fr. Dr. Jose John, Registrar, FFRRC.

മുളന്തുരുത്തി പള്ളിയുടെ താക്കോൽ സമാധാനപരമായി കൈമാറണം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനത്തിൽപെട്ട മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ താക്കോൽ കോടതി വിധി അനുസരിച്ച് നിയമാനുസൃത വികാരിക്ക് സമാധാനപരമായി കൈമാറുമെന്ന് പ്രതീക്ഷിക്കുന്നതായി സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത. ചർച്ചകൾക്ക് വേണ്ടി നിരന്തരം മുറവിളി കൂട്ടുകയും അവസാനം ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ സമാധാനാന്തരീക്ഷം നിലനിർത്തും എന്ന് മുഖ്യമന്ത്രിയ്ക്ക് വാഗ്ദാനം നൽകിയതായി മാധ്യമങ്ങളിലൂടെ പ്രസ്താവിക്കുകയും ചെയ്തവർ മുളന്തുരുത്തി പള്ളിയിൽ സമാധാന ലംഘനത്തിന് കൂട്ട് നിൽക്കയില്ലെന്നു വിശ്വസിക്കുന്നു.മുളന്തുരുത്തി പള്ളിയെ സംബന്ധിച്ച് പാത്രിയർക്കീസ് വിഭാഗത്തിന്റെ എല്ലാ വാദങ്ങളും തള്ളികൊണ്ടാണ് ഇപ്പോൾ സുപ്രീം കോടതി ഉത്തരവുണ്ടായിരിക്കുന്നത്. പള്ളിയുടെ താക്കോൽ ഹൈക്കോടതി വിധി അനുസരിച്ച് നിയമാനുസൃത വികാരിക്ക് കൈമാറുന്നതിനുള്ള എല്ലാ തടസങ്ങളും ഇതോടെ നീങ്ങിയിരിക്കുന്നു. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ ജില്ലാ ഭരണകൂടം താക്കോൽ കൈമാറുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. 2019 ഒക്ടോബർ 25 നാണ് മുളന്തുരുത്തി പള്ളി 1934 ഭരണഘടന പ്രകാരം ഭരിക്കപ്പെടണമെന്ന് വിധി ഉണ്ടാകുന്നത്. പാത്രിയർക്കീസ് വിഭാഗത്തിന് തങ്ങളുടെ വാദങ്ങളെ സാധൂകരിക്കുന്ന യാതൊരു തെളിവുകളും കോടതിയിൽ ഹാജരാക്കാൻ സാധിച്ചില്ല. തുടർന്ന് 2020 മെയ് 18ന് ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചു. ഇതിനെതിരെയെല്ലാം പാത്രിയർക്കീസ് വിഭാഗം അപ്പീൽ നൽകിയെങ്കിലും അവയെല്ലാം കോടതി തള്ളുകയാണുണ്ടായത്. 2020 ഓഗസ്റ്റ് 17 തിങ്കളാഴ്ച 10 മണിക്ക് മുമ്പ് പള്ളി ഏറ്റെടുക്കണമെന്ന് കേരള ഹൈക്കോടതിയുടെ അന്ത്യശാസനത്തെ തുടർന്നാണ് ജില്ലാ ഭരണകൂടം പള്ളി ഏറ്റെടുത്തത്. കേസുകൾ കൊടുക്കുകയും വിധി എതിരായി വരുമ്പോൾ അംഗീകരിക്കില്ലയെന്നു പറയുകയും അതിന് എതിരെ പ്രക്ഷോഭം സൃഷ്ടിച്ച് ക്രമസമാധാന പ്രശ്നം ഉണ്ടാക്കുകയും ചെയ്യുന്നത് അപലപനീയമാണ്.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഇൻഹേരന്റ് റേസിസം (Inherent racism)

ഇൻഹേരന്റ് റേസിസം എന്ന പദം സമകാലീന സാമൂഹിക സാംസ്കാരിക മത പശ്ചാത്തലത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. മതപരമായ ആക്രമണങ്ങളും, അസഹിഷ്ണുതയും, ദുരുപയോഗവുമെല്ലാം "മതാന്തരം" എന്ന ഒരു വാക്കിൽ ഒതുക്കി നിർത്തുകയും അക്രമിക്കപ്പെടുന്നവരെ അവർ പോലുമറിയാതെ തകർക്കുകയും ചില മതങ്ങളെ ഇല്ലായ്മ ചെയ്യാൻ വേണ്ടി ഗൂഢ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നവർ സമൂഹത്തിന്റെ ഇരുണ്ട ഇടങ്ങളിൽ നിന്ന് അത് നിർബ്ബാധം തുടരുകയും ചെയ്യുന്നു എന്നതാണ് വാസ്തവം. സാമൂഹിക സൗഹാർദ്ദങ്ങളുടെ പേരിലോ താത്വികമായ സംവാദങ്ങളുടെയോ വിശകലനങ്ങളുടെയോ പേരിലോ അവയെല്ലാം കണ്ടില്ലെന്ന് നടിച്ച് താത്കാലിക സൗഹൃദങ്ങളുടെ പേരിൽ സ്വപ്ന സഞ്ചാരികളായി അവനവന്റെ മതത്തിന്റെ അന്തസത്തയെയും അതിന്റെ സ്വത്വപരമായ നിലനിൽപ്പിനേയും പറ്റി ആശങ്കപ്പെടാത്ത 'മതജീവികൾ' അത് നേതൃത്വമായാലും അനുചരൻമാരായാലും ഇന്നിന്റെ അപകടമാണ്. 'ഇൻഹേരന്റ് റേസിസം' എന്നതിനെ മലയാളത്തിലേക്ക് തർജ്ജമ ചെയ്താൽ ലഭിക്കുന്നത് സ്വാഭാവികമായ/പാരമ്പര്യമായ/അന്തർലീനമായ വംശീയത അഥവാ വർഗ്ഗീയത എന്നാണ്. നമുക്ക് വൈകാരികവും നൈസർഗ്ഗികവുമായി യാതൊരു പരിചയവും ഇല്ലാത്ത ഒരാളുടെ രൂപം, അയാളുടെ നിറം, അയാളുടെ സ്ഥലം, അയാളുടെ മതം, അയാളുടെ രാഷ്ട്രം, അയാളുടെ ഭാഷ, അയാളുടെ സംസ്ക്കാരം തുടങ്ങിയ മാനദണ്ഡങ്ങൾ വച്ച് അയാളെ വെറുക്കുന്നതിനോ, പേടിക്കുന്നതിനോ, പ്രതിരോധിക്കുന്നതിനോ ഒരാളോ ഒരു സമൂഹം കൂട്ടമായോ തന്നെ മാനസ്സികമായി തയ്യാറെടുക്കുന്ന അഥവാ രൂപാന്തരപ്പെടുന്ന ഒരു തലം തന്നെയാണ് 'ഇൻഹേരന്റ് റേസിസം' എന്നത്. ഇവിടെ ഒരാൾ അയാൾക്ക് ചിരപരിചിതമല്ലാത്ത ചിലതിനോട് അഥവാ ഇതുവരെ പരിചിതാനുഭവമില്ലാത്തതിനോട് ബോധപൂർവ്വമായി പുലർത്തുന്ന ഒരു സാമൂഹിക അകലത്തിൽ നിന്ന് പ്രതിരോധത്തിലേക്കും ആക്രമണ പരതയിലേക്കും മാറുകയും അത് നിരന്തരം സമൂഹത്തിന്റെയുള്ളിൽ ചില അലയൊലികൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അത് മതങ്ങൾക്കിടയിൽ രാജ്യങ്ങൾക്കിടയിൽ, വർഗ്ഗങ്ങൾക്കിടയിൽ, വർണ്ണങ്ങൾക്കിടയിൽ ആഭ്യന്തര പ്രശ്നങ്ങൾ കലാപങ്ങൾ രക്തച്ചൊരിച്ചിലുകൾ ഉൻമൂലനാശം വിതയ്ക്കൽ എന്നിവ സൃഷ്ടിക്കുന്നു.

അപരന്റെ മതചിഹ്നങ്ങളെ ബോധപൂർവ്വം അവഹേളിക്കുക, അപരന്റെ ദേവാലയങ്ങളിൽ അശുദ്ധ വസ്തുക്കളുടെ വർഷം നടത്തുക അപരന്റെ മതഗ്രന്ഥങ്ങളിലെ ആശയഗതികളെ അപഹസിക്കുക എന്നതിലൊക്കെ സമാദരണീയമല്ലാത്ത ഒരു വെറിയുടെ ചിന്താഗതിയാണ് നിലനിൽക്കുന്നത്. സമനിലയുള്ളവർക്ക് അങ്ങനെയൊന്നും ചെയ്യാൻ കഴിയുകയില്ല എന്ന് ചിന്താശക്തിയുള്ളവർ അംഗീകരിക്കുമെങ്കിലും ഇത്തരം ഭ്രാന്തമായ ആശയങ്ങൾ ഉള്ളിൽ കരുതി പ്രവർത്തിക്കുന്നവർ ആരായാലും അവർ മനുഷ്യരാശിക്ക് ചെയ്യുന്ന അപകടവും അനർത്ഥവും നിർണ്ണയാതീതമാണ്. സ്വാഭാവികമായി ലളിതമായി ജീവിക്കുന്ന മനുഷ്യാവസ്ഥയിൽപ്പോലും അങ്കലാപ്പുകളും ആശങ്കകളും സമൂഹത്തിന്റെ പൊതുവായ വിശ്വാസധാരകളുടെയും ധാരണകളുടെയും മേൽ പുകമറകൾ സൃഷ്ടിക്കുവാനും മാത്രമാണ് അവർ ശ്രമിച്ചിട്ടുള്ളത്. മനുഷ്യരാശിയുടെ ചരിത്രത്തിന്റെ ആരംഭം മുതൽ ഇത്തരം നിലപാടുകൾ സർവ്വനാശത്തിനും ആക്രമണപരതകൾക്കും മാത്രമേ വഴിയൊരുക്കിയിട്ടുള്ളു എന്ന് കണ്ടിട്ടും കാണാതെ അതിന്റെ പ്രേതബാധകളെ ഉപാസിക്കുകയല്ലാതെ ഉച്ചാടനം ചെയ്യാനുള്ള തീവ്രശ്രമങ്ങൾ ഉണ്ടാകുന്നില്ല എന്നത് ആപൽക്കരമാണ്. രക്തപങ്കിലതയുടെ സിംഹാസനങ്ങൾ സൃഷ്ടിച്ച് അതിൽ അടയിരിക്കാനും അടരാടാനും ആക്രോശിക്കാനും ശ്രമിക്കുന്ന ഏത് സമൂഹവും എന്ത് സമാധാനമാണ് മനുഷ്യരാശിക്ക് കൊണ്ട് വന്ന് തരിക.

മനുഷ്യചരിത്രം ആരംഭിക്കുന്നതു മുതൽ സമാധാന ചർച്ചകളും ആരംഭിച്ചിട്ടുണ്ടാകണം. ലോകത്ത് ഏറ്റവുമധികം ചർച്ചകൾ നടന്നിട്ടുള്ളതും സമാധാനത്തിന് വേണ്ടിയാകണം. സമാധാനം സംജാതമാകാൻ ശ്രമിക്കുന്നിടത്തെല്ലാം. പ്രതിസന്ധി സൃഷ്ടിക്കുന്നത് അവനവനിലുള്ള ആത്മവിശ്വാസക്കുറവും അപരനിലുള്ള വിശ്വാസക്കുറവുമാണ്. ഒരു മേശയ്ക്ക് ചുറ്റും ഇരിക്കാം എന്ന് ആയിരം വട്ടം ആവർത്തിക്കുമ്പോഴും ഈ സമാധാനത്തോട് എനിക്കത്ര മനസ്സില്ല എന്ന് പ്രതിവചിച്ചിട്ടാണ് വരിക. ഞാൻ ആലോചിക്കുകയാണ് ഒരു വട്ടമേശയ്ക്ക് ചുറ്റും സമാധാന ചർച്ചയ്ക്ക് വരിക എന്നത് തന്നെ സന്തുലിതമായ പരിഗണനകളും സമാദരണീയമായ വിശകലനങ്ങളും സമചിന്തയുള്ള ഭാവി പദ്ധതികളും സംഭവിക്കണം എന്നതായിരിക്കും. അവിടെ ശരിക്കും പരസ്പര പൂരകതയുള്ള ആശയഗതികളുടെ സംവേദനവും സമന്വയവും സംഭവിക്കും അപരനെ എങ്ങനെയാണ് എനിക്ക് വിശ്വസിക്കാനാവുക എന്ന തരത്തിലുള്ള ധാരണകളോടെയുള്ള മുൻവിധി ന്യായാന്യായങ്ങൾ ഒരു വട്ടമേശ സമ്മേളനങ്ങളെയും ശുഭകരമാക്കിയിട്ടില്ല.

"അപരന്റെ നീതി പങ്കിടലിൽ എനിക്ക് വിശ്വാസമില്ല എന്നിടത്ത് നിന്നാണ് നീതിക്ക് നീതി പീഠത്തിലേക്ക് വന്നത്. നീതി പീഠം വിധിതീർപ്പ് പറഞ്ഞപ്പോളാണ് നീതിക്ക് വട്ടമേശയിലൂടെയുള്ള സമാധാന ചർച്ച മതി എന്ന് തോന്നിയത്. ചർച്ച നീണ്ടപ്പോഴാണ് എന്റെ നിഴലിന്റെ കറുപ്പ് കണ്ടിട്ട് എനിക്ക് എന്റെ നിഴലിൽപ്പോലും വിശ്വാസമില്ലാതായിട്ട് ഏറെ നാളായെന്ന് ഞാൻ തിരിച്ചറിഞ്ഞത് പിന്നെയും തിരിച്ചറിവുകൾക്ക് വേണ്ടി എന്റെ ജീവിതം ബാക്കി!!!"



E-mail: fr.thirumangalam@gmail.com



ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണത്തിന് പ്രധാനമന്ത്രിയുടെ ഫെലോഷിപ്പ് ലഭിച്ച അജയ് ജോൺ ചെമ്മനം. മുളക്കുളം മണ്ണുക്കുന്ന് സെന്റ് മേരീസ് കത്തീഡ്രൽ അംഗം. മാവേലിക്കര ബിഷപ്പ് മൂർ കോളജ് റിട്ട. പ്രൊഫ. ജോൺസൺ ചെമ്മനത്തിന്റെയും ആനിയുടെയും മകൻ.



കോന്നി വട്ടക്കാവ് സെ. പീറ്റേഴ്സ് & സെ. പോൾസ് ഇടവകാംഗം ചേരിമുക്ക് വാർവിളാകം പുത്തൻവീട്ടിൽ വി.ജി. സാമുവേലിന്റെയും സാലിയുടെയും മകൾ. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും മോളിക്യുലർ ബയോളജിയിൽ പി.എച്ച്.ഡി. നേടിയ ലിജു സാമുവേൽ. ഭർത്താവ് : സ്മിൻജു.

on the occasion of completing

25th year of blessed wedding life



KURIAN ABRAHAM (SABU) & MINIMOL CHACKO


KANANTHARA KIZHAKKEMURIYIL HOUSE

THOTTABHAGOM P.O THIRUVALLA

മക്കൾ

SANI KURIAN & SANO KURIAN

For Favours Received



ഒരു വിശ്വാസി

ORTHODOX CHRISTIAN YOUTH MOVEMENT

ST. THOMAS ORTHODOX CATHEDRAL, DUBAI

P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com, www.stthomasocymdubai.org

ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതി

EDIFY CARE

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് **എഡിഫൈ കെയർ**. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു എന്നതിന്റെ പേരിൽ മാത്രം കഴിവുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുന്ന നമ്മുടെ സഭാംഗങ്ങളായ കുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. 2020-21 അധ്യയനവർഷത്തിലേക്ക് എം.ബി.ബി.എസ്. / എൻജിനീയറിംഗ് / ബി.എസ്.സി. നഴ്സിംഗ് എൻട്രൻസിൽ മെറിറ്റ് മുഖേന ഉപരിപഠനത്തിനു യോഗ്യത നേടുന്ന അർഹതയുള്ള ഒരു വിദ്യാർത്ഥി / വിദ്യാർത്ഥിനിക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുവേണ്ട മുഴുവൻ ചെലവുകളും പ്രസ്ഥാനം വഹിക്കും. ഇതിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടെ, The President, St. Thomas Orthodox Cathedral Youth Movement, P. O. Box: 2563, Dubai, U.A.E. എന്ന വിലാസത്തിൽ സാധാരണ തപാൽ വഴിയായോ, ocymdubai@gmail.com എന്ന ഇമെയിലിലൂടെയോ 2020 നവംബർ 20-ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയച്ച് തരേണ്ടതാണ്.

അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും:

ocymdubai@gmail.com / Whatsapp numbers: 00971552005742, 00971508281440.



മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ

സൗഖ്യദാന ശുശ്രൂഷയുടെ 5 പതിറ്റാണ്ടുകൾ

ഫാ. ജോൺ കുര്യാക്കോസ്
(ചാപ്ലയിൻ, എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ) കോലഞ്ചേരി

ആതുരശുശ്രൂഷാരംഗത്ത് മഹത്തായ സംഭാവനകൾ നൽകിക്കൊണ്ട് മലങ്കരസഭയുടെ അക്ഷയനാമം പേറുന്ന മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രി സേവനത്തിന്റെ അരനൂറ്റാണ്ട് പിന്നിടുകയാണ്. പുണ്യശ്ലോകനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ദീപ്തമായ സ്മരണക്കായി 1964 ജൂൺ ഏഴാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ശിലാസ്ഥാപനം നടത്തി നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയിൽ പങ്കാളികളാകുവാനുള്ള മഹായജ്ഞത്തിന് തുടക്കം കുറിച്ചു. അതിന്റെ നേതൃനിരയിൽ നിന്ന് പ്രവർത്തിച്ചത് പുണ്യശ്ലോകരായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, യശഃശ്ശരീരനായ എം. ചാക്കോപ്പിള്ള എന്നീ മഹാരഥന്മാരായിരുന്നു. 100 കിടക്കകളും, 4 ഓപ്പറേഷൻ തിയേറ്ററുകളും, മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഒഫ്താൽമോളജി എന്നീ വിഭാഗങ്ങളുമായാണ് ആരംഭം. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിലെ മികച്ച ആശുപത്രികളിൽ നിന്നും പ്രഗത്ഭരായ ഡോക്ടർമാരെ ഇവിടെ കൊണ്ടുവരുവാൻ ശ്രീ.എം.ചാക്കോപ്പിള്ള കാണിച്ച താല്പര്യം ഇതിന്റെ അടിസ്ഥാനത്തിന് കരുത്തേകി. ആശുപത്രിയുടെ ഡയറക്ടറായി ഡോ. കെ.സി. മാമ്മന്റെയും അസോസിയേറ്റ് ഡയറക്ടർമാരായി ഡോ. ചാക്കോ ജോർജ്, ഡോ. ജോൺ കെ. വെട്ടത്ത്, ഡോ. പോൾ പുത്തൂരാൻ എന്നിവരുടെയും മറ്റ് 23 പ്രഗത്ഭരായ ഡോക്ടർ മാരുടെയും സേവനം അന്ന് ലഭ്യ മാക്കിയിരുന്നു. 1972 ഫെബ്രുവരി 3-ാം തീയതി അന്നത്തെ ഇന്ത്യൻ പ്രസിഡണ്ടായിരുന്ന ശ്രീ.വി.വി. ഗിരി കമ്മ്യൂണിറ്റി ഹെൽത്ത് പ്രോജക്ട് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ ആരോഗ്യ ബോധവൽക്കരണം, സൗജന്യ പരിശോധന, രോഗനിർണ്ണയം, സൗജന്യ ചികിത്സ, ആരോഗ്യ വിദ്യാഭ്യാസം എന്നീ പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾ മുൻനിർത്തി അഖിലലോക സഭാ കൗൺസിലിന്റെയും കോലഞ്ചേരിയിലെയും സമീപ പ്രദേശങ്ങളിലെയും പൊതുജനങ്ങളു ടെയും പങ്കാളിത്തത്തോടെ മഴുവന്നൂർ, വെട്ടിക്കൽ, കുന്നയ്ക്കാൽ, കുന്നക്കുരുടി, നെച്ചൂർ, കണ്ടനാട് എന്നിവിടങ്ങളിലായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആരംഭിച്ചു. 25 വർഷത്തെ ആതുരശുശ്രൂഷാരംഗത്തുള്ള ക്രമാനുഗതമായ വളർച്ചയുടെ പടവുകൾ പിന്നിടുമ്പോൾ 600 കിടക്കകളും 20 ചികിത്സാവിഭാഗങ്ങളും 7 സൂപ്പർ സ്പെഷ്യാലിറ്റികളും കൂടാതെ നഴ്സിംഗ് പാരാമെഡിക്കൽ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ഒരു ബൃഹത്തായ സ്ഥാപനമായി വളർന്നു. വിവിധ കോഴ്സുകളിലായി 800 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ചാപ്പൽ, സ്ഥാപനത്തിന്റെ ആത്മീയ കേന്ദ്രവും, ആശ്വാസവുമാണ്. ഓരോ യാമപ്രാർത്ഥനകൾക്കും വിദ്യാർത്ഥികളുടെയും ആശുപത്രിയിൽ താമസിക്കുന്നവരുടെ സാന്നിധ്യം നിറവേകുന്നു.

ജൂബിലി വർഷം (2019-2020) മെഡിക്കൽ മിഷൻ അനേകജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമൂഹത്തിലെ നിർധനരായ 100 ഹൃദ്രോഗികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ, 1000 നേത്രരോഗികൾക്ക് സൗജന്യ തിമിര ശസ്ത്രക്രിയ, വിവിധ ചികിത്സാ വിഭാഗങ്ങൾ സൗജന്യ മായി നടത്തുന്ന ബോധവൽക്കരണ, രോഗനിർണ്ണയ ക്യാമ്പുകൾ, വിദ്യാർഥികൾക്കും പൊതുസമൂഹത്തിനു മായി നടത്തിയ മെഗാ മെഡിക്കൽ എക്സിബിഷൻ, ആരോഗ്യ പരിപാലനജീവൻ രക്ഷാമാർഗ്ഗങ്ങളെക്കുറിച്ച് എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളെ മുൻനിർത്തി സംസ്ഥാന-സംസ്ഥാനന്തര സമ്മേളനങ്ങൾ എന്നിവ ഈ പദ്ധതികളിലെ പ്രധാനപ്പെട്ടവയാണ്. മലങ്കര ഓർത്തഡോക്സ് സഭ യുടെ പരമാധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസിഡന്റും, കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത, കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഡോ. ശശി എള്ളൂർ എന്നിവർ വൈസ് പ്രസിഡന്റുമാരായും, എം.ഒ.എസ്.സി. മെഡിക്കൽ മിഷന്റെ സെക്രട്ടറിയും സി.ഇ.ഒ.യുമായി ശ്രീ. ജോയി പി. ജേക്കബും, ട്രഷററായി ശ്രീ. അജു ജേക്കബും, ഓർഗനൈസിംഗ് സെക്രട്ടറിയായി ശ്രീ. സണ്ണി കെ. പീറ്ററും നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്നു.



പൈതൃക ഭാഷ്യം

വേദ വ്യാഖ്യാനങ്ങൾക്ക് സുദീർഘമായ പാരമ്പര്യമുണ്ട്. വേദത്തോളം തന്നെ പഴമ ഭാഷ്യങ്ങൾക്കും ഉണ്ട്. പിതാക്കന്മാരുടെ ഭാഷ്യ തന്ത്രം (Hermeneutics) ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. എങ്ങനെ എപ്രകാരം വായിക്കണമെന്നും വ്യാഖ്യാനിക്കണമെന്നും പൗരസ്ത്യ പിതാക്കന്മാർ ധാരാളം പഠിപ്പിച്ചിട്ടുണ്ട്.

പിതാവായ ഒറിഗൻ ഒരിക്കൽ ഒരു ശിഷ്യന് എഴുതി. നീ യവന ദർശനങ്ങളിൽ എല്ലാം നിപുണൻ ആകുന്നു. പക്ഷേ തിരുവചനം ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. അതല്ല എങ്കിൽ, ചിന്തിക്കുന്നതിനേക്കാൾ വേഗത്തിൽ നമ്മൾ സംസാരിച്ചു തുടങ്ങും. അത് ആപത്താണ്. തിരുവചനം വായിക്കണം. വിശ്വാസത്തോടെയും ദൈവത്തിന് പ്രീതികരമായ താല്പര്യത്തോടെയും അത് വായിക്കണം. വായിക്കുമ്പോൾ അടഞ്ഞ വാതിലുകൾ ഉണ്ടാവും. അവയുടെ മുൻപിൽ പ്രതീക്ഷയോടെ മുട്ടണം. മുട്ടുന്നവന് 'വാതിൽ കാവൽക്കാരൻ തുറന്നുകൊടുക്കുന്നു'. അവിടെയും വായനയുടെ പരിശ്രമം അവസാനിക്കുന്നില്ല. മറഞ്ഞുകിടക്കുന്ന മർമ്മങ്ങൾ പിന്നെയും ഉണ്ടാവും. ഉറച്ച വിശ്വാസത്തോടെ അന്വേഷിക്കണം. മുട്ടിയതും അന്വേഷിച്ചതും കൂടാതെ വേദ വായനയിൽ അടുത്ത തലവും ഉണ്ട്- ചോദിക്കണം! ഇവിടെ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത് പ്രാർത്ഥനയാണ്.

വായിച്ച് വിശ്വാസം ഉണ്ടാവുക എന്ന് ഒരു പക്ഷേ നമ്മൾ കേട്ടിട്ടുണ്ടാവും. പക്ഷേ ഇവിടെ പിതാവ് ആവശ്യപ്പെടുന്നത് നേരെമറിച്ച് ഉള്ള അനുഭവമാണ്. വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും വേദം വായിക്കണം എന്ന്.

പ്രാർത്ഥനയോടെ മാത്രം വ്യാഖ്യാനിക്കേണ്ട താണ് തിരുവചനം.

AT

വൈദിക ചരമം



മാത്തൂർ പറപ്പള്ളിൽ ഫാ. പി.ജി. ഗീവർഗീസ് നിര്യാതനായി. തുമ്പമൺ ഭദ്രാസനത്തിലെ സീനിയർ വൈദികനും ഇരുപതിൽപരം ദേവാലയങ്ങളിൽ വികാരിയുമായിരുന്നു. സഹധർമ്മിണി: മല്ലശ്ശേരി മങ്ങാട്ട് വാലുപറമ്പിൽ വി.ജി. ഏലിയാമ്മ.

സാമ്പത്തിക സംവരണം സാമൂഹിക സമത്വത്തിലേക്ക് നയിക്കും

അഡ്വ. ബിജു ഉമ്മൻ


സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും മറ്റ് സംവരണം ഒന്നും ഇല്ലാത്തവരുമായ മുന്നാക്ക വിഭാഗക്കാർക്ക് സർക്കാർ ജോലിക്ക് 10% സംവരണം ഏർപ്പെടുത്താനുള്ള നീക്കം സ്വാഗതാർഹമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. സാമ്പത്തിക പിന്നാക്കാവസ്ഥ കൂടി പരിഗണിച്ച് മുന്നാക്ക വിഭാഗത്തിൽ ഉള്ളവർക്ക് ജോലി സംവരണം നൽകുന്നത് സാമൂഹിക സമത്വത്തിലേക്കുള്ള സഞ്ചാരം വേഗത്തിലാക്കും. സംവരണ തത്വങ്ങൾ അർത്ഥപൂർണ്ണം ആകണമെങ്കിൽ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകണം. ഇത് സംബന്ധിച്ച ചട്ട ഭേദഗതി വിജ്ഞാപനം മുൻകാല പ്രാബല്യത്തോടെ ഉടൻ പുറപ്പെടുവിക്കണമെന്നും അഡ്വ. ബിജു ഉമ്മൻ ആവശ്യപ്പെട്ടു.



പരുമല : കാഴ്ചകളുടെ ലോകത്ത് മനുഷ്യന്റെ നിസ്സഹായാവസ്ഥകളിൽ പരുമലതിരുമേനിയുടെ മദ്ധ്യസ്ഥത സഹായമാകുമെന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ ബ്ലസ്സി പറഞ്ഞു. പരുമല പെരുന്നാളിനോടനുബന്ധിച്ചുള്ള ഗ്രിഗോറിയൻ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സെറാമ്പൂർ സർവകലാശാല പ്രസിഡന്റ് ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നടത്തി. അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ.എം.സി.കുര്യാക്കോസ്, ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു.


പുസ്തകശാല



ഇതാ നിന്റെ അമ്മ

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്.


ദൈവമാതാവിനെക്കുറിച്ചുള്ള സമഗ്രമായ വിശകലനം 11 അദ്ധ്യായങ്ങളിൽ . പ്രഭാഷകർക്ക് പ്രയോജനപ്പെടുംവിധം ഓരോ അധ്യായവും ഏട്ട വിജ്ഞാനം നൽകി അവതരിപ്പിക്കുന്നു. വേദപഠിതാക്കൾക്കും പ്രഭാഷകർക്കും അത്യന്തം പ്രയോജനകരം. അവതാരിക : ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം പേജ് 148 വില 120



വചന വേദിയിൽ

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്.

വചനവേദിയിലെ നാലു പതിറ്റാണ്ടുകളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന കൃതി. സുവാർത്തയുടെ പരിസഞ്ചാരങ്ങൾ അടയാളപ്പെടുത്തുന്ന പുസ്തകം. സങ്കടത്തീയിൽ നാവുരുകിപ്പോയ പാവം മനുഷ്യരുടെ മഹാമൗനങ്ങളിലേക്കിറങ്ങിച്ചെന്ന് സദ്‌വർത്തമാനം പകരാൻ ഈ ഗ്രന്ഥം പ്രചോദിപ്പിക്കുന്നു. അവതാരിക : ഡോ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ, സി.എസ്.എസ്. ബുക്സ്, തിരുവല്ല; വില 150.



Letter from Boop Buckets

Sreya Susan Solu

അക്ഷരങ്ങൾ കൊണ്ട് ഹൃദ്യവും സുന്ദരവുമായ ഭാവാവിഷ്കാരം അവതരിപ്പിക്കുന്നു. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ ശ്രേയ സൂസൻ സോളുവിന്റെ ഇംഗ്ലീഷിലുള്ള രണ്ടാമത്തെ ഗ്രന്ഥം. കൊല്ലം ഭദ്രാസന സെക്രട്ടറി ഫാ. സോളു കോശിയുടെ മകൾ. അവതാരിക : ഡോ. യാക്കോബ് മാർ ഐറേനിയോസ്. സാഹിതി ബുക്സ് തിരുവനന്തപുരം, വില: 150

അനുമോദനങ്ങൾ



തലവൂർ സെ. മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമായ ഡോ. സാബു തോമസ്. തിരുവനന്തപുരത്ത് കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനമായ രാജീവ് ഗാന്ധി സെന്റർഫോർ ബയോ ടെക്നോളജി (RGCB) യിൽ സീനിയർ സയന്റിസ്റ്റ്. ഡോ. സാബു അന്റിബയോട്ടിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം മൂലമുള്ള പ്രതിസന്ധിയെ നേരിടാൻ കേരളാ സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതിയിലും ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ (ICMR) ജലജന്യ രോഗങ്ങളുടെ ഗവേഷണ പദ്ധതിയുടെ ടെക്നിക്കൽ എക്സ്പേർട്ട് കമ്മറ്റിയിലും അംഗമാണ്. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് ഇംഗ്ലീഷ് വിഭാഗം മേധാവി ജിജിയാണ് ഭാര്യ. മക്കൾ: ഡോ. അശ്വിൻ, മെർവിൻ.



തേക്കുതോട് സെ. തോമസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ജിൻസ് ഇൻഡ്യൻ കമ്പനിയിൽ മതാദ്ധ്യാപകനായി നിയമിതനായി. തണ്ണിത്തോട് പാലമൂട്ടിൽ പാപ്പച്ചന്റെയും ഫിലോമിനയുടെയും മകൻ. സഹധർമ്മിണി: സിന്ധു വലിയവീട്ടിൽ, മകൾ: ഹെയിൽ.

14[TH] DEATH ANNIVERSARY

27-11-2020



In loving Memory of

K. M. THOMAS

Kadavil House,
Kesavadasapuram, Trivandrum

Prayers & remembrance

40-ാം ചരമ ദിനം

(12-11-2020)



E. J. Mammen

Kuttipeedikayil,
Ullannoor P.O
Pandalam,
Pathanamthitta Dist

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്ന
പ്രത്യാശയോടെ

By sorrowing Family

23-ാം ചരമ വാർഷികം

(18-11-2020)



കോര ഈപ്പൻ

(കറിയാച്ചൻ)

വായ്പ്പൂക്കര, നെല്ലിശ്ശേരിൽ
കൊല്ലാട്, കോട്ടയം

സന്തപ്ത കുടുംബാംഗങ്ങൾ

സ്നേഹ സ്മരണ

11-ാം ചരമ വാർഷികം,
9-11-2020



Very. Rev. M.T. Joseph Cor-Episcopa

Thekkel Mary Bhavan
Makkamkunnu
Pathanamthitta



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും BCom. LLB പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആനി സൂസൻ വർഗീസ്. കുറിച്ചി വലിയ പള്ളിയിൽ നെടിയത്ര ജോജി വർഗീസിന്റെയും റീനാ ജോജിയുടെയും മകൾ.



കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റിയിൽ നിന്നും (BA English) ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി ജെസ്സി മറിയം ടൈറ്റസ്. പള്ളിപ്പാട് സെ. ജോർജ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ മോറോത്ത് വീട്ടിൽ ടൈറ്റസ് വർഗീസിന്റെയും മഞ്ജു ടൈറ്റസിന്റെയും മകൾ.



എം.ജി. സർവ്വകലാശാലയിൽ നിന്നും എൻവയോൺമെന്റൽ സയൻസിൽ പി.എച്ച്.ഡി. നേടിയ ഡോ. ജെനി മേച്ചേരി. അമയന്നൂർ കാരോട്ടുകുന്നേൽ സെ. മേരീസ് ഇടവകാംഗം. അമയന്നൂർ ഉടുമ്പനാട്ട് ഡോ. എബിൻ വർഗീസിന്റെ സഹധർമ്മിണിയുമാണ്.



APJ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിൽ (കേരളം) നിന്നും B.Tech ബയോടെക്നോളജി എഞ്ചിനീയറിംഗിൽ ഒന്നാം റാങ്ക് നേടിയ ജോയൽ എബ്രഹാം. കാരിച്ചാൽ സെന്റ് ജോർജ് പള്ളി ഇടവകാംഗവും, കാരക്കുളത്തിൽ കിഴക്കേതിൽ എബ്രഹാമിന്റെയും സൂസൻ എബ്രഹാമിന്റെയും മകൻ.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും BBA LLB പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ നിയാ ജോൺ. ഉമ്മന്നൂർ മാർ ശെമവൂൻ ദെസ്തൂനി ഇടവകയിൽ പകലോമറ്റത്തിൽ അഡ്വ. ജോൺ എം. ജോർജിന്റെയും ബിന്ദു ജോണിന്റെയും മകൾ.



സ്ലീബാദാസ സമൂഹത്തിന്റെ 96-ാം വാർഷികം ആചരിച്ചു. പരിശുദ്ധ സഭയുടെ പുരാതനമായ പ്രസ്ഥാനത്തിലെ പിൻ തലമുറക്കാരായ നാം ഓരോരുത്തരും സഹനത്തിന്റെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ കുരിശിന്റെ സ്നേഹിതന്മാരാകുമ്പോഴാണ് ഉത്തമ മനുഷ്യനായിത്തീരുന്നതെന്നും അതുവഴി സമൂഹത്തിന് നാം മാതൃകയായി പ്രവർത്തിക്കണമെന്നും സമാപന സമ്മേളനത്തിൽ അധ്യക്ഷനായിരുന്ന ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ഓർമ്മിപ്പിച്ചു. സമൂഹം ജനറൽ സെക്രട്ടറി ഫാ. സോബു കെ. സാമുവേൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വെരി. റവ. ശമുവേൽ റമ്പാൻ, കെ. കെ. ജോർജ്, റെജി മാത്യു, വി.കെ. വർഗീസ് എന്നിവർ പ്രസംഗിച്ചു.



യു.കെ.യിലെ ഷെഫീൽഡ് യൂണിവേഴ്സിറ്റിയിൽ നിന്നും സിസ്റ്റം എഞ്ചിനീയറിംഗിൽ Phd നേടിയ ജിനി റോബിൻസൺ. തൃശൂർ സെ. ഇഗ്നാത്തിയോസ് പള്ളിയിൽ കോലഞ്ചേരി വീട്ടിൽ അഡ്വ. റോബിൻസൺ പോളിന്റെയും സാറാമ്മ റോബിൻസന്റെയും മകൾ.



തിരുനെൽവേലി Manonmaniam Sundaranar യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടേഷണൽ ഫിസിക്സിൽ PhD നേടിയ ബിന്ദു സാം. ഇഞ്ചപ്പാക്കം സെ. മേരീസ് ഇടവകാംഗം. അഡ്വ. കെ. ജോർജ് കൊടുവത്തിന്റെ മകളും ഡോ. എബി സാമിന്റെ (ഡയറക്ടർ, ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി) ഭാര്യയുമാണ്.

10th Death Anniversary
20 October 2020



P. GEORGE

The great man who taught us to uphold the values and faith is in the land of goodness praying for all of us!!

- With all the fond memories and prayers

Mrs. Ponnamma George(Galeela/ Thottamkara) Chennithala
and all the family members

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2018-20
License No. KL/CR/KTM/WPP-23/2018-20
Licensed to Post Without Pre-Payment

Published on
10 November/2020

പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ

തോമാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ 49-ാം ഓർമ്മപ്പെരുന്നാൾ


2020 ഡിസംബർ 2, 3 തീയതികളിൽ
പത്തനാപുരം മൗണ്ട് താബോർ ദയറായിൽ




അഭി. തോമാ മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്താ



പ. ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ
കാതോലിക്കാ ബാവാ



അഭി. സഖറിയാസ് മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്താ



അഭി. ജോബ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്താ

പെരുന്നാൾ ആശംസകളോടെ,
പത്തനാപുരം മൗണ്ട് താബോർ ദയറാ പ്രസ്ഥാനങ്ങൾ

PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1649, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.